# ജൈവവൈവിധ്യ ആക്ട്, 2002 & ജൈവവൈവിധ്യ ചട്ടങ്ങൾ, 2004

(ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഇന്ത്യ)

*മലയാളം പരിഭാഷ*

**എൽസി മാത്യു**

**എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ**

**സാമൂഹിക കാർഷിക ജൈവവൈവിധ്യ കേന്ദ്രം**

**വയനാട്, കേരളം – 673 121**

# THE BIOLOGICAL DIVERSITY ACT, 2002 & BIOLOGICAL DIVERSITY RULES, 2004

The National Biodiversity Authority
475, 9th south cross street, Kapaleeswarar Nagar,
Neelangarai, Chennai - 600 041

Malayalam Translation

*Translation*
Elsy Mathew

*Executive Editor*
Dr. N. Anil Kumar

*General Editor*
Adv. A.K. Lohithakshan

*Publication Number*

*Date of Publication*
July, 2005

*Type Setting and compilation of illustrations*
Elsy Mathew

*Illustrations**
Sri. Ayyappan Master

*Design & Layout*
Rafeeque M. Puthoorvayal

*Printed at*

*Published by*
M. S. Swaminathan Research Foundation
Community Agrobiodiversity Centre, Kalpetta
Wayanad, Kerala - 673 121
Ph: 04936 - 20 4477, 20 7019, Tele Fax : 207019, E-mail: cabcmssrf@eth.net

*Few pictures are reproduced from : CIP-UPWARD 2003 Conservation and Sustainable Use of Agricultural Biodiversity: A Source Book, International Potato Centre-Users Perspectives with Agricultural Research and Devlopment, Los Banos, Laguna, Philippines . 3 Volumes

# FOREWORD

# ആമുഖം

മനുഷ്യന്റെ പെരുമാറ്റം ചിട്ടപ്പെടുത്തുന്ന ഒരു സാമൂഹ്യ ശാസ്ത്രമാണ് നിയമം. ഒരു നിയമം തടസ്സമില്ലാതെ പ്രാവർത്തികമാക്കാൻ കഴിയണമെങ്കിൽ ആ നിയമം എന്താണെന്നും എന്തിനാണെന്നും ജനങ്ങൾ അറിഞ്ഞിരിക്കണം. നിയമം അറിഞ്ഞിരിക്കുന്നത് സാമൂഹ്യമായി ഒരു കരുത്താണ്. നിയമബോധം സാധാരണബോധത്തിന് കരുത്ത് നൽകും. പക്ഷേ നമുക്ക് ഒരുപിടി നിയമങ്ങളുണ്ടല്ലോ. ഇതൊക്കെയും അറിഞ്ഞിരിക്കണമെന്ന് പറയാനൊക്കുമോ? തീർച്ചയായും ഇല്ല. എന്നാൽ നമ്മുടെ ജീവിതസാഹചര്യങ്ങളേയും ജീവിതോപാധികളേയും നിയന്ത്രിക്കുന്ന ചില കാര്യങ്ങളുണ്ട്. ഉദാഹരണത്തിന് വിത്തുകൾ, അവയുടെ ഇനങ്ങൾ എന്നിവയുടെ ഉല്പാദനത്തിനും, ശേഖരണത്തിനും, കൈമാറ്റത്തിനും, ഉടമസ്ഥതയ്ക്കും വ്യത്യസ്ഥതയാർന്ന നിയമ വശങ്ങളുണ്ട്. മേൽപ്പറഞ്ഞ വിഭവങ്ങളിൽ കൃഷിക്കാരന് ചില അവകാശങ്ങളുണ്ട്. ഏറ്റവും വലിയ ക്രമക്കേടുകളും ചൂഷണങ്ങളും നടമാടാനിടയുള്ള ഈ രംഗം ബഹുജനശ്രദ്ധയാകർഷിക്കാൻ തുടങ്ങുന്നതേയുള്ളു. ഈ സാഹചര്യത്തിലാണ് ഇൻഡ്യാ ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള "വിത്തിനങ്ങളുടെയും കൃഷിക്കാരുടെ അവകാശങ്ങളുടെയും സംരക്ഷണനിയമം "ജൈവവിധ്യ സംരക്ഷണനിയമം" "വിത്ത് നിയമം" എന്നിവ പ്രധാന്യമർഹിക്കുന്നത്. ഇവയെപ്പറ്റിയുള്ള സാമാന്യബോധവും, അവ ഉപയോഗിക്കാനുള്ള കഴിവും സാധാരണക്കാരിൽ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കിയതാണ് ഈ ചെറിയ പുസ്തകം. കൃഷിക്കാരുടെ, പ്രത്യേകിച്ച് പരമ്പരാഗത വിജ്ഞാനം കൈമുതലായുള്ള ആദിവാസികളുടെ ഈ രംഗത്തുള്ള പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനും അവരുടെ സഹായത്തിനെത്താനും വേണ്ട നിയമ ബോധമുള്ള ഒരു പറ്റം ചെറുപ്പക്കാരെ വാർത്തെടുക്കുവാനുള്ള ഈ സംരഭത്തിന് ഈ പുസ്തകം പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രൊഫ. എം. കെ. പ്രസാദ്**
62, ഗിരിനഗർ, കൊച്ചി
13-07-05

# അവതാരിക

ജൈവവൈവിധ്യ സംരക്ഷണം ഒരാഗോള പ്രശ്നമാണ്. പരിസ്ഥിതി നാശത്തിന്റെ പരിണിതഫലത്തിന്റെ ഭീഷണി തിരിച്ചറിഞ്ഞതിന്റെ ഫലമാണ് 1972-ലെ സ്റ്റോക്ക് ഹോം സമ്മേളനവും പരിസ്ഥിതി സംരക്ഷണ പ്രഖ്യാപനവും. തുടർന്ന് ഒട്ടേറെ സമ്മേളനങ്ങൾ ഐക്യരാഷ്ട്ര സഭ മുൻകൈയ്യെടുത്ത് വിളിച്ചുകൂട്ടുകയുണ്ടായി. അതിൽ പ്രധാനമാണ് 1992-ൽ ബ്രസീലിലെ റിയോ-ഡി -ജനീറോയിൽ നടന്ന ഭൗമ ഉച്ചകോടി; അതിൽ വെച്ച് ഒരു ജൈവവൈവിധ്യ ഉടമ്പടി അംഗീകരിക്കപ്പെട്ടു. വികസനത്തിന്റെ ഒരു പുനർചിന്തനത്തിന്റെ പാതയിലാണ് ഇന്ന് ലോകരാഷ്ട്രങ്ങൾ.

പരിസ്ഥിതി സംബന്ധമായി നമ്മുടെ രാജ്യവും ചില ആക്ടുകൾ പാസാക്കിയിട്ടുണ്ട്. 1972-ൽ വന്യ ജീവി ആക്ട്, തുടർന്ന് ജല ആക്ടും മറ്റും പാർലമെന്റ് പാസാക്കി (അനുബന്ധം). വന്യജീവി സംരക്ഷണ ആക്ട് വന്യജീവികളുടെ മാത്രം സംരക്ഷണം ഉദ്ദേശിച്ചായിരുന്നു. വന്യവും അല്ലാത്തതുമായ സസ്യങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതിന്റെ ഫലമാണ് ജൈവവൈവിധ്യ ആക്ട് 2002. ജൈവവൈവിധ്യ സംരക്ഷണ കാര്യത്തിൽ പരമ്പരാഗതമായി സ്വീകരിച്ചുപോന്ന നടപടികൾക്കും സമ്പ്രദായങ്ങൾക്കും നയങ്ങൾക്കും അംഗീകാരം നൽകുന്ന വ്യവസ്ഥകളാണ് ഈ ആക്ടിന്റെ ഏറ്റവും വലിയ സവിശേഷത. ആക്ടിന്റെ അധികാരവും ചുമതലകളും ഉള്ള ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡും പഞ്ചായത്ത് ജൈവവൈവിധ്യ കമ്മിറ്റികളും ആക്ടിൽ പറയുന്നുണ്ട്. അതോടൊപ്പം ഓരോ പൗരനും എന്തു ചെയ്യാൻ കഴിയുമെന്നും ചെയ്യണമെന്നും ഉള്ളതിന്റെ സൂചനകളും ആക്ടിലുണ്ട്.

നമ്മുടെ സുപ്രീം കോടതി ഒരു വിധിയിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി. മനുഷ്യരുടെ പെരുമാറ്റം ചിട്ടപ്പെടുത്തുന്ന ഒന്നാണ് നിയമം. എന്നാൽ സമൂഹാംഗങ്ങളാൽ സ്വാഗതം ചെയ്യപ്പെടാത്ത ഒരു നിയമത്തിനും ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുകയില്ല. നിയമത്തിന് സുഗമായി പ്രവർത്തിക്കുവാൻ കഴിയണമെങ്കിൽ, ആ നിയമം അനുശാസിക്കുന്നതെന്താണെന്നും എന്തിനാണെന്നും ജനങ്ങൾ അറിഞ്ഞിരിക്കണം. അപ്രകാരം അനുശാസിക്കുന്നതിന്റെ പിന്നിൽ അനുസരണീയമായ ഒരു തത്വം ഉണ്ടെന്നും ജനങ്ങൾ അറിഞ്ഞിരിക്കണം. നിയമം അനുശാസിക്കുന്നതനുസരിച്ച് പെരുമാറ്റം ചിട്ടപ്പെടുത്തേണ്ടതിന്റെ അനിവാര്യത ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സമർത്ഥമായ നടപടികൾ സ്വീകരിക്കുകയാണിതിന് വേണ്ടത്. സുപ്രീംകോടതിയുടെ ഈ ഉദ്ധരണിയാണ് ഇംഗ്ളീഷിലുള്ള 'The Biological Diversity Act 2002 and Biological Diversity Rules 2004' *ജൈവവൈവിധ്യ ആക്ട്, 2002 & ജൈവവൈവിധ്യ ചട്ടങ്ങൾ 2004* എന്നപേരിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ഞങ്ങളുടെ പ്രചോദനം. പരിഭാഷ കഴിയുന്നത്ര ലളിതമാക്കുവാൻ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ നിയമഭാഷയുടെ പ്രത്യേക ശൈലിയും പ്രയോഗങ്ങളും കാരണം അതിൽ പരിപൂർണമായി വിജയിച്ചിട്ടുണ്ട് എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ഇതിൽ കൈകാര്യം ചെയ്തിരിക്കുന്ന വിഷയത്തോടൊപ്പം നമ്മുടെ നിയമഭാഷയുമായി അല്പമൊന്ന് പരിചയപ്പെടുവാൻ വായനക്കാർക്ക് ഇത് പ്രയോജനപ്പെടുമെന്ന് കരുതുന്നു.

ജൈവവൈവിധ്യ ആക്ട്, 2002–ൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട ചില നിർവചനങ്ങളുടെയും പ്രധാനപ്പെട്ട ചില വകുപ്പുകളുടെയും അർഥം ലളിതമായി സംക്ഷിപ്തരൂപത്തിൽ താഴെ പ്രതിപാദിക്കുന്നു

**1. ജൈവവൈവിധ്യം (Biodiversity)**

ഭൂമിയിൽ എന്തെല്ലാമുണ്ടോ, അവയെ ജീവനുള്ളവയെന്നും ജീവനില്ലാത്തവയെന്നും രണ്ടായി തരം തിരിക്കാം. ജീവനുള്ളവ ജൈവവസ്തുക്കൾ; ജീവനില്ലാത്തവ അജൈവ വസ്തുക്കൾ. ഏറ്റവും ചെറിയ നെയ്യുറുമ്പ് മുതൽ കൂറ്റൻ ആന വരെയുള്ള പല വലിപ്പത്തിലും ആകൃതിയിലുമുള്ള അനവധി ജന്തുക്കൾ ഭുമിയിലുണ്ട്. നദികളിലും കായലുകളിലും തടാകങ്ങളിലും ചതുപ്പുപ്രദേശങ്ങളിലും അങ്ങനെ എവിടെയെല്ലാം ജലമുണ്ടോ അവിടെയെല്ലാം മത്സ്യം, പാമ്പ് തുടങ്ങിയ പലതരം ജീവികളുമുണ്ട്. തവള, ആമ, ഞണ്ട് മുതലായ ഉഭയജീവികളുമുണ്ട്. ശവംതീനികളായ കഴുകൻമാരും പൂക്കളിലെ തേൻ കുടിച്ച് ജീവിക്കുന്ന സൂചിമുഖികളും എറ്റവും ചെറിയ പുൽക്കൊടി മുതൽ പടുകൂറ്റൻ മരങ്ങളും അങ്ങനെ വൈവിധ്യങ്ങൾ അനവധി നമുക്ക് കാണാം. ജീവികളെയും സസ്യങ്ങളെയും വന്യമെന്നും വന്യമല്ലാത്തതെന്നും രണ്ടായി തരംതിരിക്കാം. വന്യമൃഗങ്ങളായ ആന, മാൻ, മുയൽ മുതലായ സസ്യഭോജികളും, പുലി, കടുവ തുടങ്ങിയ മാംസഭോജികളും, പരാന്നഭോജികളായ സസ്യങ്ങളും, കൊഴിഞ്ഞു വീഴുന്ന ഇലകളും മറിഞ്ഞുവീഴുന്ന മരങ്ങളും, ജന്തുക്കളുടെ ശവശരീരങ്ങളുമൊക്കെ ഉൾക്കൊള്ളുന്ന ജീവനില്ലാത്തവയെ അഴുകാൻ സഹായിക്കുന്ന ബാക്ടീരിയ തുടങ്ങിയ മണ്ണിലും വായുവിലും ഉള്ള സൂക്ഷ്മ ജീവികളും മൃഗങ്ങളിൽ പോറ്റുമൃഗങ്ങളും സസ്യങ്ങളിൽ കൃഷിയിനങ്ങളും, വളർത്തിനങ്ങളും, അങ്ങനെ അനേകായിരം ലക്ഷം സസ്യ/ജന്തുജീവജാലങ്ങൾ. വ്യത്യസ്ഥ ജീവിതശൈലിയും ജീവിതദൗത്യവും പേറുന്ന അത്തരം ജീവസഞ്ചയത്തിന്റെ ആകെയുള്ള വൈവിധ്യത്തെ ജൈവവൈവിധ്യമെന്ന് സാമാന്യമായി പറയാം.

**2. ആവാസവ്യവസ്ഥ (Ecosystem)**

പരസ്പരം ആശ്രയിച്ചു ജീവിക്കുന്ന ജീവികളുടെ പ്രദേശത്തെ ആവാസവ്യവസ്ഥ എന്ന് പറയാം. ഉദാഹരണത്തിന് വനം; പച്ചിലകളും പച്ചപ്പുല്ലുകളും തിന്നുന്ന സസ്യഭോജികളായ മാനുകളും മുയലുകളും അവയെ തിന്നുന്ന മാംസഭോജികളായ സിംഹം, കടുവ, ചെന്നായ മുതലായവയും ഇങ്ങനെ പരസ്പരം ആശ്രയിച്ചു ജീവിക്കുന്ന അനേകം സൂക്ഷ്മാണുക്കൾ തൊട്ട് പക്ഷി മൃഗാദികളും അടങ്ങുന്ന ഒരു ജീവസഞ്ചയമാണ് വനം എന്ന ആവാസ വ്യവസ്ഥ. ഇങ്ങനെ കുളങ്ങൾ, അരുവികൾ, പുൽമേടുകൾ, പാറക്കെട്ടുകൾ, കൃഷിയിടങ്ങൾ തുടങ്ങി അനേകം ആവാസ വ്യവസ്ഥകൾ ഉണ്ട്.

**3. സ്പീഷീസുകൾ (Species)**

ആണും പെണ്ണും ഇണചേരുകയും അതിന്റെ ഫലമായി സന്താനോൽപ്പാദനം നടക്കുകയുമെങ്കിൽ അത്തരം ഇനത്തിനെ സ്പീഷീസുകൾ എന്ന് പറയാം. നായ, പൂച്ച, ആന, തെങ്ങ്, നെല്ല് ഇവയെല്ലാം ഓരോ സ്പീഷീസുകളാണ്. എന്നാലിവയിലെല്ലാം വ്യത്യസ്ഥത ഉണ്ട്. ഉദാഹരണത്തിന് എല്ലാ നായയും എല്ലാ നെല്ലും ഒരുപോലെയല്ലല്ലോ. നെല്ലിൽ തന്നെ വിവിധ ഇനങ്ങളുണ്ട്. ഇത്തരത്തിലുള്ള വൈവിധ്യത്തെ ജനിതക വൈവിധ്യം എന്നാണ് പറയുക. ഇങ്ങനെ നിർവചനത്തിൽ പറഞ്ഞിട്ടുള്ളതു പോലെ ജൈവവൈവിധ്യ

മെന്നാൽ എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള ജീവികളും അവ ഭാഗമായ പരിസ്ഥിതി ശൃംഖലകളും തമ്മിലുള്ള വിഭിന്നത എന്നർഥം; സ്പീഷീസുകൾക്കിടയിലും സ്പീഷീസുകൾ തമ്മിലും സ്പീഷീസുകളും ആവാസവ്യവസ്ഥകളും തമ്മിലും ഉള്ള വൈവിധ്യവും ഇതിൽ ഉൾപ്പെടും.

**4. ജൈവവിഭവങ്ങൾ (Biological resources)**

വിഭവങ്ങൾ എന്നാൽ നിലനില്പിനുള്ള ഉപകരണം എന്നാണ്. നമ്മുടെ നിലനിൽപ്പിന് വിവിധ തരം ജൈവവിഭവങ്ങളെ നാം ആശ്രയിക്കുന്നു. ധാന്യങ്ങൾ, കായ്കനികൾ, കിഴങ്ങുകൾ, ഇങ്ങനെ എണ്ണമറ്റ ജൈവവിഭവങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിനാവശ്യമാണ്. പാൽ, തൈര്, മുട്ട, വിവിധ തരം എണ്ണകൾ, പരുത്തിയിൽ നിന്നുണ്ടാക്കുന്ന നൂൽ കൊണ്ട് നെയ്യുന്ന വസ്ത്രങ്ങൾ മുതലായവയെല്ലാം ജൈവവിഭവങ്ങളുടെ ഉപോല്പന്നങ്ങളാണ്. വിവിധ ഇനം പച്ചക്കറികൾ, തെങ്ങ്, കുരുമുളക് തുടങ്ങി കാർഷികവിളകളുടെ വിത്തുകളും ഇതിൽ ഉൾപ്പെടും. എന്നാൽ മനുഷ്യരിലെ ജീനുകളെ ഈ നിർവചനത്തിൽ നിന്നൊഴിവാക്കിയിരിക്കുന്നു. നിർവചനത്തിൽ, ജൈവവിഭവങ്ങൾ (Biological resources) എന്നാൽ സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ, അവയുടെ ഭാഗങ്ങൾ, അവയുടെ ജനിതക വസ്തുക്കൾ, അവയുടെ ഉപോല്പന്നങ്ങൾ (മൂല്യവർധിത വസ്തുക്കൾ ഒഴികെ), ഇവയുടെ സാധ്യമോ യഥാർഥമോ ആയ ഉപയോഗമോ അഥവാ മൂല്യമോ സഹിതം എന്നർഥം. എന്നാൽ മനുഷ്യജനിതക വിഭവങ്ങൾ ഉൾപ്പെടുകയില്ല എന്നത് കൊണ്ട് ഉദ്ദേശിച്ചത് എന്താണെന്ന് വ്യക്തമായിരിക്കുമല്ലോ.

**5. പ്രയോജനാവകാശികൾ (Benefit claimers)**

തലമുറകളായി ജൈവവിഭവങ്ങളും അവയുടെ ഉപോല്പന്നങ്ങളും സംരക്ഷിച്ചുപോരുന്ന സാധാരണ ആദിവാസി/ ഗ്രാമ സമൂഹങ്ങളിലെ ജനങ്ങളെയാണ് ഈ പദം കൊണ്ട് ഇതിൽ വിവക്ഷിക്കുന്നത്. നെല്ല്, ഗോതമ്പ്, മുത്താറി, വിവിധ ഇനം പച്ചക്കറികളുടെയും, മാവ്, പ്ളാവ്, തെങ്ങ് മുതലായ മരങ്ങളുടെയും നല്ല ഇനം വിത്തുകൾ പിൽക്കാലത്തേക്ക് വേണ്ടി നമ്മുടെ മുൻതലമുറക്കാർ സൂക്ഷിച്ചു തലമുറകൾ കൈമാറിവന്നതിന്റെ ഫലമാണ് ഇന്ന് നാം ഉപയോഗിക്കുന്ന പലവിളകളും കന്നുകാലി സമ്പത്തും മറ്റും. അനുഭവത്തിലൂടെ അവരാർജിച്ച അറിവും അവർ തലമുറകൾക്ക് കൈമാറി. ചില വിഭാഗം ആളുകൾ പച്ചമരുന്നുകളെയും അവയുടെ ആവാസവ്യവസ്ഥകളെയും സുസ്ഥിരമായി ഉപയോഗപ്പെടുത്തി വന്നു, ആ തരത്തിലുള്ള അറിവുകളും അവർ തങ്ങളുടെ തലമുറകൾക്ക് കൈമാറി, അതുകൊണ്ട് ജൈവവിഭവങ്ങളുടെ സംരക്ഷകരും സ്രഷ്ടാക്കളും ആയ ഇങ്ങനെയുള്ളവരെ പ്രയോജനാവകാശികൾ എന്ന് പറയാം. നിർവചനത്തിൽ, പ്രയോജനാവകാശികൾ (Benefit claimers), ജൈവവിഭവങ്ങളുടെയും അവയുടെ ഉപോല്പന്നങ്ങളുടെയും സംരക്ഷകർ, അങ്ങനെയുള്ള ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തെയും നവീകരണങ്ങളെയും, അങ്ങനെയുള്ള ഉപയോഗവും നവീകരണങ്ങളുമായി ബന്ധപ്പെട്ട നടപടികളെ സംബന്ധിച്ച അറിവിന്റെയും വിവരങ്ങളുടെയും സ്രഷ്ടാക്കളും സൂക്ഷിപ്പുകാരും എന്നർഥം എന്നാണ് പറഞ്ഞിരിക്കുന്നത്. പ്രയോജനാവകാശികൾ ജൈവവിഭവങ്ങളും അവയുടെ ഉപോല്പന്നങ്ങളും സംരക്ഷിച്ചു പോരുന്നവരാണ്. നവീകരണം എന്നത്; ആദിമകാലങ്ങളിലെ വിളകളുടെ സ്വാഭാവമല്ലല്ലോ ഇപ്പോഴത്തെ വിളകൾക്കുള്ളത്. രോഗപ്രതിരോധ ശക്തിയും ഉല്പാദനക്ഷമതയും കൂടിയ ഇനങ്ങൾ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ശ്രദ്ധാപൂർവം ചെയ്യുന്ന ഇത്തരം പ്രവർത്തികളെ നവീകരണം എന്ന് പറയാം.

### 6. വാണിജ്യപരമായ ഉപയോഗം (Commercial utilisation)

കൃഷിയും വാണിജ്യവും വ്യത്യസ്ഥമാണ്. കൃഷി അടിസ്ഥാനപരവും വാണിജ്യം അതിനെ ആശ്രയിച്ചും നിൽക്കുന്നു. വിപണിയിൽ ലഭിക്കുന്ന സുഗന്ധ ദ്രവ്യങ്ങൾ, ഭക്ഷ്യ പദാർത്ഥങ്ങൾക്ക് രുചി നൽകുന്ന വിവിധതരം വസ്തുക്കൾ, തുടങ്ങി പലതും വ്യവസായശാലകളിൽ ഉല്പാദിപ്പിക്കപ്പെടുന്നു. ഇത്തരം ഉപയോഗപ്പെടുത്തലുകളെ വാണിജ്യപരമായ ഉപയോഗം എന്ന് പറയാം. എന്നാൽ കൃഷിയിൽ വിളവ് വർധിപ്പിക്കുവാനും കന്നുകാലികളുടെ പ്രജനനത്തിന് ആക്കം കൂട്ടുവാനും വിവിധതരം ജൈവവസ്തുക്കൾ ഉപയോഗിക്കുമ്പോൾ, കർഷകരോ വൈദ്യൻമാരോ വൻതോതിലല്ലാതെ പരിമിതമായി ജൈവവിഭവങ്ങളെ ഉപയോഗപ്പെടുത്തുമ്പോൾ അതൊന്നും വാണിജ്യപരമായ ഉപയോഗത്തിന്റെ പരിധിയിൽ വരുന്നില്ല.

### 7. സുസ്ഥിരമായ ഉപയോഗം (Sustainable use)

എടുത്താൽ തീരാത്തതൊന്നും ഇല്ല എന്ന ചൊല്ല് ഇവിടെ അന്വർഥമാണ്. ഇന്ന് ജൈവസമ്പത്ത് മുഴുവനും തന്നെ വമ്പിച്ച ചൂഷണത്തിന് വിധേയമാണ്. വികസനത്തിന്റെ പേരിലായാലും പാർപ്പിടാവശ്യങ്ങൾക്കായാലും പ്രധന ജൈവസമ്പത്തായ വനം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. പരിസ്ഥിതി സംരക്ഷണവും വികസന പ്രക്രിയയും ഒന്നിച്ചു പോകില്ല എന്നതായിരുന്നു പരക്കെയുള്ള വിശ്വാസം. 1972-ൽ സ്റ്റോക്ക്ഹോം ലോകപരിസ്ഥിതി സമ്മേളനത്തിന് ശേഷമാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രസക്തി ലോകജനത അറിയുവാൻ തുടങ്ങിയത്. 1949-ൽ നമ്മുടെ ഭരണഘടന പാസാക്കുമ്പോൾ പരിസ്ഥിതി സംബന്ധിച്ച ഒരു പരാമർശവും അതിലുണ്ടായിരുന്നില്ല. രാഷ്ട്രനയത്തിന്റെ മാർഗനിർദേശതത്വങ്ങളിൽ 1977-ൽ ഇങ്ങനെ ഒരു അനുച്ഛേദം 48 A എഴുതിച്ചേർത്തു. 'പരിസ്ഥിതി സംരക്ഷിക്കുവാനും മെച്ചപ്പെടുത്തുവാനും വനങ്ങളെയും വന്യജിവികളെയും കാത്തുസൂക്ഷിക്കുവാനും രാഷ്ട്രം പരിശ്രമിക്കേണ്ടതാകുന്നു', അതോടൊപ്പം 'വനങ്ങളും തടാകങ്ങളും നദികളും വന്യജീവനും ഉൾപ്പെടെയുള്ള പ്രകൃതി പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും എല്ലാ ജീവികളോടും കാരുണ്യം ഉണ്ടാകുകയും' എല്ലാ പൗരൻമാരുടെയും മൗലിക കടമകളിലൊന്നായി ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു. 1992-ൽ റിയോയിൽ വച്ച് നടന്ന ഭൗമ ഉച്ചകോടിയിൽ, വികസനവും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ച് വ്യക്തമായ മാർഗദർശനം നൽകപ്പെട്ടു; സുസ്ഥിരമായ വികസനം ഇതായിരുന്നു നിർദേശിക്കപ്പെട്ട പോംവഴി. ഇത് തന്നെയാണ് ജൈവവൈവിധ്യ ആക്ടിലും 'സുസ്ഥിരമായ ഉപയോഗം (Sustainable use) എന്നതിന്റെ നിർവചനമായി വർത്തമാനതലമുറയുടെയും ഭാവിതലമുറയുടെയും ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുവാനുള്ള ജൈവവൈവിധ്യത്തിന്റെ സാധ്യത നിലനിർത്തുന്നതും, കാലാന്തരത്തിൽ നാശമടയാത്ത വിധത്തിലും തദനുസരണമായ തോതിലും ഉള്ള ജൈവവിഭവഘടക ഭാഗങ്ങളുടെ ഉപയോഗം എന്നർഥം' എന്ന് കൊടുത്തിരിക്കുന്നത്.

### 8. ജൈവവ്യാപ്തി നിർണയവും ജൈവഉപയോഗവും (Biosurvey & Bioutilisation)

സസ്യങ്ങളുടെയായാലും ജന്തുക്കളുടെയായാലും പദവി നിർണയിക്കുകയും അവ ശേഖരിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നർഥം.

കരയിലും വെള്ളത്തിലും കാണപ്പെടുന്ന എല്ലാത്തരം ജീവനുള്ള വസ്തുക്കളുടെയും അവയിൽ തന്നെ ഓരോ ജീവജാലങ്ങളിലും കാണപ്പെടുന്ന ജനിതക വൈവിധ്യത്തെയും

ആണ് ജൈവവൈവിധ്യം എന്ന പദം കൊണ്ടർഥമാക്കുന്നതെന്ന് നേരത്തേ സൂചിപ്പിച്ചു കഴിഞ്ഞു. ഈ ജീവജാലങ്ങളിൽ (ജൈവവെവിധ്യത്തിൽ) മനുഷ്യൻ കണ്ടെത്തിയിട്ടുള്ള വയെ തരംതിരിച്ച് വിശദീകരിച്ചിരിക്കുന്നത് അവയുടെ സാദൃശ്യങ്ങളുടെയും, സ്വാഭാവിക പ്രജനന രീതികളുടെയും അടിസ്ഥാനത്തിലാണ്. ഉദാഹരണത്തിന് ചില സമാനതകളുടെ അടിസ്ഥാനത്തിൽ ജൈവവൈവിധ്യത്തെ പൊതുവായി സസ്യങ്ങൾ, മൃഗങ്ങൾ, ബാക്ടീരിയ, ഫംഗസ് തുടങ്ങിയ ഗണങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ ഗണത്തിലും പിന്നീടുള്ള സമാനതകളുടെ അടിസ്ഥാനത്തിൽ ഉപഗണങ്ങളായി തരം തിരിച്ചിരിക്കുന്നു. ഉദാഹരണത്തിന് ആയിരത്തോളം വരുന്ന നാടൻ നെല്ലിനങ്ങൾ കുറേയേറെ പൊതു സ്വഭാവങ്ങൾ പുലർത്തുമ്പോൾ തന്നെ, ഒന്നോ രണ്ടോ സ്വഭാവങ്ങൾ ഓരോന്നിലും വ്യത്യസ്ഥമാണെങ്കിൽ കൂടിയും, അവയെ ഒരു സ്പീഷീസ് ആയിട്ടാണ് കരുതുന്നത്.

ഈ രീതിയിൽ ഓരോ സസ്യവും, മൃഗവും ബാക്ടീരിയയും ഫംഗസ്സും എല്ലാം തന്നെ വ്യത്യസ്ത സ്പീഷീസുകളായാണ് കരുതുന്നത്. ഈ തരം തിരിക്കലിന്റെ അടിസ്ഥാനത്തിൽ 17.5 ലക്ഷം സ്പീഷീസുകൾ ഭൂമിയിൽ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. പ്രകൃതി തന്നെ ഇവയ്ക്കിടയിൽ സന്തുലിതാവസ്ഥ (dynamic balance) നിലനിർത്തി പോരുന്നു. ഭൂമിയിലെ ഓരോ ആവാസവ്യവസ്ഥയിലും ഈ സ്പീഷീസുകൾ വ്യത്യസ്ത തോതിലാണ് കാണപ്പെടുന്നത്. ബാക്ടീരിയ ഫംഗസ്, പ്രോട്ടോസോവ, ഉൾപ്പെടെ ആകെ കണ്ടെത്തിയിട്ടുള്ള. 17.5 ലക്ഷം സ്പീഷീസുകളിൽ ഹരിതകസസ്യങ്ങളിൽപ്പെടുന്ന സ്പീഷീസുകളുടെ എണ്ണം കേവലം 2.7 ലക്ഷം മാത്രമാണ്. ഈ ഹരിത സസ്യസ്പീഷീസുകളെല്ലാം തന്നെ കരയിലും വെള്ളത്തിലും വളരുന്ന സസ്യഇനങ്ങളിൽപ്പെടാത്ത എല്ലാ സ്പീഷീസുകളുടെയും നിലനിൽപ്പിന് അനിവാര്യമാണെങ്കിൽ കൂടിയും ഇതിൽ 9000 സസ്യസ്പീഷീസുകളെയാണ് മനുഷ്യൻ പ്രധാനമായും ഭക്ഷണം, പാർപ്പിടം, ഔഷധം, തുടങ്ങിയവയ്ക്കും വ്യാവസായിക ആവശ്യങ്ങൾക്കായും ആശ്രയിക്കുന്നത്. ഈ 9000 സ്പീഷീസുകളിൽ 900 സ്പീഷീസുകൾ ആണ് കൃഷിചെയ്യപ്പെടുന്നത്.

സസ്യജൈവവൈവിധ്യമാണ് ജന്തു ജൈവവൈവിധ്യത്തിന്റെ അടിസ്ഥാനശില. പ്രകാശസംശ്ലേഷണം എന്നറിയപ്പെടുന്ന പ്രക്രിയയിലൂടെ സ്വന്തമായി ആഹാരം ഉണ്ടാക്കാനുള്ള കഴിവ് ഹരിത സസ്യങ്ങൾക്കു മാത്രമേ ഉള്ളൂ. ഈ പ്രക്രിയയാണ് കൃഷി, പരിസ്ഥിതി ജന്തുജൈവവൈവിധ്യം എന്നിവയ്ക്ക് അടിസ്ഥാനം

ഭൂമിയിൽ എല്ലായിടത്തും ഒരേ രീതിയിൽ അല്ല സസ്യവൈവിധ്യം കാണപ്പെടുന്നത്. ആകെ ജൈവവൈവിധ്യത്തിന്റെ 90 ശതമാനവും ഭൂമധ്യരേഖയ്ക്കടുത്ത് കിടക്കുന്ന 10 ശതമാനം വരുന്ന ഉഷ്ണമേഖലാ ഭൂപ്രദേശങ്ങളിലായിട്ടാണ് കാണപ്പെടുന്നത്. എങ്കിൽ കൂടിയും ഭൂമധ്യരേഖയ്ക്കടുത്തുള്ള ഈ പ്രദേശങ്ങളിൽ തന്നെ ഒരേ പോലെയല്ല ജൈവവൈവിധ്യം വിന്യസിച്ചിരിക്കുന്നത്. ഭൂമധ്യരേഖയോട് ചേർന്നുകാണുന്ന ചില രാജ്യങ്ങളിൽ, കൂടുതലും ചിലതിൽ കുറഞ്ഞ അളവിലുമാണ് ജൈവവൈവിധ്യം വിന്യസിച്ചിരിക്കുന്നത്. ജൈവവൈവിധ്യസമ്പന്നമായ രാഷ്ട്രങ്ങളെ ബൃഹത് ജൈവവൈവിധ്യമേഖലകൾ (Mega Biodiversity Regions) എന്നുവിളിക്കുന്നു. ഇപ്രകാരം ഭൂമിയിൽ 12 ബൃഹത് ജൈവവൈവിധ്യമേഖലകൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യൻ ഉപഭൂഖണ്ഡം ഈ മേഖലയിലുൾപ്പെടുന്നു. എന്നാൽ ഇന്ത്യയുടെ വടക്ക് കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള ഹിമാലയൻ മേഖലയും ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ

ഉൾപ്പെട്ട പശ്ചിമഘട്ടവും ജൈവവൈവിധ്യ ഭീഷണി ഏറ്റവുമധികം നേരിടുന്ന പ്രദേശങ്ങളായി കണക്കാക്കിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളെ ‘Biodiversity hotspots’ എന്നാണ് വിളിക്കുക.

ഭൂമിയിൽ കരപ്രദേശത്തിന്റെ 2.5 ശതമാനം മാത്രമുള്ള ഇന്ത്യയിൽ ആഗോളതലത്തിലുള്ള ജൈവവൈവിധ്യത്തിന്റെ വിന്യാസം 8 ശതമാനമാണ്. സസ്യജൈവവൈവിധ്യത്തിൽ ഏകദേശം 47,000 സ്പീഷീസുകൾ ഇന്ത്യയിൽ ഉണ്ടെന്ന് അനുമാനിക്കപ്പെടുന്നു. ഇന്ത്യൻ കർഷകർ ഏകദേശം 46 കാർഷിക സ്പീഷീസുകൾ കൃഷിചെയ്യുകയും സംരക്ഷിക്കുകയും ചെയ്തുപോരുന്നു. ഈ പ്രക്രിയയിലൂടെ ആയിരത്തോളം വർഷങ്ങൾ കൊണ്ട് നമ്മുടെ കർഷകർ ഈ കാർഷിക വിളകളിൽ തന്നെ നിരവധി പാരമ്പര്യ ഇനങ്ങളും നാടൻ ഇനങ്ങളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ഉരുത്തിരിഞ്ഞ നെല്ല് പോലെയുള്ള കാർഷിക വിളകളിൽ വ്യത്യസ്ത കാർഷിക ആവാസ വ്യവസ്ഥകൾക്കും ഉപയോഗങ്ങൾക്കും അനുയോജ്യമായ ആയിരക്കണക്കിന് നാടൻ ഇനങ്ങളാണ് നമ്മുടെ കർഷകർ വികസിപ്പിച്ചെടുത്തത്. ഇത് പ്രധാനമായും ഭക്ഷണം, മരുന്ന്, അനുഷ്ഠാനങ്ങൾ തുടങ്ങിയ ഉപയോഗങ്ങൾ സാധ്യമാക്കാനായിരുന്നു. കാർഷികവിളകളിലെ ജനിതകവൈവിധ്യവികസനം കൂടാതെ നമ്മുടെ കർഷകർ ഔഷധാവശ്യങ്ങൾക്കായി തിരിച്ചറിഞ്ഞ് സംരക്ഷിച്ച് വിനിയോഗിച്ചത് ഏകദേശം 7500 സ്പീഷീസുകളിൽപ്പെടുന്ന ഔഷധസസ്യങ്ങളാണ്. പാരമ്പര്യമായി ഇന്ത്യൻ കർഷകർ സംരക്ഷിച്ച് വിനിയോഗിച്ചു വരുന്ന സസ്യജൈവവൈവിധ്യവും (സസ്യങ്ങളുടെ പ്രാക്ബന്ധുക്കളും) അവയുടെ ബൗദ്ധികമൂല്യവും അവയുമായി ബന്ധപ്പെട്ട നാട്ടറിവുകളും, മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യസംരക്ഷണ അറിവുകളും, ഉപയോഗങ്ങളും ആധുനിക മാർഗങ്ങൾ ഉപയോഗിച്ച് അളന്നു തിട്ടപ്പെടുത്താവുന്നതല്ല. ഇത്തരത്തിൽ വളരെ വ്യാപ്തിയാർന്ന ജൈവവൈവിധ്യം പഠിക്കപ്പെടുകയെന്നത് വളരെ ശ്രമകരമായ ഒരു കൃത്യമാണ്. ദൗർഭാഗ്യവശാൽ നമ്മുടെ ഗവേഷണ മുൻഗണനകളിൽ ഇത്തരം പഠനങ്ങൾക്ക് സ്ഥാനം കിട്ടാതെവരുന്നു. വിദ്യാസമ്പന്നരായ താത്പര്യമുള്ള യുവതീ യുവാക്കളെ ഉൾപ്പെടുത്തി ഗ്രാമതലങ്ങളിലുള്ള ജൈവവൈവിധ്യ വ്യാപ്തി നിർണയം ശാസ്ത്രജ്ഞരുടെ സഹായത്തോടെ ഒരു പരിധി വരെ നിർവഹിക്കാവുന്നതാണ്.

### 9. മൂല്യവർധിത വസ്തുക്കൾ

പാലിന്റെ മൂല്യവർധിത വസ്തുവാണ് വെണ്ണ, പനീർ, തൈര്. ചെറുനാരങ്ങ കൊണ്ടുണ്ടാക്കിയ അച്ചാറുകൾ, സ്ക്വാഷ് മുതലായ മൂല്യവർധിത പദാർഥങ്ങൾ തയ്യാറാക്കാം. ജൈവവിഭവങ്ങൾ അടിസ്ഥാനപ്പെടുത്തി ആയിരക്കണക്കിനുള്ള ഇത്തരം വിഭവങ്ങൾ ഉണ്ടാക്കാം.

### 10. ജൈവവിഭവങ്ങൾ ഭാരതത്തിൽ കണ്ടെത്തിയതും ഭാരതത്തിൽ നിന്നും ലഭിച്ചതും (occuring in India;obtained from India)

ഭാരതത്തിൽ ഉള്ളതും മറ്റ് രാജ്യങ്ങളിൽ കണ്ടെത്താത്തതും; ഉദാഹരണത്തിന് മറ്റ് രാജ്യങ്ങളിൽ കണ്ടെത്തിയിട്ടില്ലാത്ത പല പച്ചമരുന്നുകളും ഭാരതത്തിലുള്ള ആദാവാസികൾക്കറിയാം. ഇങ്ങനെയുള്ള പച്ചമരുന്നുകളെ ഭാരതത്തിൽ നിന്നും കണ്ടെത്തിയവയായി വിശേഷിപ്പിക്കാം (occuring in India). വേറെ ചിലവ കൈവശം കിട്ടിയത് ഭാരതത്തിൽ നിന്നാണ്; എന്നാൽ അവ മറ്റ് രാജ്യങ്ങളിലും ഉണ്ട്. ഇങ്ങനെയുള്ളവയെ ഭാരതത്തിൽ

നിന്നും ലഭിച്ചവ (obtained from India) എന്ന് പറയാം. ഈ രണ്ട് പ്രയോഗങ്ങളും ജൈവ വൈവിധ്യ ആക്ടിൽ മർമ്മ പ്രധാനമാണ്.

### 11. നമ്മുടെ ജൈവവിഭവങ്ങൾ മറുനാട്ടിലേക്ക് കടത്തുന്നത് സംബന്ധിച്ച നിരോധനങ്ങൾ

ജൈവവൈവിധ്യ ആക്ട് 3, 4, 6 വകുപ്പുകൾ ഭാരതത്തിലെ ജൈവവിഭവങ്ങൾ മറുനാട്ടിലേക്ക് കടത്തുന്നത് തടയാനുള്ള നിരോധനങ്ങളാണ്. വ്യക്തികൾ, കോർപ്പറേഷനുകൾ, സംഘങ്ങൾ, സംഘടനകൾ ഇവക്കൊക്കെയാണ് നിരോധനങ്ങൾ.

(a) **കോർപ്പറേഷനുകൾ (Corporations)**

ഉദാഹരണത്തിന്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പാർലമെന്റ് പാസാക്കിയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട് അനുസരിച്ചുള്ള ഒരു കോർപ്പറേഷനാണ്. ജല മലിനീകരണ നിരോധന ആക്ട് അനുസരിച്ചുണ്ടാക്കിയ ജല മലിനീകരണ നിയന്ത്രണ ബോർഡ് മറ്റൊരു കോർപ്പറേഷനാണ്. ദേശീയ ജൈവവൈവിധ്യ ആക്ട് അനുസരിച്ചുണ്ടാക്കിയ ദേശീയ ജൈവ വൈവിധ്യ അതോറിറ്റി ഒരു കോർപ്പറേഷനാണ്, ഒരു കോർപ്പറേഷന് ശാശ്വതമായ പിൻതുടർച്ചയും ഒരു പൊതു മുദ്രയും, സ്ഥാവരജംഗമ സ്വത്തുക്കൾ ആർജിക്കുവാനും കൈവശം വെക്കാനും കൈമാറാനും കരാറ് ചെയ്യാനും അധികാരം ഉണ്ടായിരിക്കും; മേൽപ്പറഞ്ഞ പേരിൽ വ്യവഹാരം കൊടുക്കുകയും കൊടുക്കപ്പെടുകയും ചെയ്യാം. ഈ വക കാര്യങ്ങൾക്കെല്ലാം ഒരു വ്യക്തിയെപ്പോലെയാണ് കോർപ്പറേഷൻ പരിഗണിക്കപ്പെടുക. ഒരു കോർപ്പറേഷൻ ഒരു സർക്കാർ വകുപ്പല്ല. അത് സ്ഥാപിക്കപ്പെട്ട നിയമം അതിന് നൽകുന്ന അധികാരങ്ങൾ അതിന് പ്രയോഗിക്കാം. നിയമം അതിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ചുമതലകൾ നിർവഹിക്കുകയും കടമകൾ നിറവേറ്റുകയും വേണം. നിയമത്തിൽ പറഞ്ഞത് മാത്രമേ നോക്കേണ്ടതുള്ളു. അതിലപ്പുറം സർക്കാരിനോടോ മറ്റോ അതിന് വിധേയത്വമില്ല.

(b) **സംഘങ്ങൾ (Associations)**

ഇവയ്ക്ക് പ്രത്യേക ആക്ട് പാസാക്കേണ്ടതില്ല. സൊസൈറ്റീസ് ആക്ട് അനുസരിച്ച് സ്ഥാപിക്കുന്ന സംഘങ്ങൾ ഈ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാം. ഒന്നിലധികം വ്യക്തികളുടെ കൂട്ടായ്മയായ സംഘത്തിന് ഒരൊറ്റ വ്യക്തിയുടെ സ്വഭാവം കൈവരും. അതിന്റെ പേരിൽ സ്വത്തുക്കൾ വാങ്ങാം, കൈകാര്യം ചെയ്യാം, കൈമാറാം.

(c) **സംഘടനകൾ (Organisations)**

തൊഴിലുടമകളുടെയും തൊഴിലാളികളുടെയും സംഘടനകളുണ്ട്. സംഘടനയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയാണ് ഇവയുടെ ഉദ്ദേശ്യം. സംഘടനകൾ രജിസ്റ്റർ ചെയ്യുവാൻ വ്യവസ്ഥ ചെയ്യുന്ന ആക്ടുകളുണ്ട്; ട്രേഡ് യൂണിയൻ ആക്ട് പോലുള്ളവ. ആക്ടിൽ പറഞ്ഞിരിക്കുന്ന അധികാരങ്ങളും ചുമതലകളും കടമകളും ഇവയ്ക്ക് ബാധകമാണ്. സംഘടനകളെയും വ്യക്തികളെപ്പോലെ പരിഗണിക്കേണ്ടതാണ്.

### 12. നിരോധനം എന്തിനെല്ലാം?

ഭാരതത്തിലുള്ള ജൈവവിഭവങ്ങളോ, അവയെക്കുറിച്ചുള്ള അറിവുകളോ, ഗവേഷണത്തിനോ, വാണിജ്യപരമായ നേട്ടങ്ങൾക്ക് വേണ്ടിയുള്ള ഉപയോഗത്തിനോ, ജൈവവ്യാപ്തി നിർ

ണയത്തിനോ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അനുമതി തേടാതെ കൈവശപ്പെടുത്തുന്നതിനെതിരെയാണ് ഒന്നാമത്തെ നിരോധനം. ഭാരത പൗരനല്ലാത്ത വ്യക്തി, ഭാരതീയ പൗരനാണ് എങ്കിലും ഭാരതത്തിൽ താമസമില്ലാത്ത വ്യക്തി, ഭാരതത്തിൽ ഇൻകോർപ്പറേറ്റ് ചെയ്യാത്തതോ രജിസ്റ്റർ ചെയ്യാത്തതോ അല്ലെങ്കിൽ, ഭാരതത്തിൽ ഇന്ന് നിലവിലുള്ള നിയമ പ്രകാരം ഇൻകോർപ്പറേറ്റ് ചെയ്തതോ രജിസ്റ്റർ ചെയ്തതോ, ഭാരതീയ തേരമായ മൂലധനമോ പങ്കാളിത്തമോ ഉള്ള ഒരു കോർപ്പറേഷനോ, സംഘടനയോ തുടങ്ങിയവക്കെതിരെയാണ് ഈ നിരോധനം. ഈ നിരോധനം ലംഘിക്കുന്നത് ശിക്ഷാർഹമായ ഒരു കുറ്റമാക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി 5 വർഷം തടവോ, 1 ലക്ഷം രൂപ പിഴയോ ആണ് ശിക്ഷ. നിരോധന ലംഘനം കൊണ്ടുണ്ടായ നഷ്ടം 10 ലക്ഷം രൂപയിലധികമാകണെങ്കിൽ ആ നഷ്ടത്തിന് തുല്യമായ തുകയായിരിക്കും പിഴ.

രണ്ടാമത്തെ നിരോധനം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരമില്ലാതെ ഭാരതത്തിന്റെ തനതായതോ, ഭാരതത്തിൽ നിന്ന് ലഭിച്ചതോ ആയ ഏതെങ്കിലും ജൈവവിഭവങ്ങളുടെ ഏതെങ്കിലും ഗവേഷണ ഫലങ്ങൾ പണ സംബന്ധമായ പ്രതിഫലത്തിനോ മറ്റ് വിധത്തിലോ, ഭാരതീയ പൗരരല്ലാത്തവർ, ഭാരതത്തിൽ താമസമില്ലാത്ത ഭാരത പൗരർ, ഭാരതത്തിൽ സ്ഥാപിക്കപ്പെട്ടതോ, രജിസ്റ്റർ ചെയ്യപ്പെട്ടതോ അല്ലാത്ത ഒരു കോർപ്പറേറ്റ് ബോഡി, സംഘടന, ഭാരതത്തിൽ സ്ഥാപിക്കപ്പെട്ടതാണെങ്കിലും ഭാരതീയരല്ലാത്തവരുടെ പങ്കാളിത്തമോ ഓഹരി മൂലധനമോ നടത്തിപ്പോ ഉള്ള ഒരു കോർപ്പറേറ്റ് ബോഡി, സംഘടന ഇവക്കെതിരെയാണ് നിരോധനം.

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ അനുസരിച്ചുള്ള സെമിനാറുകളിലും ശിൽപശാലകളിലും ഗവേഷണ സംബന്ധമായ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിന് ഈ നിരോധനം ബാധകമല്ല. അപ്രകാരമുള്ള പ്രബന്ധാവതരണം ഗവേഷണ ഫലങ്ങളുടെ കൈമാറ്റമായി കണക്കാക്കപ്പെടുകയില്ല. ഭാരതത്തിലെ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളും മറ്റ് രാജ്യങ്ങളിലെ അത്തരം സ്ഥാപനങ്ങളും തമ്മിലുണ്ടാക്കിയ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന രാഷ്ട്രാന്തര സഹകരണാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾക്ക് മേൽപ്പറഞ്ഞ വിലക്കുകൾ ബാധകമല്ല. ജൈവവൈവിധ്യ ആക്ട് നിലവിൽ വരുന്നതിന് മുമ്പുണ്ടാക്കിയ ഉടമ്പടികൾ ഉണ്ടാവാം. അവയിൽ ആക്ടിന് വിരുദ്ധമായ വല്ല വ്യവസ്ഥകളുമുണ്ടെങ്കിൽ അവ എത്രത്തോളം വിരുദ്ധമാണോ അത്രത്തോളം അസാധുവായിരിക്കും. അന്താരാഷ്ട്ര സഹകരണ പദ്ധതികൾ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾക്കനുസരിച്ചായിരിക്കണം.

മൂന്നാമത്തെ നിരോധനം ബൗദ്ധിക സ്വത്തവകാശത്തിന് അപേക്ഷിക്കുന്നതിനെതിരെയാണ്. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരം തേടാതെ ഒരു വ്യക്തിയും, ഭാരതത്തിൽ നിന്ന് കൈവശപ്പെടുത്തിയ ഒരു ജൈവവിഭവത്തെയോ അതിനെ സംബന്ധിച്ച ഗവേഷണത്തെയോ വിവരത്തെയോ ആസ്പദമാക്കിയുള്ള ഒരു കണ്ടുപിടുത്തത്തിന്റെ ബൗദ്ധിക സ്വത്തവകാശത്തിന് ഭാരതത്തിലോ പുറത്തോ അപേക്ഷിക്കരുത്. ഒരു വ്യക്തി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരം തേടാതെ ബൗദ്ധിക സ്വത്തവകാശത്തിനപേക്ഷിച്ചുവെന്നിരിക്കട്ടെ. അപേക്ഷ അനുവദിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ വന്നാൽ കുത്തകാവകാശം (Patent) നൽകേണ്ട അധികൃതർ കുത്തകാവകാശമുദ്ര വെക്കുന്നതിന് മുമ്പ് ദേശീയ ജൈവവൈവിധ്യ അതോ

റിറ്റിയുടെ അംഗീകാരം വാങ്ങിയാലും മതി. മേൽപ്പറഞ്ഞ നിരോധനം ലംഘിക്കുന്നതും ശിക്ഷാർഹമാണ്. മുമ്പ് പറഞ്ഞ കുറ്റത്തിനുള്ള അതേ ശിക്ഷയാണ് ഇതിനും നിർദേശിച്ചിരിക്കുന്നത്.

ഭാരതീയ പൗരൻമാർക്കും ഭാരതത്തിൽ സ്ഥാപിക്കപ്പെട്ട കോർപ്പറേഷനുകൾക്കും ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കും, സംഘടനകൾക്കും എതിരെയാണ് നാലാമത്തെ നിരോധനം ഉള്ളത്. ജൈവവിഭവങ്ങൾ വാണിജ്യപരമായ ഉപയോഗങ്ങൾക്കോ, ജൈവവ്യാപതി നിർണയത്തിനോ ജൈവ ഉപഭോഗത്തിനോ ഉപയോഗിക്കുന്നതിന് മുമ്പ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം തേടാതെ ഉപയോഗിക്കുന്നതിനെതിരെയാണ് നിരോധനം. തദ്ദേശീയരായ ആളുകൾ അവരവരുടെ പ്രദേശത്ത് ജൈവവിഭവങ്ങൾ വളർത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ടാകും. അതോടനുബന്ധിച്ച് അവർ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് മേൽപ്പറഞ്ഞ നിരോധനം ബാധകമല്ല. ഭാരതീയ ചികിത്സ നടത്തുന്ന വൈദ്യൻമാർക്കും ഹക്കീമുകൾക്കും മേൽപ്പറഞ്ഞ നിരോധനം ബാധകമല്ല. അവർ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങേണ്ടതില്ല. മേൽപ്പറഞ്ഞ നിരോധനം ലംഘിക്കുന്നതും ശിക്ഷാർഹമാണ്. പരമാവധി 3 വർഷം തടവോ, 5 ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ ആണ് ശിക്ഷ.

ജൈവവിഭവങ്ങൾ വാണിജ്യപരമായ ഉപയോഗങ്ങൾക്കോ, ജൈവവ്യാപതി നിർണയത്തിനോ ജൈവ ഉപഭോഗത്തിനോ ഉപയോഗിക്കുന്നതിന് മുമ്പ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അറിയിപ്പ് നൽകുന്നതോടൊപ്പം സംസ്ഥാനസർക്കാരിനാൽ നിർദിഷ്ടമായ ഫോറത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിനും അറിയിപ്പ് നൽകേണ്ടതുണ്ട്. ഇങ്ങനെയുള്ള അറിയിപ്പ് ലഭിച്ചാൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തദ്ദേശ സ്ഥാപനങ്ങളുമായി ആലോചിക്കുകയും അന്വേഷണം നടത്തുകയും ചെയ്യണം. അന്വേഷണത്തിൽ അപ്രകാരമുള്ള പ്രവർത്തനങ്ങൾ ജൈവസംരക്ഷണത്തിനും സുസ്ഥിരമായ ഉപയോഗത്തിനും അപ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്നുണ്ടാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കലിനും വിരുദ്ധമാണെന്ന് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കരുതുന്ന പക്ഷം നിരോധിച്ചുകൊണ്ടോ നിയന്ത്രിച്ചു കൊണ്ടോ അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഈ ഉത്തരവ് ലംഘിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്. പരമാവധി ശിക്ഷ 3 വർഷം തടവോ 5 ലക്ഷം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്.

### 13. ദേശീയ ജൈവവൈവിധ്യ അതോറിറ്റി അംഗീകാരം നൽകുമ്പോൾ ചുമത്തേണ്ട നിബന്ധനകൾ

അംഗീകാരം തേടിക്കൊണ്ടുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി അന്വേഷണം നടത്തും. ആവശ്യമാണെന്ന് കണ്ടാൽ ഒരു വിദഗ്ധ സമിതി സംഘടിപ്പിച്ച് അതുമായി കൂടിയാലോചിക്കും. അതിന് ശേഷം ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അംഗീകാരം നൽകുകയോ നിഷേധിക്കുകയോ ചെയ്യാം. അംഗീകാരം നൽകുമ്പോൾ ചാർജുകളോ റോയൽട്ടിയോ ഈടാക്കാവുന്നതാണ്. അംഗീകാരം നൽകുമ്പോഴും സമ്മതം നൽകുമ്പോഴും അതിനാസ്പദമായ നിബന്ധനകളും വ്യവസ്ഥകളും അംഗീകാരം നൽകിയ ജൈവവിഭവങ്ങളുടെയും അവയെ സംബന്ധിച്ച അറി

വിന്റെയും മറ്റും പ്രയോജനത്തിന്റെ നീതിപൂർവമായ പങ്കുവെക്കൽ ഉറപ്പുവരുത്തുന്നവയായിരിക്കണം. മാത്രമല്ല പ്രയോജനം പങ്കുവെക്കൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളും പ്രയോജനാവകാശികളും അപേക്ഷകനും തമ്മിലുണ്ടാക്കിയ ഉടമ്പടിക്കനുസരണമായിരിക്കണം. പ്രയോജനം പങ്കുവെക്കുന്നത് താഴെപ്പറയുന്ന രീതിയിലായിരിക്കണമെന്ന് ആക്ടിൽ പറയുന്നുണ്ട്.

1. പ്രയോജനാവകാശികളെ (Benefit claimers)തിരിച്ചറിഞ്ഞാൽ ബൗദ്ധിക സ്വത്തവകാശം അവർക്ക് നൽകണം. തിരിച്ചറിയാത്തപക്ഷം ബൗദ്ധിക സ്വത്തവകാശം ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് നൽകണം.
2. ഉല്പാദനം, ഗവേഷണം, വികസനയൂണിറ്റുകൾ എന്നിവ പ്രയോജനാവകാശികൾക്ക് മെച്ചപ്പെട്ട ജീവിതനിലാവാരം നൽകാൻ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കണം.
3. ഗവേഷണങ്ങളിൽ (Research) ഭാരതീയ ശാസ്ത്രജ്ഞരെയും പ്രയോജനാവകാശികളെയും ബന്ധപ്പെടുത്തണം.
4. പ്രയോജനാവകാശികൾക്ക് വേണ്ടി അധികമൂലധനം നിക്ഷേപിക്കണം.
5. പ്രയോജനാവകാശികൾക്ക് സാമ്പത്തികമോ അല്ലാത്തതോ ആയ നഷ്ടപരിഹാരം നൽകണം

**14. ഭാരതത്തിൽ നിന്ന ലഭിച്ച ഒരു ജൈവവിഭവത്തിന് ഒരാൾ മറുനാട്ടിൽ ബൗദ്ധിക സ്വത്തവകാശത്തിന് അപേക്ഷിച്ചാൽ**

ഭാരതത്തിൽ നിന്ന് ലഭിച്ച ഒരു ജൈവവിഭവത്തിന് ഒരാൾ മറുനാട്ടിൽ അപേക്ഷിക്കുന്നുവെന്നിരിക്കട്ടെ.അപ്രകാരമുള്ള അപേക്ഷയെ എതിർക്കേണ്ടത് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളിൽപെട്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ ഭാരതത്തിലെ ജൈവവിഭവങ്ങളും അവയെ സംബന്ധിക്കുന്ന അറിവും ബൗദ്ധിക സ്വത്തവകാശവും മറുനാട്ടിലേക്ക് ചോർത്തിക്കൊണ്ടു പോകുന്നത് നിയന്ത്രിക്കുകയും നിരോധിക്കുകയും അതിനെതിരെ നടപടികളെടുക്കുകയുമാണ് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഏറ്റവും പ്രധാന കടമ.

ആക്ടിലെ തത്സംബന്ധമായ നിയന്ത്രണങ്ങളും നിരോധനങ്ങളും പാരമ്പര്യ രീതിയിൽ കാർഷിക വൃത്തി നടത്തുകയും ജൈവവിഭവങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ആദിവാസികളടക്കമുള്ള ഗ്രാമീണ കർഷകജനതയുടെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ ജൈവവൈവിധ്യ ആക്ടിലെ വ്യവസ്ഥകൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട് എന്നതും എടുത്തു പറയേണ്ടുന്ന കാര്യമാണ്. ആക്ടിലെ വിശദീകരണങ്ങളിലും അപവാദങ്ങളിലും ഇതിനുള്ള ഉദാഹരണങ്ങൾ കാണാം.

**14. ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കാനുള്ള സംവിധാനങ്ങൾ**

ദേശീയതലത്തിൽ അധികാരപരിധിയുള്ള ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന തലത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, പ്രാദേശികതലത്തിൽ ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ മുതലായ സ്ഥാപനങ്ങളാണ് സംവിധാനങ്ങൾ.

ഇവയുടെ ചെയർപേഴ്സൻമാരും അംഗങ്ങളും ജൈവവൈവിധ്യ സംരക്ഷണത്തിലും ജൈവവൈവിധ്യങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിലും അതിലൂടെ പ്രയോജനങ്ങൾ നീതിപൂർവമായി പങ്കിടുന്നതിലും അറിവും പരിചയവും പ്രാഗല്ഭ്യവുമുള്ള വ്യക്തികളായിരിക്കണം. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ കേന്ദ്രമന്ത്രാലയങ്ങള പ്രതിനിധീകരിക്കുന്നവർ എക്സ് ഒഫീഷ്യോ മെമ്പർമാരായിരിക്കണം. അതുപോലെ തന്നെ സംസ്ഥാനജൈവവൈവിധ്യ ബോർഡുകളിലും സംസ്ഥാനസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം. ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കേന്ദ്രസർക്കാരും, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്ക് സംസ്ഥാനസർക്കാരും ഫണ്ട് നൽകണം. ഈ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുവാനാവശ്യമായ ഓഫീസർമാരും ജീവനക്കാരുമുണ്ട്. അവയുടെ നടപടികൾ ക്രമീകരിക്കുവാൻ വ്യവസ്ഥകളുണ്ടാക്കുവാൻ അധികാരമുണ്ട്. ഈ വ്യവസ്ഥകൾക്ക് നിയമസഭകൾ പാസാക്കുന്ന ആക്ടിലെ വ്യവസ്ഥകളുടെയും സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളുടെയും അതേ പ്രാബല്യമുണ്ടായിരിക്കും. സ്ഥാപിച്ചത് സർക്കാരാണെങ്കിലും ജൈവവൈവിധ്യ ആക്ടിലെ വ്യവസ്ഥൾകൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ അവയ്ക്ക് പരിപൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും. ഏറ്റവും താഴെ തട്ടിൽ (തദ്ദേശ സ്ഥാപനങ്ങളുടെ തട്ടിൽ) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുണ്ട്. ജൈവവൈവിധ്യ കമ്മിറ്റികളുടെ പ്രധാന ചുമതല അവയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും പ്രോൽസാഹിപ്പിക്കുക എന്നാണ്. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾക്ക് പ്രത്യേക ഫണ്ടിന് ആക്ടിൽ വ്യവസ്ഥയുണ്ട്.

**ഡോ. എൻ. അനിൽകുമാർ**
എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയം

**അഡ്വ. എ.കെ. ലോഹിതാക്ഷൻ**
ഹൗസ് നമ്പർ 5, ഹിൽവ്യൂ കോളനി,
മെഡിക്കൽ കോളജ് റോഡ്, ചേവായൂർ, കോഴിക്കോട്

13-07-05

**പ്രത്യേക ശ്രദ്ധക്ക്**

ജൈവ സമ്പത്ത്, പരിസ്ഥിതി എന്നിവ സംബന്ധമായ നിയമങ്ങൾ ലളിതമായ ഭാഷയിൽ പൊതുജനങ്ങളിലെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ജൈവ വൈവിധ്യ ആക്ട്, 2002 & ജൈവവൈവിധ്യ ചട്ടങ്ങൾ, 2004 പരിഭാഷപ്പെടുത്തിയിരിക്കുന്നത്. നിയമം സാമാന്യമായി മനസ്സിലാക്കുന്ന പൊതുജനങ്ങൾക്കും സാമൂഹ്യ/രാഷ്ട്രീയ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രയോജനപ്പെടുവാനുദ്ദേശിച്ചാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. വ്യവഹാര തീരുമാനങ്ങൾക്ക് വേണ്ടി നിയമവകുപ്പുകൾ പരിശോധിക്കുമ്പോൾ ആക്ടിന്റെ അസ്സൽ പകർപ്പ് അനുസരിച്ചാകണമെന്ന് താൽപര്യപ്പെടുന്നു.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | പ്രാരംഭം | 01 |
| 2 | ജൈവവൈവിധ്യ വിഭവങ്ങൾ പ്രാപ്യമാക്കുന്നതിലുള്ള നിയന്ത്രണങ്ങൾ | 05 |
| 3 | ദേശീയ ജൈവവൈവിധ്യ അതോറിറ്റി | 09 |
| 4 | ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും | 14 |
| 5 | ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം | 16 |
| 6 | സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | 20 |
| 7 | ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫണ്ട്, അക്കൗണ്ടുകൾ, ഓഡിറ്റ് | 23 |
| 8 | സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഫണ്ട്, അക്കൗണ്ടുകൾ, ഓഡിറ്റ് | 26 |
| 9 | കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ചുമതലകൾ | 29 |
| 10 | ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ | 33 |
| 11 | തദ്ദേശ ജൈവവൈവിധ്യ ഫണ്ട് | 35 |
| 12 | പലവക | 37 |
| | ജൈവവൈവിധ്യ ചട്ടം 2004 | 45-61 |
| | അപേക്ഷാ ഫോറങ്ങൾ | 62-72 |
| | പരിസ്ഥിതി മന്ത്രാലയം/വനം, ന്യൂഡെൽഹി പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ | 73 |
| | അനുബന്ധം | 74 |
| | വിഷയസൂചി | 75-79 |

# ഭാരതത്തിന്റെ ഗസറ്റ്

# ജൈവവൈവിധ്യ ആക്ട് 2002

**2003 ലെ 18-ാം നമ്പർ**
**(2003 ഫെബ്രുവരി 15)**

ജൈവവൈവിധ്യത്തിന്റെയും അതിന്റെ ഘടകഭാഗങ്ങളുടെയും സുസ്ഥിരമായ ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്ന് ലഭിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കൽ, അറിവ്, അതുമായി ബന്ധപ്പെട്ടതോ ആനുഷംഗീകമോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ട്.

ഭാരതം ജൈവവൈവിധ്യത്തിലും തത്സംബന്ധമായ പരമ്പരാഗത അറിവിലും സമ്പന്നമാകയാലും;

ഭാരതം 1992 ജൂൺ 5-ാം തീയതി റിയോ-ഡി- ജനീറോയിൽ ഒപ്പുവെച്ച ഐക്യ രാഷ്ട്ര സമ്മേളനത്തിന്റെ സന്ധിയിൽ ഒരു കക്ഷിയാകയാലും;

മേൽപ്പറഞ്ഞ സന്ധി 1993 ഡിസംബർ 29 ാം തീയതി നിലവിൽ വന്നതിനാലും;

മേൽപ്പറഞ്ഞ സന്ധി രാഷ്ട്രങ്ങൾക്ക് ജൈവവിഭവങ്ങളിൻമേലുള്ള പരമാധികാരം സ്ഥിരീകരിച്ചതിനാലും;

മേൽപ്പറഞ്ഞ സന്ധിയുടെ പ്രധാന ഉദ്ദേശ്യം ജൈവവൈവിധ്യ സംരക്ഷണവും അതിന്റെ ഘടകഭാഗങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിൽ നിന്നുണ്ടാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കലിന് വ്യവസ്ഥയുണ്ടാക്കുകയും മേൽപ്പറഞ്ഞ സന്ധി പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാകയാലും;

ഭാരത റിപ്പബ്ളിക്കിന്റെ 53-ാം വർഷത്തിൽ പാർലമെന്റ് താഴെ ക്കൊടുത്ത പ്രകാരം നിയമ നിർമാണം നടത്തിയിരിക്കുന്നു.

# പ്രാരംഭം

## 1. ചുരുക്കപ്പേര്, വ്യാപ്തി, ആരംഭം

*(1)* ഈ ആക്ട് ജൈവവൈവിധ്യ ആക്ട് 2002 എന്ന് വിളിക്കപ്പെടും.

*(2)* ഇത് ഭാരതത്തിന് മുഴുവൻ ബാധകമായിരിക്കും.

*(3)* ഈ ആക്ടിന്റെ വിവിധ വകുപ്പുകൾ കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.


എന്നിരുന്നാലും വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതാണ്. ഈ ആക്ടിന്റെ പ്രാബല്യത്തെ സംബന്ധിച്ച ഏതെങ്കിലും പരാമർശം ആ വ്യവസ്ഥ പ്രാബല്യത്തിൽ വന്നതിനെപ്പറ്റിയുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്.

## 2. നിർവചനങ്ങൾ

ഈ ആക്ടിൽ, സന്ദർഭത്തിനൊത്ത് മറ്റ് തരത്തിൽ വ്യാഖ്യാനിക്കപ്പെടേണ്ടി വന്നില്ലെങ്കിൽ,

*a)* **'പ്രയോജനാവകാശികൾ' (Benefit claimers)**

ജൈവവിഭവങ്ങളുടെയോ അവയുടെ ഉപോൽപന്നങ്ങളുടെയോ സംരക്ഷകർ, അങ്ങനെയുള്ള ജൈവ വിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തെയും, നവീകരണങ്ങളെയും, അങ്ങനെയുള്ള ഉപയോഗവും നവീകരണങ്ങളുമായി ബന്ധപ്പെട്ട നടപടികളെ സംബന്ധിച്ച അറിവിന്റെയും, വിവരങ്ങളുടെയും സ്രഷ്ടാക്കളും സൂക്ഷിപ്പുകാരും എന്നർഥം.



*b)* **'ജൈവവൈവിധ്യം' (Biological diversity)**

എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള ജീവികളും അവ ഭാഗമായ പരിസ്ഥിതി ശൃംഖലകളും തമ്മിലുള്ള വിഭിന്നത എന്നർഥം; സ്പീഷീസുകൾക്കിടയിലും സ്പീഷീസുകൾ തമ്മിലും സ്പീഷീസുകളും ആവാസവ്യവസ്ഥകളും തമ്മിലും ഉള്ള വൈവിധ്യവും ഉൾപ്പെടും.

*c)* **'ജൈവവിഭവങ്ങൾ' (Biological resources)**



സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ, അവയുടെ ഭാഗങ്ങൾ, അവയുടെ ജനിതക വസ്തുക്കൾ, അവയുടെ ഉപോല്പന്നങ്ങൾ (മൂല്യവർധിത വസ്തുക്കൾ ഒഴികെ), ഇവയുടെ സാധ്യമോ, യഥാർഥമോ ആയ ഉപയോഗമോ അഥവാ മൂല്യമോ സഹിതം എന്നർഥം. എന്നാൽ മനുഷ്യജനിതക വിഭവങ്ങൾ ഉൾപ്പെടുകയില്ല.


*d)* **'ജൈവ വ്യാപ്തി നിർണയവും, ജൈവ ഉപയോഗവും' (Bio survey & Bio utilization)**

ഏത് ഉദ്ദേശ്യത്തിലായാലും, ജൈവവിഭവങ്ങളുടെസ്പീഷീസുകൾ, ഉപസ്പീഷീസുകൾ, ജൈവജന്യ സത്തുകൾ (Extracts), ജീനുകൾ, ഇവയുടെ ഘടകങ്ങൾ മുതലായവയുടെ വ്യാപ്തി നിർണയമോ ശേഖരണമോ എന്നർഥം. സ്വഭാവസ്വരൂപപഠനവും, ജൈവവിഭവങ്ങളുടെ വിവരപ്പട്ടിക തയ്യാറാക്കലും ഉൾപ്പെടും.

*e)* **'ചെയർപേഴ്സൻ' (Chairperson)**

സന്ദർഭോചിതമായി, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ചെയർപേഴ്സൻ എന്നർഥം.


*f)* **'വാണിജ്യപരമായ ഉപയോഗം' (Commercial utilisation)**



മരുന്നു നിർമാണത്തിനും, വ്യാവസായിക എൻസൈം ഉൽപാദനത്തിനും, ഭക്ഷ്യസുഗന്ധങ്ങൾ, വാസനദ്രവ്യങ്ങൾ, നിറം കൊടുക്കുന്നവ, സൗന്ദര്യവർധക സാധനങ്ങൾ, കുഴമ്പുകൾ, ഒലിയോ റെസിനുകൾ, ജൈവജന്യ സത്തുകൾ, വിളകളുടെയും കന്നുകാലികളുടെയും ഗുണശേഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന ജീനുകൾ ഇവയ്ക്കു വേണ്ടി

വാണിജ്യപരമായി ജൈവവിഭവങ്ങളെ ഉപയോഗിക്കുക എന്നർഥം; പരമ്പരാഗത രീതിക ളുപയോഗിച്ചുള്ള പ്രജനന പ്രക്രിയകൾ, കൃഷി, കോഴി വളർത്തൽ, ഹോർട്ടികൾച്ചർ, കന്നുകാലി വളർത്തൽ, തേനീച്ച വളർത്തൽ ഇവ ഉൾപ്പെടുകയില്ല.

*g)* **'നീതിപൂർവമായ പ്രയോജനം പങ്കുവെക്കൽ' (Fair and equitable benefit sharing)**



21–ാം വകുപ്പ് പ്രകാരം ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടെ തീരുമാനപ്രകാരമുള്ള പ്രയോജനം പങ്കുവെക്കൽ എന്നർഥം.

*h)* **'തദ്ദേശ സ്ഥാപനങ്ങൾ' (Local bodies)**

ഭാരതത്തിന്റെ ഭരണഘടനയുടെ243Bഅനുച്ഛേദത്തിലെ ഖണ്ഡം (1) ഉം 243 Q അനുച്ഛേദത്തിലെ ഖണ്ഡം (1) ഉം അനുസരിച്ചുള്ള പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, അവ ഏത് പേരിലറിയപ്പെട്ടാലും, പഞ്ചായത്തുകളുടെയോ, മുനിസിപ്പാലിറ്റികളുടെയോ അഭാവത്തിൽ ഭരണഘടനയുടെയോ ഏതെങ്കിലും കേന്ദ്രആക്ടിന്റെയോ സംസ്ഥാനആക്ടിന്റെയോ വ്യവസ്ഥയനുസരിച്ച് രൂപവൽക്കരിക്കപ്പെട്ട സ്വയം ഭരണസ്ഥാപനങ്ങൾ എന്നർഥം.

*i)* **'മെമ്പർ' (Member)**

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ മെമ്പർ എന്നർഥം, ചെയർപേഴ്സനും ഉൾപ്പെടും.

*j)* **'ദേശീയ ജൈവവൈവിധ്യ അതോറിറ്റി' (National Biodiversity Authority)**

8–ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്നർഥം.

*k)* **'നിർദിഷ്ടം' (Prescribed)**

ഈ ആക്ട് അനുസരിച്ചുണ്ടാക്കിയ ചട്ടങ്ങളാൽ നിർദിഷ്ടം എന്നർത്ഥം.

*l)* **'വ്യവസ്ഥകൾ' (Regulations)**



ഈ ആക്ട് അനുസരിച്ചുണ്ടാക്കിയ വ്യവസ്ഥകൾ എന്നർഥം.

*m)* **'ഗവേഷണം' (Research)**

ജൈവവിഭവങ്ങളുടെ അഥവാ ജൈവ സമ്പ്രദായങ്ങൾ, ജീവനുള്ളവ, ജീവനുള്ളവയിൽ നിന്നുല്പാദിതമായവ, ഇവ ഉപയോഗിച്ച് ഏതെങ്കിലും വിധത്തിലുള്ള ഉല്പന്ന


നിർമാണത്തിനോ അവയിൽ മാറ്റം വരുത്തുന്നതിന് വേണ്ടിയുള്ള സാങ്കേതികപ്രയോഗങ്ങളെ സംബന്ധിച്ച പഠനമോ, ക്രമാനുഗതമായ അന്വേഷണമോ എന്നർഥം.

*n)* **'സംസ്ഥാന ജൈവവൈവിധ്യ ബോർഡ്' (State Biodiversity Board)**

22–ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നർഥം.


*o)* **'സുസ്ഥിരമായ ഉപയോഗം' (Sustainable use)**

വർത്തമാനതലമുറയുടെയും ഭാവിതലമുറയുടെയും ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുവാനുള്ള ജൈവവൈവിധ്യത്തിന്റെ ലഭ്യത നിലനിർത്തുന്നതും, കാലാന്തരത്തിൽ നാശമടയാത്തവിധത്തിലും തദനുസരണമായ തോതിലും ഉള്ള ജൈവവിഭവഘടക ഭാഗങ്ങളുടെ ഉപയോഗം എന്നർഥം.



*p)* **'മൂല്യവർധിത വസ്തുക്കൾ' (Value added products)**

പ്രത്യക്ഷത്തിൽ തിരിച്ചറിയുവാനോ വേർതിരിച്ചെടുക്കുവാനോ കഴിയാത്ത വിധത്തിൽ ജന്തുക്കളുടെയോ, സസ്യങ്ങളുടെയോ സത്തുകൾ അടങ്ങിയ ഉല്പന്നങ്ങൾ.



# ജൈവവൈവിധ്യ പ്രാപ്തിക്കുള്ള നിയന്ത്രണങ്ങൾ



**3. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അനുമതിയോടെ മാത്രമേ ചില വ്യക്തികൾ, സംഘടനകൾ എന്നിവ ജൈവവൈവിധ്യ സംബന്ധമായ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളു**

(1) ഉപവകുപ്പ് (2) ൽ പറഞ്ഞിരിക്കുന്ന യാതൊരു വ്യക്തിയും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെയല്ലാതെ ഭാരതത്തിലുള്ള ജൈവവിഭവങ്ങളോ, അവയെക്കുറിച്ചുള്ള അറിവുകളോ, ഗവേഷണത്തിനോ, വാണിജ്യപരമായ നേട്ടങ്ങൾക്ക് വേണ്ടിയുള്ള ഉപയോഗത്തിനോ, ജൈവവ്യാപ്തി നിർണയത്തിനോ കൈവശപ്പെടുത്തരുത്.

(2) ഉപവകുപ്പ് (2) പ്രകാരം ജൈവവൈവിധ്യ അതോറിറ്റിയുടെ അനുമതി തേടേണ്ടവർ താഴെപ്പറയുന്നവരാണ്.


*(a)* ഭാരത പൗരനല്ലാത്ത വ്യക്തി.

*(b)* ഇൻകംടാക്സ് ആക്ട് (1961)-ലെ 2-ാം വകുപ്പിന്റെ ഖണ്ഡം (30)-ൽ നിർവചിച്ച പ്രകാരം ഭാരതീയ പൗരനാണ് എങ്കിലും ഭാരതത്തിൽ താമസമില്ലാത്ത വ്യക്തി.

*(c)* ഒരു കോർപ്പറേറ്റ് ബോഡിയോ, അസോസിയേഷനോ, സ്ഥാപനമോ-

*i* ഭാരതത്തിൽ ഇൻകോർപ്പറേറ്റ് ചെയ്യാത്തതോ രജിസ്റ്റർ ചെയ്യാത്തതോ അല്ലെങ്കിൽ

*ii* ഭാരതത്തിൽ ഇന്ന് നിലിവിലുള്ള നിയമ പ്രകാരം ഇൻകോർപ്പറേറ്റ് ചെയ്തതോ രജിസ്റ്റർ ചെയ്തതോ, ഭാരതീയതേരമായ മൂലധനമോ പങ്കാളിത്തമോ ഉള്ളതോ ആയ ഒരു കോർപ്പറേഷനോ സംഘടനയോ;




## 4. ഗവേഷണഫലങ്ങൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരമില്ലാതെ ചില വ്യക്തികൾക്ക് കൈമാറരുത്

ഒരു വ്യക്തിയും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരമില്ലാതെ ഭാരതത്തിന്റെ തനതായതോ, ഭാരതത്തിൽ നിന്ന് ലഭിച്ചതോ ആയ ഏതെങ്കിലും ജൈവവിഭവങ്ങളുടെ ഏതെങ്കിലും ഗവേഷണ ഫലങ്ങൾ പണ സംബന്ധമായ പ്രതിഫലത്തിനോ മറ്റ് വിധത്തിലോ ഭാരതീയ പൗരനല്ലാത്തതോ, ഇൻകംടാക്സ് ആക്ട് (1961)-ലെ 2-ാം വകുപ്പിന്റെ ഖണ്ഡം 30-ൽ നിർവചിച്ച പ്രകാരം ഭാരതത്തിൽ താമസമില്ലാത്ത ഭാരത പൗരനോ, ഭാരതത്തിൽ സ്ഥാപിക്കപ്പെട്ടതോ, രജിസ്റ്റർ ചെയ്യപ്പെട്ടതോ അല്ലാത്ത ഒരു കോർപ്പറേറ്റ് ബോഡിക്കോ, സംഘടനയ്ക്കോ, ഭാരതത്തിൽ സ്ഥാപിക്കപ്പെട്ടതാണെങ്കിലും ഭാരതീയരല്ലാത്തവരുടെ പങ്കാളിത്തമോ ഓഹരി മൂലധനമോ നടത്തിപ്പോ ഉള്ള ഒരു കോർപ്പറേറ്റ് ബോഡിക്കോ, സംഘടനയ്ക്കോ കൈമാറാൻ പാടില്ല.

**വിശദീകരണം-**ഗവേഷണ സംബന്ധമായതും സെമിനാറുകളിലും ശിൽപശാലകളിലും അവതരിപ്പിക്കപ്പെടുന്നതുമായ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ചാണെങ്കിൽ അവ 'കൈമാറ്റ'ത്തിൽ ഉൾപ്പെടുകയില്ല.

## 5. 3, 4 വകുപ്പുകളിലെ വ്യവസ്ഥകൾ ചില സഹകരണ പ്രോജക്ടുകൾക്ക് ബാധകമല്ല

(1) സ്ഥാപനങ്ങൾ തമ്മിലോ സർക്കാർ ആഭിമുഖ്യത്തിലുള്ള ഭാരതത്തിലെ സ്ഥാപനങ്ങളും, മറ്റ് രാജ്യങ്ങളിലുള്ള അത്തരം സ്ഥാപനങ്ങളും തമ്മിലുമോ ജൈവവിഭവങ്ങളുടെയോ തത്സംബന്ധമായ വിവരങ്ങളുടെയോ കൈമാറ്റമോ വിനിമയമോ

ഉൾപ്പെടുന്ന സഹകരണ പ്രോജക്ടുകൾക്ക് 3, 4 വകുപ്പുകളിലെ വ്യവസ്ഥകൾ (Provision) ബാധകമല്ല, എന്നാൽ ഈ പ്രോജക്ടുകൾ ഉപവകുപ്പ് (3)-ൽ എടുത്ത് പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കനുസൃതമായിരിക്കണം.

(2) ഉപവകുപ്പ് (1)-ൽ പറഞ്ഞിരിക്കുന്നതല്ലാത്ത, ഈ ആക്ട് നിലവിൽ വരുന്നതിന് മുൻപ് വ്യവസ്ഥ ചെയ്യപ്പെട്ട കരാറുകളുടെ അടിസ്ഥാനത്തിൽ ഉള്ളതും, ഇപ്പോൾ പ്രാബല്യത്തിലുള്ളതുമായ സഹകരണ പ്രോജക്ടുകളുടെ ആ പ്രകാരമുള്ള കരാറുകൾ ഈ ആക്ടിലെ വ്യവസ്ഥകൾക്കോ, ഉപവകുപ്പ് (3)-ലെ ഖണ്ഡം (a) പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും മാർഗനിർദേശങ്ങൾക്കോ വിരുദ്ധമാണെങ്കിൽ എത്രത്തോളം വിരുദ്ധമാണോ അത്രത്തോളം സാധുതയില്ലാത്തതാകുന്നു.

(3) ഉപവകുപ്പ് (1)-ന്റെ ഉദ്ദേശ്യത്തിലുള്ള സഹകരണ പ്രോജക്ടുകൾ,


*(a)* കേന്ദ്രസർക്കാർ പുറപ്പെടുവിച്ച തത്സംബന്ധമായ നയപരമായ മാർഗ നിർദേശങ്ങൾക്കനുസരിച്ചുള്ളതായിരിക്കണം

*(b)* കേന്ദ്രസർക്കാരിന്റെ അനുമതിയുള്ളവയായിരിക്കണം.

## 6. ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച നടപടി ക്രമങ്ങൾ

(1) യാതൊരു വ്യക്തിയും, ഭാരതത്തിൽ നിന്നോ ഭാരതത്തിന് പുറത്തു നിന്നോ, ഭാരതത്തിലെ ഏതെങ്കിലും ജൈവവിഭവത്തിന് മേൽ നടത്തിയ ഗവേഷണ ത്തിന്റെയോ, ജൈവവിഭവ സംബന്ധമായ വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ നട ത്തിയ കണ്ടുപിടുത്തങ്ങളുടെ മേൽ ബൗദ്ധിക സ്വത്തവകാശം സ്ഥാപിച്ചു കിട്ടുന്നതിന് വേണ്ടി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോ ടെയല്ലാതെ അപേക്ഷിക്കരുത്.

എന്നിരുന്നാലും ഒരു വ്യക്തി ഏതെങ്കിലും കുത്തകാവകാശത്തിനു (Patent) വേണ്ടി അപേക്ഷിക്കുമ്പോൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അനു മതി വാങ്ങുന്നത് കുത്തകാവകാശം അംഗീ കരിച്ച ശേഷം ബന്ധപ്പെട്ട അധികൃതർ കുത്തകാവകാശം പതിച്ചു നൽകുന്നതിന് മുമ്പായാലും മതി. എന്നിരുന്നാലും അപേക്ഷ കിട്ടി 90 ദിവസത്തിനുള്ളിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി തീർപ്പ് കൽപ്പിക്കേണ്ടതാണ്.




(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഈ വകുപ്പ് പ്രകാരം കുത്തകാവകാശ അനുമതി നല്കു മ്പോൾ പ്രയോജനം പങ്കുവെക്കലിൽ ചുമത്തേണ്ട ഫീസോ, റോയൽട്ടിയോ, രണ്ടുമോ ഈടാക്കുന്നതിനുള്ള നിബന്ധ

നകളും അത്തരം അവകാശങ്ങൾ വാണിജ്യപരമായി ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന സാമ്പത്തിക ലാഭങ്ങൾ പങ്കുവെക്കുന്നതിനുള്ള നിബന്ധനകളും വെക്കാവുന്നതാണ്.

(3) പാർലമെന്റ് നിർമിച്ച വിളവൈവിധ്യ സംരക്ഷണത്തെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിച്ചിട്ടുള്ള വ്യക്തികൾക്ക് ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമല്ല.

(4) ഉപവകുപ്പ് (3)-ൽ പറയുന്ന നിയമ പ്രകാരം ഏതെങ്കിലും അവകാശം അനുവദിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട അതോറിറ്റി അപ്രകാരം അനുവദിച്ച രേഖയുടെ പകർപ്പ്, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയെക്കൊണ്ട് മേലൊപ്പ് വെപ്പിക്കേണ്ടതാണ്.


## 7. ജൈവവിഭവങ്ങൾ സ്വായത്തമാക്കുന്നതിലേക്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് മുൻകൂട്ടി അറിയിപ്പ് കൊടുക്കേണ്ടവർ

ഭാരത പൗരനായ ഒരു വ്യക്തിയോ, ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായ ഒരു കോർപ്പറേറ്റ് ബോഡിയോ, സംഘമോ, സംഘടനയോ, വാണിജ്യപരമായ ഉപയോഗത്തിനോ, ജൈവ വ്യാപ്തി നിർണയത്തിനോ, ജൈവ ഉപയോഗത്തിനോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് മുൻകൂട്ടിയുള്ള അറിയിപ്പ് കൊടുക്കാതെ ഒരു ജൈവവിഭവും കൈവശപ്പെടുത്തരുത്.



*എന്നിരുന്നാലും ഈ വകുപ്പിലെ വ്യവസ്ഥകൾ, തദ്ദേശവാസികൾ, സമൂഹങ്ങൾ, ജൈവവൈവിധ്യം കാത്തുസൂക്ഷിച്ചുപോന്നവർ, പരമ്പരാഗതമായി ജൈവവിഭവങ്ങൾ നാട്ടുവൈദ്യത്തിൽ ഉപയോഗിച്ച വന്ന വൈദ്യൻമാർ, ഹക്കീമുകൾ, ഉൾപ്പെടെയുള്ളവർക്ക് ബാധകമല്ല.*

# ദേശീയ ജൈവവൈവിധ്യ അതോറിറ്റി



## 8. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ സംസ്ഥാപനം

(1) ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്ന പേരുള്ള ഒരു സമിതി സ്ഥാപിക്കപ്പെടുന്നതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ശാശ്വതമായ പിൻതുടർച്ചയും ഒരു പൊതു മുദ്രയും, സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുവാനും കൈവശം വെക്കാനും കൈമാറാനും കരാറ് ചെയ്യാനും അധികാരം ഉള്ള ഒരു ഏകരൂപ കോർപ്പറേഷനായിരിക്കും; മേൽപ്പറഞ്ഞ പേരിൽ വ്യവഹാരം കൊടുക്കുകയും കൊടുക്കപ്പെടുകയും ചെയ്യാം.

(3) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ആസ്ഥാനം ചെന്നൈയിലായിരിക്കും. കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി ഭാരതത്തിലെവിടെയും ഇതിന്റെ ഓഫീസുകൾ തുറക്കാവുന്നതാണ്.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റി താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ്.

*(a)* ഒരു ചെയർപേഴ്സൻ, ജൈവവൈവിധ്യങ്ങളുടെ സംരക്ഷണത്തിലും, സുസ്ഥിരമായ ഉപയോഗത്തിലും, പ്രയോജനങ്ങൾ നീതിപൂർവമായി പങ്കുവെക്കുന്നതിലും, മതിയായ അറിവും പരിചയവും ഉള്ള കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടുന്ന പ്രഗല്ഭനായ ഒരു വ്യക്തിയായിരിക്കണം.

*(b)* കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടുന്ന 3 എക്സ് ഒഫീഷ്യോ മെമ്പർമാർ, ഒരാൾ ആദിവാസി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തെയും, മറ്റ് രണ്ട് പേർ പരിസ്ഥിതി/വനം മന്ത്രാലയത്തെയും പ്രതിനിധീകരിക്കുന്നവരും അതിൽ തന്നെ ഒരാൾ വനം മന്ത്രാലയത്തിലെ അഡീഷനൽ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് അല്ലെങ്കിൽ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് ആയിരിക്കുകയും വേണം.



*(c)* താഴെപ്പറയുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തെ പ്രതിനിധീകരിക്കുന്ന 7 എക്സ് ഒഫീഷ്യോ മെമ്പർമാർ കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടേണ്ടതാണ്.

*(i)* കൃഷി സംബന്ധമായ ഗവേഷണവും, വിദ്യാഭ്യാസവും;
*(ii)* ജൈവസാങ്കേതിക വിദ്യ;
*(iii)* സമുദ്ര വികസനം;
*(iv)* കൃഷിയും സഹകരണവും;
*(v)* ഭാരതീയ ചികിത്സാരീതികളും ഹോമിയോപ്പതിയും;
*(vi)* ശാസ്ത്രവും സാങ്കേതിക വിദ്യയും;
*(vii)* ശാസ്ത്ര-വ്യവസായിക ഗവേഷണങ്ങൾ;

*(d)* ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം, നീതിപൂർവമായ പ്രയോജനം പങ്കുവെക്കൽ മുതലായ കാര്യങ്ങളിൽ മതിയായ അറിവും പരിചയവുമുള്ള ശാസ്ത്രജ്ഞർ, മറ്റ് വിദഗ്ധർ, വ്യവസായ പ്രതിനിധികൾ, ജൈവവിഭവങ്ങളുടെ സംരക്ഷകർ, സ്രഷ്ടാക്കൾ, ജൈവവൈവിധ്യ വിഷയ സംബന്ധമായി അറിവുള്ളവർ മുതലായവരിൽ നിന്ന് കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടുന്ന 5 അനൗദ്യോഗിക മെമ്പർമാർ.



**9. ചെയർപേഴ്സന്റെയും മെമ്പർമാരുടെയും സേവന വ്യവസ്ഥകൾ**

എക്സ്ഒഫീഷ്യോ മെമ്പർമാർ ഒഴികെ ചെയർ പേഴ്സന്റെയും മറ്റ് മെംബർമാരുടെയും സേവന വ്യവസ്ഥകളും കാലാവധിയും കേന്ദ്രസർക്കാരിനാൽ നിർദിഷ്ടമായേക്കാവുന്ന പ്രകാരമായിരിക്കണം.

**10. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുഖ്യ നിർവാഹകൻ**

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുഖ്യ നിർവാഹകൻ ചെയർപേഴ്സൻ ആയിരിക്കും. ചെയർപേഴ്സൻ ജൈവവൈവിധ്യ അതോറിറ്റി നിർവചിച്ചിട്ടുള്ള എല്ലാ അധികാരങ്ങളും പ്രയോഗിക്കുകയും, കടമകൾ നിർവഹിക്കുകയും ചെയ്യേണ്ടതാകുന്നു.

**11. മെമ്പർമാരെ നീക്കം ചെയ്യൽ**

താഴെപ്പറയുന്ന കാരണങ്ങളാൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്ന് കേന്ദ്രസർക്കാരിന് മെമ്പർമാരെ നീക്കം ചെയ്യാവുന്നതാണ്.

*(a)* പാപ്പരായി വിധിക്കപ്പെട്ടാൽ; അഥവാ

*(b)* നീചവും ദുർനടപടിപരവുമായ കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടാൽ; അഥവാ

*(c)* മെമ്പർ എന്ന നിലയിൽ ശാരീരകമായും മാനസികമായും തന്റെ ചുമതല നിറവേറ്റുവാൻ കഴിവില്ലാതെ വന്നാൽ; അഥവാ

*(d)* ഉദ്യോഗത്തിൽ തുടരുന്നത് പൊതുതാത്പര്യങ്ങൾക്ക് ഹാനികരമാകത്തക്ക വിധത്തിൽ തന്റെ പദവി ദുരുപയോഗപ്പെടുത്തിയാൽ; അഥവാ

*(e)* മെമ്പർ എന്ന നിലയിൽ തന്റെ പ്രവർത്തനങ്ങളെ ഹാനികരമായി ബാധിക്കാനിടയുള്ള തരത്തിൽ തന്റെ പദവി ദുരുപയോഗപ്പെടുത്തി സാമ്പത്തികമോ സാമ്പത്തികേതരമോ ആയ നേട്ടമുണ്ടാക്കിയാൽ.

**12. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ യോഗങ്ങൾ**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി നിർദിഷ്ടമായ പ്രകാരമുള്ള സമയത്തും സ്ഥലത്തും, കാര്യങ്ങൾ നടത്തുന്നതിൽ അപ്രകാരമുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ടും (യോഗത്തിന്റെ കോറം ഉൾപ്പെടെ) യോഗം ചേരേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചെയർപേഴ്സൻ ആണ് യോഗങ്ങളിൽ ആധ്യക്ഷ്യം വഹിക്കേണ്ടത്.

(3) ഏതെങ്കിലും കാരണവശാൽ ചെയർപേഴ്സന് യോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ ഹാജരായ മെമ്പർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു മെമ്പർ ആധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) യോഗത്തിന് മുമ്പാകെ വരുന്ന പ്രശ്നങ്ങളുടെ പരിഹാര നിർദേശങ്ങൾ യോഗത്തിലെ ഭൂരിപക്ഷാഭിപ്രായ വോട്ടുകൾക്കനുസരിച്ചായിരിക്കണം. വോട്ടുകൾ തുല്യമായി വന്നാൽ ചെയർപേഴ്സന് അഥവാ ചെയർപേഴ്സന്റെ അഭാവത്തിൽ

ആധ്യക്ഷ്യം വഹിക്കുന്ന വ്യക്തിക്ക് ഒരു രണ്ടാം വോട്ട് അഥവാ കാസ്റ്റിംഗ് വോട്ട് ചെയ്യാവുന്നതാണ്.

(5) യോഗത്തിൽ തീരുമാനിക്കേണ്ട ഒരു കാര്യത്തിൽ ബന്ധമോ താത്പര്യമോ ഉള്ള മെമ്പർമാർ അവരവരുടെ ബന്ധമോ താത്പര്യമോ വെളിപ്പെടുത്തേണ്ടതും, അങ്ങനെ വെളിപ്പെടുത്തിയ ശേഷം യോഗത്തിൽ പങ്കെടുക്കാതിരിക്കേണ്ടതുമാണ്.

(6) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ തീരുമാനങ്ങളോ, നടപടികളോ താഴെപ്പറയുന്ന ഒരു കാരണത്താൽ മാത്രം അസാധുവാക്കപ്പെടുകയില്ല.

*(a)* ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവ്, അഥവാ സംസ്ഥാപനത്തിലുള്ള ന്യൂനത; അഥവാ

*(b)* ഒരു വ്യക്തിയെ മെമ്പറായി നിയമിക്കുന്നതിൽ വന്ന ന്യൂനത; അഥവാ

*(c)* ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നടപടികളിലെ വിഷയത്തിന്റെ ഗുണദോഷങ്ങളെ ബാധിക്കാത്ത ക്രമക്കേട്.

### 13 ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ കമ്മിറ്റികൾ

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കാർഷിക ജൈവവൈവിധ്യ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ കമ്മിറ്റികൾ രൂപീകരിക്കാം.

**വിശദീകരണം-** ഈ വകുപ്പിന്റെ ഉദ്ദേശ്യത്തിലേക്കായി കാർഷിക ജൈവവൈവിധ്യമെന്നാൽ കാർഷിക സംബന്ധമായ സ്പീഷീസുകളുടെയും അവയുടെ വന്യബന്ധുക്കളുടെയും വൈവിധ്യം എന്നർഥം.



(2) ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഈ ആക്ട് അനുസരിച്ചുള്ള അതിന്റെ കടമകൾ ഫലപ്രദമായി നിറവേറ്റാനും ചുമതലകൾ നിർവഹിക്കാനും അതിന് യുക്തമെന്ന് തോന്നുന്നത്ര കമ്മിറ്റികൾ ഉണ്ടാക്കാവുന്നതാണ്.

(3) ഈ വകുപ്പനുസരിച്ച് സംഘടിക്കപ്പെട്ട ഒരു കമ്മിറ്റിക്ക് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ മെമ്പറല്ലാത്ത, യുക്തമെന്ന് തോന്നുന്നത്ര വ്യക്തികളെ കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്. ഇങ്ങനെ കോ-ഓപ്റ്റ് ചെയ്യപ്പെട്ട വ്യക്തികൾക്ക് കമ്മിറ്റിയുടെ എല്ലാ യോഗങ്ങളിലും ഹാജരാകുവാനും അവകാശമുണ്ടായിരിക്കുന്നതാണ്; എന്നാൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

(4) ഉപവകുപ്പ് (2) പ്രകാരം കമ്മിറ്റിയിൽ മെമ്പർമാരായി നിയമിക്കപ്പെട്ട വ്യക്തികൾക്ക് കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ച പ്രകാരമുള്ള അലവൻസുകളും ഫീസുകളും ലഭിക്കുവാനർഹതയുണ്ടായിരിക്കും.

### 14. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഓഫീസർമാരും ജീവനക്കാരും

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഈ ആക്ട് അനുസരിച്ചുള്ള അതിന്റെ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുവാൻ ആവശ്യമാണെന്ന് അത് കരുതുന്ന പ്രകാരമുള്ള ഓഫീസർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) അപ്രകാരമുള്ള ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും ദേശീയ ജൈവവൈവിധ്യ അതോറിറ്റി വ്യവസ്ഥകളിലൂടെ എടുത്തു പറയുന്ന പ്രകാരമായിരിക്കണം.

### 15. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ തീരുമാനങ്ങളുടെയും ഉത്തരവുകളുടെയും അധികാരപ്പെടുത്തൽ

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ എല്ലാ ഉത്തരവുകൾക്കും തീരുമാനങ്ങൾക്കും ചെയർപേഴ്സൻ അഥവാ അതോറിറ്റി അതിന് വേണ്ടി പ്രത്യേകം അധികാരപ്പെടുത്തിയ മെമ്പർ ഒപ്പിട്ട് നിയമ സാധുത നൽകേണ്ടതാണ്;

### 16. അധികാരം ഏൽപ്പിച്ചുകൊടുക്കൽ

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഏതെങ്കിലും മെമ്പർക്കോ, ഓഫീസർക്കോ അതോറിറ്റിക്ക് യുക്തമെന്ന് കരുതുന്ന ഈ ആക്ട് പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവുകൾ മുഖേന അതിൽ പറയുന്ന നിബന്ധനകൾക്കനുസരിച്ച് രേഖാമൂലമായി ഏല്പിച്ചു കൊടുക്കാവുന്നതാണ്. (50-ാം വകുപ്പ് പ്രകാരം അപ്പീൽ കൊടുക്കുവാനോ, 64-ാം വകുപ്പ് പ്രകാരം ഏതെങ്കിലും നിയമവ്യവസ്ഥകൾ നിർമിക്കുവാനോ ഉള്ള അധികാരം ഒഴികെ)

### 17. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചെലവുകൾ

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ, മെമ്പർമാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, അലവൻസ്, പെൻഷൻ ഇവ എല്ലാം ഭാരതത്തിന്റെ സഞ്ചിത നിധിയിൽ നിന്നും ചെലവ് ചെയ്യേണ്ടതാണ്.

# ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും



**18. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും**

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ കടമ 3, 4, 6 വകുപ്പുകളിൽ പറയുന്ന പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്നതിനും നീതിപൂർവമായി പ്രയോജനങ്ങൾ പങ്കുവെക്കുന്നതിനും വ്യവസ്ഥകൾ മുഖേന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയുമാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് 3, 4, 6 വകുപ്പുകളിൽ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

(3) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക്,

*(a)* ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ ഘടക ഭാഗങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കൽ, ഇവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രസർക്കാരിനെ ഉപദേശിക്കുകയും;




*(b)* 37-ാം വകുപ്പിന്റെ ഉപ വകുപ്പ് (1) പ്രകാരം പൈതൃക സ്ഥാനങ്ങളായി (Heritage sites) വിജ്ഞാപനം ചെയ്യേണ്ട ജൈവവൈവിധ്യ പ്രധാനമായ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിലും അവയുടെ നടത്തിപ്പിനാവശ്യമായ നടപടികൾക്കും സംസ്ഥാന സർക്കാരിനെ ഉപദേശിക്കുകയും;

*(c)* ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായി വന്നേക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുകയും ചെയ്യാവുന്നതാണ്.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കേന്ദ്രസർക്കാരിന് വേണ്ടി, ഭാരതത്തിൽ നിന്ന് ലഭിച്ച ജൈവവിഭവങ്ങൾക്കോ അപ്രകാരമുള്ള വിഭവങ്ങളുമായി ബന്ധപ്പെട്ട അറിവിനോ ഭാരതത്തിന് പുറത്തുള്ള രാജ്യത്ത് ബൗദ്ധിക സ്വത്തവകാശം അനുവദിക്കുന്നത് എതിർക്കാൻ ആവശ്യമായ നടപടികൾ എടുക്കാവുന്നതാണ്.

# ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം



## 19. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം തേടേണ്ട പ്രവർത്തനങ്ങൾ

(1) 3-ാം വകുപ്പിന്റെ ഉപവകുപ്പ് (2)-ൽ പറയുന്ന ഒരു വ്യക്തി, ഭാരതത്തിലെ തനത് ജൈവവിഭവമോ തത്സംബന്ധമായ അറിവുകളോ ഗവേഷണത്തിന് വേണ്ടിയോ വാണിജ്യപരമായ ഉപയോഗത്തിനോ, ജൈവ വ്യാപ്തി നിർണയത്തിനോ, ജൈവ ഉപയോഗത്തിനോ കൈവശപ്പെടുത്താനോ, ഭാരതത്തിലെ തനതോ, ഭാരതത്തിൽ നിന്ന് കൈവശപ്പെടുത്തിയതോ ആയ ജൈവവിഭവങ്ങളെ സംബന്ധിച്ച ഗവേഷണ ഫലങ്ങൾ കൈമാറാനോ ആഗ്രഹിക്കുന്നുവെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയോട് നിർദിഷ്ടമായ ഫോറത്തിൽ അപ്രകാരമുള്ള ഫീസടച്ച് അപേക്ഷിക്കേണ്ടതാകുന്നു.

(2) 6-ാം വകുപ്പിന്റെ ഉപവകുപ്പ് (1) -ൽ പറയുന്ന ഏതെങ്കിലും ഒരു വ്യക്തി ഭാരതത്തിനകത്തോ, പുറത്തോ കുത്തകവകാവകാശത്തിനോ മറ്റേതെങ്കിലും രൂപത്തിലുള്ള ബൗദ്ധിക സ്വത്തവകാശത്തിനോ വേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് നിർദിഷ്ടമായ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാകുന്നു.


(3) ഉപവകുപ്പ് (1) അഥവാ ഉപവകുപ്പ് (2) പ്രകാരമുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അന്വേഷണങ്ങൾ നടത്തുകയും, ആവശ്യമാണെങ്കിൽ ഈ ഉദ്ദേശ്യത്തിനായി രൂപവൽക്കരിച്ച ഒരു വിദഗ്ധ കമ്മിറ്റിയുമായി കൂടിയാലോചിച്ചു ഇതിന് വേണ്ടിയുണ്ടാക്കിയ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായും, റോയൽട്ടിയായി ചാർജുകൾ ചുമത്തുന്നതടക്കം അത് യുക്തമെന്ന് കരുതുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഉത്തരവ് മുഖേന അംഗീകാരം അനുവദിക്കുകയോ അഥവാ കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കുകയോ ചെയ്യാം.

എന്നിരുന്നാലും അത് ബാധിക്കുന്ന വ്യക്തിക്ക് പറയുവാനുള്ളത് കേൾക്കുവാൻ അവസരം കൊടുക്കാതെ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടില്ല.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഈ വകുപ്പ് (Section) പ്രകാരം അനുവദിക്കുന്ന ഒരോ അംഗീകാരത്തിനും പൊതു അറിയിപ്പ് നൽകേണ്ടതാണ്.

**20. ജൈവവിഭവം അഥവാ അറിവ് കൈമാറൽ**

(1) 19-ാം വകുപ്പ് പ്രകാരം അംഗീകാരം അനുവദിക്കപ്പെട്ട ഒരു വ്യക്തിയും അപ്രകാരമുള്ള അംഗീകാരത്തിന്റെ വിഷയ കാര്യമായ ജൈവവിഭവമോ തത്സംബന്ധമായ അറിവോ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ സമ്മതത്തോടെയല്ലാതെ കൈമാറരുത്.



(2) ഉപവകുപ്പ് (1) പ്രകാരം ഒരു വ്യക്തി ജൈവവിഭവങ്ങൾ അഥവാ തത്സംബന്ധമായ അറിവുകൾ കൈമാറ്റം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത വ്യക്തി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നിർദിഷ്ട ഫോറത്തിൽ നിർദിഷ്ട രീതിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(3) ഉപവകുപ്പ് (2) പ്രകാരമുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അന്വേഷണങ്ങൾ നടത്തുകയും, ആവശ്യമാണെങ്കിൽ ഈ ഉദ്ദേശ്യത്തിനായി രൂപവൽക്കരിച്ച ഒരു വിദഗ്ധ കമ്മിറ്റിയുമായി കൂടിയാലോചിച്ചു റോയൽട്ടിയായി ചാർജുകൾ ചുമത്തുന്നതടക്കം അത് യുക്തമെന്ന് കരുതുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഉത്തരവ് മുഖേന അംഗീകാരം അനുവദിക്കുകയോ അഥവാ കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കുകയോ ചെയ്യാം.

എന്നിരുന്നാലും അത് ബാധിക്കുന്ന വ്യക്തിക്ക് പറയുവാനുള്ളത് കേൾക്കുവാൻ അവസരം കൊടുക്കാതെ നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടില്ല.

(4) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഈ വകുപ്പ് പ്രകാരം അനുവദിക്കുന്ന ഒരോ അംഗീകാരത്തിനും പൊതു അറിയിപ്പ് നൽകേണ്ടതാണ്

## 21. ദേശീയ ജൈവവൈവിധ്യ അതോറിറ്റി നീതിപൂർവമായ പ്രയോജനം പങ്കുവെക്കൽ തീരുമാനിക്കുന്നത്

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റി 19-ാം വകുപ്പോ 20-ാം വകുപ്പോ പ്രകാരം അംഗീകാരം അനുവദിക്കുന്നതിന് വിധേയമാക്കിയ വ്യവസ്ഥകളും നിബന്ധനകളും, പ്രാപ്തമാക്കിയ ജൈവവിഭവങ്ങളുടെയും അവയുടെ ഉപോല്പന്നങ്ങളുടെയും ഉപയോഗത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കൽ സുരക്ഷിതമാക്കുന്നുണ്ടെന്നും അവയുടെ ഉപയോഗവും പ്രയോഗവുമായി ബന്ധപ്പെട്ട നടപടികളും അവയെ സംബന്ധിച്ചുള്ള അറിവും അംഗീകാരത്തിന് അപേക്ഷിക്കുന്ന വ്യക്തിയും, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളും പ്രയോജനം പങ്കുവെക്കുന്നവരും പരസ്പരം സമ്മതിച്ച വ്യവസ്ഥകളോടും നിബന്ധനകളോടും പൊരുത്തപ്പെടുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഇതിന് വേണ്ടി ഉണ്ടാക്കിയ വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന രീതികളിലെല്ലാമോ അഥവാ അവയിലേതെങ്കിലും ഒന്നോ അനുസരിച്ച് പ്രയോജനം പങ്കുവെക്കൽ തീരുമാനിക്കേണ്ടതാണ്.

*(a)* ബൗദ്ധിക സ്വത്തവകാശം, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുമായി കൂട്ടുചേർന്നോ പ്രയോജനാവകാശികൾ ആരാണെന്ന് തിരിച്ചറിഞ്ഞ് അവരുടെ പേരിലോ നൽകുക.

*(b)* സാങ്കേതിക വിദ്യയുടെ കൈമാറ്റം;

*(c)* ഉത്പാദനത്തിനും ഗവേഷണത്തിനും വികസനത്തിനും ഉള്ള സ്ഥാപനങ്ങൾ, പ്രയോജനം പങ്കുവെക്കുന്നവരുടെ മെച്ചപ്പെട്ട ജീവിത നിലവാരം സാധ്യമാകുന്ന തരത്തിലുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കൽ;

*(d)* ജൈവവിഭവങ്ങൾ, അവയുടെ വ്യാപ്തി നിർണയം, അവയുടെ ഉപയോഗം, എന്നിവയെ സംബന്ധിച്ച് ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഭാരതീയ ശാസ്ത്രജ്ഞരെയും, തദ്ദേശീയരായ ആളുകളെയും, പ്രയോജനാവകാശികളെയും ബന്ധിപ്പിക്കൽ;

*(e)* പ്രയോജനാവകാശികളെ സഹായിക്കുവാൻ പ്രത്യേക മൂലധനഫണ്ട് സ്ഥാപിക്കൽ;


*(f)* ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന സാമ്പത്തിക നഷ്ടപരിഹാരങ്ങളും സാമ്പത്തികേതര പ്രയോജനങ്ങളും നൽകൽ;

(3) ദേശീയ ജൈവവൈവിധ്യ അതോറിറ്റി, ഏതെങ്കിലും തരത്തിൽ പ്രയോജനം പങ്കുവെക്കൽ വകയിൽ വല്ല തുകയും ഉത്തരവിട്ടിട്ടുണ്ടെങ്കിൽ, അത് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫണ്ടിൽ നിക്ഷേപിക്കണമെന്ന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് നിർദേശിക്കാവുന്നതാണ്.


എന്നിരുന്നാലും ജൈവവിഭവമോ തത്സംബന്ധമായ അറിവോ ഒരു പ്രത്യേക വ്യക്തിയിൽ നിന്നോ ഒരു കൂട്ടം വ്യക്തികളിൽ നിന്നോ, സംഘടനകളിൽ നിന്നോ പ്രാപതമാക്കിയതിന്റെ ഫലമാണെങ്കിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഒരു കരാറിന്റെ വ്യവസ്ഥകൾ അനുസരിച്ചും അത് യുക്തമെന്ന് കരുതുന്ന രീതി യിലുമുള്ള തുക വ്യക്തിക്കോ, വ്യക്തികളുടെ കൂട്ടത്തിനോ, സംഘടനയ്ക്കോ കൊടു ക്കാൻ നിർദേശിക്കാവുന്നതാണ്.

(4) ഈ വകുപ്പിന്റെ ഉദ്ദേശ്യത്തിലേക്കായി ദേശീയ ജൈവവൈവിധ്യ അതോറിറ്റി കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് വ്യവസ്ഥകൾ മുഖേന മാർഗനിർദേശങ്ങൾക്ക് രൂപം നൽകേ ണ്ടതാണ്.





# സംസ്ഥാന ജൈവവൈവിധ്യ ബോർഡ്



**22. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സംസ്ഥാപനം**

(1) ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന സംസ്ഥാനസർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്ന പേരുള്ള ഒരു ബോർഡ് സ്ഥാപിക്കപ്പെടുന്നതാണ്. അതത് സംസ്ഥാനങ്ങളുടെ പേരിലായിരിക്കും ഇത് അറിയപ്പെടുന്നത്.

(2) ഈ വകുപ്പിൽ എന്ത് തന്നെയുണ്ടെങ്കിലും കേന്ദ്രഭരണ പ്രദേശങ്ങളിൽ ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കുവാൻ പാടുള്ളതല്ല. ഈ പ്രദേശങ്ങളിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അധികാര ങ്ങൾ പ്രയോഗിക്കുകയും, ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

എന്നിരുന്നാലും കേന്ദ്രഭരണ പ്രദേശങ്ങളെ സംബന്ധിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അതിന്റെ എല്ലാ അധികാരങ്ങളും ചുമതലകളും, അഥവാ ഏതെങ്കിലും ഒന്ന് കേന്ദ്രസർക്കാർ നിർദേശിക്കുന്ന വ്യക്തിക്കോ, വ്യക്തികളുടെ കൂട്ടത്തിനോ ഏല്പിച്ചു കൊടുക്കാവുന്നതാണ്.

(3) മുൻപറഞ്ഞ പ്രകാരം നാമകരണം ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ശാശ്വതമായ പിൻതുടർച്ചയുള്ളതും ഒരു പൊതു മുദ്രയും, സ്ഥാവര ജംഗമ സ ത്തുക്കൾ ആർജ്ജിക്കുവാനും കൈവശം വെക്കാനും കൈമാറാനും കരാറ് ചെയ്യാനും അധികാരമുള്ള ഒരു ഏക്കരൂപ കോർപ്പറേഷനായിരിക്കും; മേൽപ്പറഞ്ഞ പേരിൽ വ്യവഹാരം കൊടുക്കുകയും കൊടുക്കപ്പെടുകയും ചെയ്യാം.

(4) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് താഴെപ്പറയുന്നവർ ഉൾക്കൊള്ളുന്നതാണ്.

*(a)* ഒരു ചെയർപേഴ്സൻ, ജൈവവൈവിധ്യങ്ങളുടെ സംരക്ഷണത്തിലും, സുസ്ഥിരമായ ഉപയോഗത്തിലും, പ്രയോജനങ്ങൾ നീതിപൂർവമായി പങ്കുവെക്കുന്നതിലും, മതിയായ അറിവും പരിചയവും ഉള്ള സംസ്ഥാനസർക്കാരിനാൽ നിയമിക്കപ്പെടുന്ന പ്രഗല്ഭനായ ഒരു വ്യക്തിയായിരിക്കണം;

*(b)* ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപയോഗം, ജൈവവൈവിധ്യങ്ങളുടെ ഉപയോഗത്തിൽ നിന്ന് ലഭിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കൽ എന്നീ കാര്യങ്ങളിൽ വൈദഗ്ധ്യമുള്ളവരിൽ നിന്ന് സംസ്ഥാന സർക്കാരിനാൽ നിയമിക്കപ്പെടുന്ന 5-ൽ കവിയാത്ത എക്സ് ഒഫീഷ്യോ മെംബർമാർ.

*(c)* ജൈവവൈവിധ്യസംരക്ഷണം, സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള ലാഭത്തിന്റെ പ്രയോജനം പങ്കുവെക്കൽ മുതലായ കാര്യങ്ങളിൽ വൈദഗ്ധ്യം ഉള്ള 5-ൽ കവിയാത്ത മെംബർമാരെ നിയമിക്കാവുന്നതാണ്.


(5) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആസ്ഥാനം സംസ്ഥാന സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ എടുത്ത് പറയുന്ന സ്ഥലത്തായിരിക്കും.

**23. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചുമതലകൾ**

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്;

*(a)* ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ ഘടക ഭാഗങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവമായ പങ്കുവെക്കൽ, ഇവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്ക് വിധേയമായി സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക;

*(b)* ഭാരതീയർക്ക് ഏതെങ്കിലും ജൈവവിഭവം വാണിജ്യപരമായി ഉപയോഗിക്കുന്നതിനോ, വ്യാപ്തി നിർണയത്തിനോ, ജൈവ ഉപയോഗത്തിനോ, ഉള്ള അംഗീകാരത്തിനോ മറ്റ് തരത്തിലുള്ള അപേക്ഷയോ അനുവദിക്കുന്നത് ക്രമീകരിക്കുക;




*(c)* ഈ ആക്ടിലെ വ്യവസ്ഥകൾ

പ്രാവർത്തികമാക്കുവാൻ ആവശ്യമുള്ളതോ സംസ്ഥാന സർക്കാരിനാൽ നിർദിഷ്ടമായതോ ആയ ചുമതലകൾ നിർവഹിക്കുക;

**24. ജൈവവൈവിധ്യ സംരക്ഷണ ലക്ഷ്യങ്ങൾക്കെതിരായുള്ള ചില പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അധികാരം**

(1) 7-ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും പ്രവർത്തനം ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ഒരു ഭാരത പൗരനോ, ഭാരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കോർപ്പറേറ്റ് ബോഡിയോ, സംഘമോ, സംഘടനയോ സംസ്ഥാനസർക്കാരിനാൽ നിർദിഷ്ടമായ പ്രകാരമുള്ള ഫോറത്തിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് മുൻകൂട്ടിയുള്ള അറിയിപ്പ് നൽകേണ്ടതാണ്.



(2) ഉപവകുപ്പ് (1) പ്രകാരം ഒരു അറിയിപ്പ് ലഭിച്ചാലുടൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച്, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തി, അത്തരം പ്രവർത്തനം ജൈവ സംരക്ഷണത്തിനോ, ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിനോ, അത്തരം പ്രവർത്തനത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനത്തിന്റെ നീതിപൂർവമായ പങ്കുവെക്കലിനോ ഹാനികരമാണെന്ന് കണ്ടാൽ, അപ്രകാരമുള്ള പ്രവർത്തനം ഉത്തരവ് മുഖേന നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്.

എന്നിരുന്നാലും അത് ബാധിക്കുന്ന വ്യക്തിക്ക് പറയുവാനുള്ളത് കേൾക്കുവാൻ അവസരം കൊടുക്കാതെ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടില്ല.

(3) ഉപവകുപ്പ് (1)-ൽ പറയുന്ന ഫോറത്തിൽ മുൻകൂട്ടി അറിയിപ്പ് നൽകപ്പെട്ട ഒരു വിവരവും മനഃപൂർവമോ അല്ലാതെയൊ ഇതുമായി ബന്ധമില്ലാത്ത ഒരു വ്യക്തിയോടും വെളിപ്പെടുത്തരുത്.


**25. 9-17 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ താഴെപ്പറയുന്ന മാറ്റങ്ങൾക്ക് വിധേയമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബാധകമാണ്;** അതായത്,

*(a)* കേന്ദ്രസർക്കാർ എന്നത് സംസ്ഥാന സർക്കാർ എന്നും

*(b)* ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്നത് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നും

*(c)* ഭാരതത്തിന്റെ സഞ്ചിതനിധി (Consolidated fund of India) എന്നത് സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധി എന്നും വ്യാഖ്യാനിക്കേണ്ടതാണ്.

# ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫണ്ട്, അക്കൗണ്ടുകൾ, ഓഡിറ്റ്



**26. കേന്ദ്രസർക്കാരിന്റെ ഗ്രാന്റുകളും ലോണുകളും**

പാർലമെന്റിന്റെ തത്സംബന്ധമായ നിയമം മുഖേന മുറപ്രകാരമുള്ള ധനവിനിയോഗം വ്യവസ്ഥ ചെയ്ത ശേഷം കേന്ദ്രസർക്കാർ ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതാണെന്ന് കരുതുന്ന തുകകൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഗ്രാന്റ് ആയോ, ലോൺ ആയോ നൽകേണ്ടതാണ്.

**27. ദേശീയ ജൈവവൈവിധ്യ ഫണ്ട് രൂപീകരണം**

(1) ദേശീയ ജൈവവൈവിധ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടുന്നതാണ്. ഈ ഫണ്ടിലേക്ക്,

*(a)* 26-ാം വകുപ്പ് പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ലഭിക്കുന്ന ലോണുകൾ, ഗ്രാന്റുകൾ

*(b)* ഈ ആക്ട് പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഈടാക്കുന്ന ചാർജുകളും റോയൽട്ടികളും;

*(c)* ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കേന്ദ്രസർക്കാർ തീരുമാനിക്കുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള എല്ലാ തുകകളും വരവ് ചേർക്കാവുന്നതാണ്.

(2) താഴെപ്പറയുന്ന കാര്യങ്ങൾക്കു വേണ്ടി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

*(a)* പ്രയോജനാവകാശികൾക്ക് പ്രയോജനം എത്തിച്ചുകൊടുക്കുന്നതിന്;

*(b)* ജൈവവിഭവങ്ങൾ അല്ലെങ്കിൽ തത്സംബന്ധമായ അറിവുകൾ എവിടെ നിന്ന് പ്രാപ്തമായോ ആ പ്രദേശത്തിന്റെ വികസനത്തിനും, ജൈവവിഭവങ്ങളുടെ സംരക്ഷണത്തിനും, പ്രോൽസാഹനത്തിനും;


*(c)* ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഖണ്ഡം *(b)*-യിൽ പറഞ്ഞിരിക്കുന്ന പ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിന്.

**28. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്**

ദേശീയ ജൈവ വൈവിധ്യ അതോറിറ്റി ഓരോ സാമ്പത്തിക വർഷത്തിലും നിർദിഷ്ട മായ ഫോറത്തിലും അപ്രകാരമുള്ള സമയത്തും മുൻവർഷത്തെ സാമ്പത്തിക നടപടികളുടെ പൂർണ്ണ വിവരങ്ങളോടു കൂടിയ വാർഷിക റിപ്പോർട്ടും അക്കൗണ്ടിന്റെ ഓഡിറ്റ് ചെയ്ത കോപ്പിയും ഓഡിറ്ററുടെ റിപ്പോർട്ടും കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**29. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ബഡ്ജറ്റ്, അക്കൗണ്ടുകൾ, ഓഡിറ്റ്**

(1) ദേശീയ ജൈവ വൈവിധ്യ അതോറിറ്റി ഒരു ബഡ്ജറ്റ് തയ്യാറാക്കുകയും ശരിയായ അക്കൗണ്ടുകളും പ്രസക്തമായ രേഖകളും (ജൈവവൈവിധ്യ ഫണ്ടിന്റെ അക്കൗണ്ടുകളും പ്രസക്തമായ രേഖകളും ഉൾപ്പെടെ) സൂക്ഷിക്കുകയും കേന്ദ്രസർക്കാർ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് കേന്ദ്രസർക്കാരിനാൽ നിർദിഷ്ടമായ ഫോറത്തിൽ അക്കൗണ്ടിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.



(2) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ നിർദേശിക്കുന്ന ഇട വേളകളിൽ ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടെ അക്കൗണ്ടുകൾ അദ്ദേഹം ഓഡിറ്റ് ചെയ്യേണ്ടതാണ്. ഇതിനോട് അനുബന്ധിച്ച്

ഉണ്ടായേക്കാവുന്ന ചെലവുകൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റി വഹിക്കേണ്ടതാണ്.


(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനോ അദ്ദേഹം തത്സംബന്ധമായി നിയമിക്കുന്ന ഒരു വ്യക്തിക്കോ ദേശീയ ജൈവ വൈവിധ്യ അതോറിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുമ്പോൾ പ്രത്യേകിച്ചും ബുക്കുകൾ, അക്കൗണ്ടുകൾ, വൗച്ചറുകൾ, മറ്റു രേഖകൾ, കടലാസുകൾ മുതലായവ ഹാജരാക്കുവാൻ ആവശ്യപ്പെടുന്നതിനുള്ള അതേ അവകാശങ്ങളും പ്രത്യേക അവകാശങ്ങളും, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഓഫീസുകൾ പരിശോധിക്കുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലോ, അദ്ദേഹം തത്സംബന്ധമായി നിയമിക്കുന്ന വ്യക്തിയോ സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടുകൾ ഓഡിറ്റ് റിപ്പോർട്ട് സഹിതം ദേശീയ ജൈവവൈവിധ്യ അതോറിറ്റി കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

### 30. വാർഷിക റിപ്പോർട്ട് പാർലമെന്റിൽ വെക്കുന്നതിനെ സംബന്ധിച്ച്

വാർഷിക റിപ്പോർട്ടും ഓഡിറ്റർ റിപ്പോർട്ടും ലഭിച്ചു കഴിഞ്ഞാൽ കഴിയുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വെക്കേണ്ടതാണ്.

# സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഫണ്ട്, അക്കൗണ്ടുകൾ, ഓഡിറ്റ്



### 31. സംസ്ഥാന ജൈവ വൈവിധ്യബോർഡിലേക്ക് സംസ്ഥാന സർക്കാരിന്റെ ഗ്രാന്റുകൾ

നിയമസഭയുടെ തത്സംബന്ധമായ നിയമം മുഖേന മുറപ്രകാരമുള്ള ധനവിനിയോഗം വ്യവസ്ഥ ചെയ്ത ശേഷം സംസ്ഥാനസർക്കാർ ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതാണെന്ന് കരുതുന്ന തുകകൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഗ്രാന്റായോ ലോൺ ആയോ നൽകേണ്ടതാണ്.

### 32. സംസ്ഥാന ജൈവവൈവിധ്യ ഫണ്ട്

(1) സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് സ്ഥാപിക്കേണ്ടതാണ്. ഈ ഫണ്ടിലേക്ക് താഴെ പറയുന്നവ വകയിരുത്തേണ്ടതാണ്.

*(a)* 31-ാം വകുപ്പ് പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ലഭിക്കുന്ന ലോണുകൾ, ഗ്രാന്റുകൾ;

*(b)* ഈ ആക്ട് പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈടാക്കുന്ന ചാർജുകളും റോയൽട്ടികളും;



*(c)* സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സംസ്ഥാനസർക്കാർ തീരുമാനിക്കുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള തുകകളും;

(2) താഴെപ്പറയുന്ന കാര്യങ്ങൾക്കു വേണ്ടി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

*(a)* പൈതൃകസ്ഥാന (Heritage sites) സംരക്ഷണത്തിന്;

*(b)* 37-ാം വകുപ്പിലെ ഉപവകുപ്പ് (1) പ്രകാരം ഉള്ള വിജ്ഞാപനത്താൽ സാമ്പത്തികമായി ബാധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാനോ, അവരെ പുനഃരധിവസിപ്പിക്കുവാനോ;

*(c)* ജൈവവിഭവങ്ങളുടെ പരിരക്ഷണത്തിനോ, പ്രോൽസാഹനത്തിനോ;

*(d)* 24-ാ ം വകുപ്പ് പ്രകാരം ഉള്ള ഏതെങ്കിലും ഉത്തരവിന് വിധേയമായും, തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചും, ജൈവവിഭവങ്ങൾ അല്ലെങ്കിൽ തത്സംബന്ധമായ അറിവുകൾ എവിടെ നിന്നും പ്രാപിച്ചുവോ, ആ പ്രദേശത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനോ;

*(e)* ഈ ആക്ട് അധികാരപ്പെടുത്തിയ ഉദ്ദേശ്യങ്ങൾക്കായുള്ള ചെലവിന് വേണ്ടിയോ;

### 33. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട്

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻ സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങളുടെ പൂർണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു വാർഷിക റിപ്പോർട്ട് ഓരോ

സാമ്പത്തിക വർഷത്തിലും നിർദിഷ്ടമായ ഫോറത്തിലും നിർദിഷ്ടമായ സമയത്തും തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് സംസ്ഥാനസർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

**34. സംസ്ഥാനജൈവവൈവിധ്യ ബോർഡിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റ്**

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അക്കൗണ്ടുകൾ സംസ്ഥാന അക്കൗണ്ട് ജനറലുമായി കൂടിയാലോചിച്ച്, നിർദിഷ്ട രൂപത്തിൽ സൂക്ഷിക്കേണ്ടതും അപ്രകാര മുള്ള രീതിയിൽ ഓഡിറ്റ് ചെയ്യേണ്ടതും, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിർദിഷ്ട തീയതിക്ക് മുമ്പ് അതിന്റെ ഓഡിറ്റ് ചെയ്ത പകർപ്പ് അതിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് സഹിതം സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതുമാകുന്നു.

**35. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട്**

സംസ്ഥാന സർക്കാർ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട് ലഭിച്ചാൽ കഴിയുന്നത്ര വേഗത്തിൽ അത് സംസ്ഥാന നിയമസഭയുടെ മുമ്പാകെ വെക്കേണ്ടതാണ്.

# കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ചുമതലകൾ



## 36. ജൈവവൈവിധ്യത്തിന്റെ സംരക്ഷണ സംബന്ധമായ നയരൂപീകരണം

(1) കേന്ദ്രസർക്കാർ, ജൈവവൈവിധ്യ സംരക്ഷണത്തിനും, ജൈവവൈവിധ്യത്തിന്റെ സുസ്ഥിരമായ ഉപയോഗത്തിനും, അഭിവൃദ്ധിക്ക് വേണ്ടിയും, ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും, ജൈവവിഭവങ്ങൾ തനത് പ്രദേശങ്ങളിലും (in-situ) അവയ്ക്ക് പുറത്തും (ex-situ) സംരക്ഷിക്കുന്നതിനും, ജൈവവൈവിധ്യത്തെ സംബന്ധിച്ച അവബോധവും ബഹുമാനവും വർധിപ്പിക്കുവാൻ ഗവേഷണം, പരിശീലനം, പൊതു വിദ്യാഭ്യാസം പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങൾ മുതലായവയ്ക്ക് പ്രോൽസാഹനം നൽകുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വേണ്ടിയുമുള്ള നയതന്ത്രങ്ങൾ, പദ്ധതികൾ, പരിപാടികൾ, മുതലായവ ദേശീയതലത്തിൽ വികസിപ്പിക്കേണ്ടതാണ്.

(2) ഏതെങ്കിലും സംസ്ഥാനത്തിൽ ജൈവ സമ്പുഷ്ട മേഖലകളിലെ ജൈവവിഭവങ്ങളോ അവയുടെ ആവാസ വ്യവസ്ഥകളോ അമിത ഉപയോഗമോ,

ദുരുപയോഗമോ, അശ്രദ്ധ മൂലമോ ഭീഷണി നേരിടുന്നുവെന്ന് കേന്ദ്രസർക്കാരിന് തോന്നുവാൻ മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അടിയന്തിരമായ പരിഹാര നടപടികൾ കൈക്കൊള്ളുവാൻ സംസ്ഥാനസർക്കാരിന് നിർദേശം നൽകുകയും വേണ്ട സാങ്കേതിക സഹായങ്ങളും മറ്റ് സഹായങ്ങളും നൽകുകയും വേണം.

(3) കേന്ദ്രസർക്കാർ സമുചിതമാണെന്ന് കരുതുന്നിടത്തോല്ലാം എത്രത്തോളം പ്രായോഗികമാണോ അത്രത്തോളം ജൈവവൈവിധ്യം സംരക്ഷിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും, സുസ്ഥിരമായ ഉപയോഗത്തിനുമുള്ള പദ്ധതികളും പരിപാടികളും നയങ്ങളും മേഖലാടിസ്ഥാനത്തിലോ, മേഖലകൾക്കതീതമായോ സമന്വയിപ്പിക്കേണ്ടതാണ്.

(4) കേന്ദ്രസർക്കാർ താഴെപ്പറയുന്ന നടപടികൾ ഏറ്റെടുക്കേണ്ടതാണ്.

*(i)* ആവശ്യമുള്ളിടങ്ങളിലെല്ലാം ജൈവവൈവിധ്യത്തെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന പദ്ധതികളുടെ പാരിസ്ഥിതാഘാതം തിട്ടപ്പെടുത്തുവാനും, അപ്രകാരം ബാധിക്കുന്നതൊഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യാൻ സന്ദർഭോചിതമായി പൊതുജന പങ്കാളിത്തം വ്യവസ്ഥ ചെയ്യാനും;

*(ii)* ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരമായ ഉപയോഗത്തിനും, മനുഷ്യരുടെ ആരോഗ്യത്തിനും പ്രത്യാഘാതമുണ്ടാക്കിയേക്കാവുന്ന ജൈവസാങ്കേതിവിദ്യയിലൂടെ ഭേദഗതി ചെയ്യപ്പെട്ട ജീവരൂപങ്ങളുടെ ഉപയോഗവും അവയുടെ പുറത്ത് വിടലുമായി ബന്ധപ്പെട്ട അപായസാധ്യതകളും കൈകാര്യം ചെയ്യുവാനും നിയന്ത്രിക്കുവാനും;

(5). കേന്ദ്രസർക്കാർ, ദേശീയ ജൈവ വൈവിധ്യ അതോറിറ്റി ശുപാർശ ചെയ്യുന്ന പ്രകാരം ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട തദ്ദേശീയരായ ആളുകളുടെ അറിവിനെ ബഹുമാനിക്കുവാനും സംരക്ഷിക്കുവാനും അപ്രകാരമുള്ള അറിവ് തദ്ദേശ തലത്തിലും സംസ്ഥാന തലത്തിലും ദേശീയതലത്തിലും രജിസ്റ്റർ ചെയ്യുന്നതടക്കമുള്ള നടപടികളിലൂടെയും 'സൂയി ജനറിസ്' സമ്പ്രദായം ഉൾപ്പെടെ, പരിശ്രമിക്കേണ്ടതാണ്.

**വിശദീകരണം–** ഈ വകുപ്പിന്റെ ഉദ്ദേശ്യത്തിൽ,

*(a) ex-situ* conservation, ജൈവവൈവിധ്യ ഘടകങ്ങളുടെ തനത് വാസസ്ഥലങ്ങൾക്ക് പുറത്തുള്ള സംരക്ഷണം എന്നർഥം.

*(b) in-situ* conservation, തനത് ആവാസ വ്യവസ്ഥകൾ, വാസസ്ഥലങ്ങൾ ഇവയുടെ സംരക്ഷണം, ജീവനക്ഷമമായ സ്പീഷീസുകളുടെ വീണ്ടെടുക്കലും സ്വാഭാവിക ചുറ്റുപാടുകളിൽ വെച്ചുള്ള പരിപാലനവും, മെരുക്കിയെടുത്തതോ കൃഷി ചെയ്യപ്പെടുന്നതോ ആയ സ്പീഷീസുകളുടെ പ്രത്യേക സ്വഭാവ വിശേഷങ്ങൾ രൂപപ്പെട്ട ചുറ്റുപാടുകളിൽ വെച്ചുള്ള സംരക്ഷണം എന്നർഥം.



## 37. ജൈവവൈവിധ്യ പൈതൃക സ്ഥാനങ്ങൾ (Heritage sites)

(1) നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിന് കോട്ടം തട്ടാത്ത രീതിയിൽ, സംസ്ഥാനസർക്കാരിന് അപ്പപ്പോൾ തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച്, ഈ ആക്ട് പ്രകാരം ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളെ പൈതൃക സ്ഥാന ങ്ങളായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്.

(2) സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് അത്തരം പൈതൃക സ്ഥാനങ്ങളുടെ നടത്തിപ്പിനും സംരക്ഷണത്തിനും വേണ്ട ചട്ടങ്ങൾ നിർമിക്കാവുന്ന താണ്.



(3) സംസ്ഥാനസർക്കാരിന് അപ്രകാരമുള്ള വിജ്ഞാപനം മൂലം സാമ്പത്തികമായി ബാധിച്ച ജനവിഭാഗങ്ങളെയോ, ഏതെ ങ്കിലും വ്യക്തിയെയോ പുന രഃധിവസിപ്പിക്കുവാനോ അവർക്ക് നഷ്ട പരിഹാരം കൊടുക്കുവാനോ ഉള്ള പദ്ധതികൾ ഉണ്ടാക്കാവുന്നതാണ്.

## 38 വംശനാശ ഭീഷണി നേരിടുന്ന സ്പീഷീസുകളെ സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം

നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത രീതിയിൽ കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരുമായി ആലോചിച്ച് വംശനാശ ഭീഷണി നേരിടുന്ന സ്പീഷീസുകളെയോ സമീപ ഭാവിയിൽ വംശനാശം സംഭവിച്ചേക്കാ വുന്ന സ്പീഷീസുകളെയോ കണ്ടെത്തി അപ്പപ്പോൾ വിജ്ഞാപനം പുറപ്പെടുവിക്കുകയും അവയുടെ ശേഖരണം നിരോധിക്കുകയോ നിയന്ത്രിക്കുകയോ, അപ്രകാരമുള്ള സ്പീഷീസുകളെ പുനഃരധിവസിപ്പിക്കുകയോ ചെയ്യുവാനുള്ള യുക്ത മായ നടപടികൾ എടുക്കുകയോ ചെയ്യേണ്ടതാണ്.

## 39. സൂക്ഷിപ്പുകേന്ദ്രം (Repositories) തെരഞ്ഞെടുക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം

(1) ഈ ആക്ട് അനുസരിച്ച് വിവിധ ജൈവവിഭവങ്ങളുടെ സൂക്ഷിപ്പു കേന്ദ്രങ്ങളായി ചില സ്ഥാപനങ്ങളെ കേന്ദ്രസർക്കാരിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുമായി കൂടിയാലോചിച്ച് കണ്ടെത്താവുന്നതാണ്.

(2) സൂക്ഷിപ്പുകേന്ദ്രങ്ങളിൽ നിക്ഷേപിക്കപ്പെട്ട ജൈവവിഭവങ്ങളുടെ തെളിവിലേക്കായി മാതൃകകൾ ഉൾപ്പെടെയുള്ളവ സുരക്ഷിതമായി സൂക്ഷി ക്കേണ്ടതാണ്.

(3) ഒരു വ്യക്തി ഒരു ജീവവർഗത്തിന്റെ (taxon) പുതിയ അവാന്തരവിഭാഗങ്ങൾ കണ്ടെത്തിയാൽ ആ വിവരം മുൻ പറഞ്ഞ സ്ഥാപനങ്ങളിലേതിലെങ്കിലും അറിയിക്കേണ്ടതും തെളിവിലേക്കായി മാതൃക (Voucher specimen) നിക്ഷേപിക്കേണ്ടതുമാണ്.

**40. ചില ജൈവ വിഭവങ്ങളെ ഒഴിവാക്കാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം**

ഈ ആക്ടിൽ എന്തുതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും, കേന്ദ്രസർക്കാരിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുമായി ആലോചിച്ച് സാധാരണയായി ചരക്കുകളായി വ്യാപാരം ചെയ്യപ്പെടുന്ന ജൈവവിഭവങ്ങൾ ഉൾപ്പെടെയുള്ള ഏത് ഇനങ്ങൾക്കും ഈ ആക്ട് ബാധകമല്ലെന്ന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന പ്രഖ്യാപിക്കാവുന്നതാണ്.

# ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ



## 41. ജൈവവൈവിധ്യ നടത്തിപ്പ് കമ്മിറ്റി രൂപീകരണം


(1) എല്ലാ തദ്ദേശ സ്ഥാപനങ്ങളും ജൈവവിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം ഇവ പ്രോത്സാഹിപ്പിക്കുവാനും ആവാസ വ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, വളർത്തിനങ്ങൾ, പോറ്റ് കന്നുകാലികൾ, സൂക്ഷ്മാണുക്കൾ, ഇവയുടെ സംരക്ഷണം ആദിയായവയെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുവാനും ജൈവവൈവിധ്യ സംബന്ധമായ അറിവുകളുടെ കാലാനുസൃതമായ വിവരങ്ങൾ ശേഖരിക്കുവാനും, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ ജൈവവൈവിധ്യ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ഈ ഉപവകുപ്പിന്റെ ഉദ്ദേശ്യത്തിൽ,

*(a)* 'കൃഷിയിനം' (Cultivar), കൃഷിയിലൂടെ ഉത്പാദിതമായതോ കൃഷിയിൽ തുടർന്ന് നില നിർത്തിപ്പോന്നതോ അഥവാ കൃഷിക്കായി പ്രത്യേക ഉദ്ദേശ്യത്തോടുകൂടി സ്വാഭാവരൂപവൽക്കരണം നടത്തിയതോ ആയ സസ്യയിനം എന്നർഥം.

*(b)* 'നാടൻ ഇനം' (Folk variety), കർഷകർ അവർക്കിടയിൽ അനൗപചാരികമായി വികസിപ്പിച്ചെടുക്കുകയും വളർത്തിയെടുക്കുകയും, കൈമാറുകയും ചെയ്തു വന്നിരുന്ന സസ്യയിനം എന്നർഥം.

*(c)* 'പ്രാചീന ഇനങ്ങൾ' (Land race), പുരാതന കാലത്തെ കർഷകരും അവരുടെ പിൻഗാമികളും പ്രാചീന കാലം മുതൽ വളർത്തിയ "പ്രാകൃത" കൃഷിയിനം എന്നർഥം.




(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡും ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുമായി ആലോചിച്ചതിന് ശേഷം മാത്രമേ അവയുടെ പ്രദേശിക പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നിന്നുള്ള ജൈവവിഭവങ്ങളുടെയും ജൈവവൈവിധ്യ സംബന്ധമായ അറിവുകളുടെ മേലുമുള്ള ഏത് തീരുമാനവും കൈക്കൊള്ളാൻ പാടുള്ളു.



(3) ജൈവവൈവിധ്യ കമ്മിറ്റികൾക്ക് അവയുടെ പ്രദേശിക പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ നിന്നും വാണിജ്യപരമായ ഉദ്ദേശ്യത്തിന് ജൈവവിഭവങ്ങൾ, തത്സംബന്ധമായ അറിവുകൾ എന്നിവ പ്രാപ്യമാക്കുന്നതോ ശേഖരിക്കുന്നതോ ആയ വ്യക്തിയോട് ശേഖരണ ചാർജ് ചുമത്താവുന്നതാണ്.

# തദ്ദേശ ജൈവവൈവിധ്യ ഫണ്ട്



### 42. തദ്ദേശ ജൈവ വൈവിധ്യ ഫണ്ടിലേക്കുള്ള ഗ്രാന്റുകൾ

നിയമസഭയിൽ തത്സംബന്ധമായ നിയമം മുഖേന മുറപ്രകാരമുള്ള ധനവിനിയോഗം വ്യവസ്ഥ ചെയ്ത ശേഷം സംസ്ഥാനസർക്കാർ ഈ ആക്ടിന്റെ ഉദ്ദേശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതാണെന്ന് കരുതുന്ന പ്രകാരമുള്ള തുകകൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഗ്രാന്റായോ ലോൺ ആയോ നൽകേണ്ടതാണ്.

### 43. തദ്ദേശ ജൈവവൈവിധ്യ ഫണ്ട് രൂപീകരണം

(1) സംസ്ഥാനസർക്കാർ വിജ്ഞാപനം ചെയ്തതും ഏതെങ്കിലും സ്വയംഭരണ സ്ഥാപനം പ്രവർത്തിക്കുന്നതുമായ ഓരോ പ്രദേശത്തും തദ്ദേശ ജൈവവൈവിധ്യ ഫണ്ട് എന്ന് വിളിക്കുന്ന ഒരു ഫണ്ട് സ്ഥാപിക്കപ്പെടേണ്ടതാകുന്നു. താഴെപ്പറയുന്ന തുകകൾ ഈ ഫണ്ടിൽ വരവ് വെക്കപ്പെടണം.

*(a)* 42-ാം വകുപ്പ് പ്രകാരമുള്ള ഗ്രാന്റുകൾ, ലോണുകൾ;

*(b)* ദേശീയ ജൈവവൈവിധ്യ അതോറിറ്റി നൽകുന്ന ഗ്രാന്റുകൾ, ലോണുകൾ;

*(c)* സംസ്ഥാന ജൈവവൈവിധ്യബോർഡ് അനുവദിക്കുന്ന ഗ്രാന്റുകൾ, ലോണുകൾ;

*(d)* ജൈവവൈവിധ്യ കമ്മിറ്റികൾക്ക് 41-ാം വകുപ്പിന്റെ ഉപവകുപ്പ് (3) പ്രകാരം ലഭിക്കുന്ന ഫീസ്;

*(e)* തദ്ദേശ ജൈവവൈവിധ്യ ഫണ്ടിലേക്ക് സംസ്ഥാനസർക്കാർ തീരുമാനിച്ചേക്കാവുന്ന ഏത് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുകകൾ;


## 44. തദ്ദേശ ജൈവവൈവിധ്യ ഫണ്ടിന്റെ വിനിയോഗം

(1) ഉപവകുപ്പ് (2) ലെ വ്യവസ്ഥകൾക്ക് വിധേയമായി, തദ്ദേശ ജൈവവൈവിധ്യഫണ്ടിന്റെ സൂക്ഷിപ്പും ഫണ്ടുപയോഗിക്കേണ്ട കാര്യങ്ങളും സംസ്ഥാനസർക്കാരിനാൽ നിർദിഷ്ടമായേക്കാവുന്ന രീതിയിലാകണം.

(2) തദ്ദേശ ജൈവവൈവിധ്യ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ജൈവവിഭവങ്ങളുടെ സംരക്ഷണത്തിനും പ്രോൽസാഹനത്തിനും വേണ്ടിയും ജൈവവൈവിധ്യം കാത്തുസൂക്ഷിച്ചു പോന്ന സമൂഹത്തിന് പ്രയോജനം ലഭിക്കത്തക്ക രീതിയിലും ജൈവവൈവിധ്യവുമായി പൊരുത്തപ്പെടുന്ന രീതിയിലും ഉപയോഗിക്കേണ്ടതാണ്.

## 45. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ വാർഷിക റിപ്പോർട്ട്

തദ്ദേശ ജൈവവൈവിധ്യ ഫണ്ടിന്റെ പ്രാദേശിക സൂക്ഷിപ്പുകാരനായ വ്യക്തി, ഓരോ സാമ്പത്തിക വർഷത്തിലും മുൻ സാമ്പത്തിക വർഷത്തിലെ അതിൻെറ പ്രവർത്തനങ്ങളുടെ പൂർണ വിവരങ്ങൾ അടങ്ങിയ ഒരു വാർഷിക റിപ്പോർട്ട്, നിർദിഷ്ട ഫോറത്തിൽ നിർദിഷ്ട സമയത്ത് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതുമാകുന്നു.



## 46. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ്

ജൈവവൈവിധ്യ നടത്തിപ്പ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ സംസ്ഥാനത്തിലെ അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർദിഷ്ടമായ പ്രകാരമുള്ള രീതിയിൽ സൂക്ഷിക്കുകയും ഓഡിറ്റ് ചെയ്ത അക്കൗണ്ടിന്റെ പകർപ്പ് ഓഡിറ്റ് റിപ്പോർട്ട് സഹിതം നിർദിഷ്ട തീയതിക്ക് മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതുമാകുന്നു.

## 47. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റിയുടെ വാർഷിക റിപ്പോർട്ടും മറ്റും ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കണം

41-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം നിലവിൽ വന്ന ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ സംഘടിപ്പിക്കുന്ന ഓരോ തദ്ദേശ സ്ഥാപനവും 45, 46 വകുപ്പുകളിൽ പറയുന്ന വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഹിതം ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ പകർപ്പും തദ്ദേശ സ്ഥാപനത്തിന്റെ അധികാര പരിധിയുള്ള ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കാൻ നടപടിയെടുക്കേണ്ടതാണ്.

# പലവക

## 48. ജൈവവൈവിധ്യ അതോറിറ്റി കേന്ദ്രസർക്കാരിന്റെ നിർദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥമായിരിക്കും

(1) ഈ ആക്ടിൽ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് കോട്ടം തട്ടാതെ ഈ ആക്ട് അനുസരിച്ചുള്ള ചുമതലകളും കടമകളും നിർവഹിക്കുന്നതിൽ; നയപരമായ പ്രശ്നങ്ങളിൽ കേന്ദ്ര സർക്കാർ അപ്പപ്പോൾ രേഖാമൂലം നൽകുന്ന പ്രകാരമുള്ള നിർദേശങ്ങൾ അനുസരിക്കുവാൻ ദേശീയ ജൈവവൈവിധ്യ അതോറിറ്റി ബാധ്യസ്ഥമാണ്.

എന്നിരുന്നാലും ഈ ഉപവകുപ്പനുസരിച്ച് എന്തെങ്കിലും നിർദേശം നൽകുന്നതിന് മുമ്പ് പ്രായോഗികമാകുന്നിടത്തോളം ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്.

(2) ഒരു പ്രശ്നം നയപരമാണോ അല്ലയോ എന്നതിൽ കേന്ദ്രസർക്കാർ തീരുമാനം അന്തിമമായിരിക്കും.

## 49. നിർദേശങ്ങൾ കൊടുക്കുവാനുള്ള സംസ്ഥാനസർക്കാരിന്റെ അധികാരം

(1) ഈ ആക്ടിൽ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് കോട്ടം തട്ടാതെ ഈ ആക്ട് അനുസരിച്ചുള്ള ചുമതലകളും കടമകളും നിർവഹിക്കുന്നതിൽ; നയപരമായ പ്രശ്നങ്ങളിൽ സംസ്ഥാനസർക്കാർ അപ്പപ്പോൾ രേഖാമൂലം നൽകുന്ന പ്രകാരമുള്ള നിർദേശങ്ങൾ അനുസരിക്കുവാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബാധ്യസ്ഥമാണ്.

എന്നിരുന്നാലും ഈ ഉപവകുപ്പനുസരിച്ച് എന്തെങ്കിലും നിർദേശം നൽകുന്നതിന് മുമ്പ് പ്രായോഗികമാകുന്നിടത്തോളം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് അതിന്റെ അഭിപ്രായം പറയുവാൻ അവസരം നൽകേണ്ടതാണ്.

(2) ഒരു പ്രശ്നം നയപരമാണോ അല്ലയോ എന്നതിൽ സംസ്ഥാനസർക്കാർ തീരുമാനം അന്തിമമായിരിക്കും.

## 50. സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ തമ്മിലുള്ള തർക്കങ്ങൾ

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും ഒരു സംസ്ഥാന ജൈവവൈവിധ്യ ബോർഡും തമ്മിൽ തർക്കം ഉണ്ടായാൽ താത്പര്യം അനുസരിച്ച് ഒന്നുകിൽ മേൽപ്പറഞ്ഞ അതോറിറ്റിക്ക്, അല്ലെങ്കിൽ ബോർഡിന് നിർദിഷ്ട സമയത്തിനകം കേന്ദ്രസർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(2) ഉപവകുപ്പ് (1) പ്രകാരം നൽകുന്ന അപ്പീൽ കേന്ദ്രസർക്കാരിനാൽ നിർദിഷ്ട മായ ഫോറത്തിലായിരിക്കണം.

(3) അപ്പീൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടി കേന്ദ്രസർക്കാരിനാൽ നിർദി ഷ്ടമായ പ്രകാരത്തിലായിരിക്കണം.

എന്നിരുന്നാലും അപ്പീൽ തീർപ്പ് കൽപ്പിക്കുന്നതിന് മുമ്പ് കക്ഷികൾക്ക് പറയുവാ നുള്ളത് കേൾക്കാൻ അവസരം നൽകേണ്ടതാണ്.

(4) സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ തമ്മിൽ തർക്കങ്ങൾ ഉണ്ടായാൽ കേന്ദ്ര സർക്കാർ ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് വിടേണ്ടതാണ്.

(5) ഉപവകുപ്പ് (4) പ്രകാരം തർക്കങ്ങൾ വിചാരണ ചെയ്യുമ്പോൾ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി സ്വാഭാവിക നീതിയുടെ തത്വങ്ങൾ മാർഗനിർദേശമാക്കുകയും കേന്ദ്രസർക്കാരിനാൽ നിർദിഷ്ടമായ നടപടികൾ പിൻതുടരുകയും വേണം.

(6) ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് ഈ വകുപ്പ് അനുസരിച്ച് അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ 1908-ലെ സിവിൽ നടപടി നിയമ സംഹിതയനുസ രിച്ച് സിവിൽ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളിൽ ഉണ്ടായിരിക്കും.

*(a)* ഏതൊരാൾക്കും സമൻസ് അയയ്ക്കുവാനും ഹാജരാകുവാൻ നിർബന്ധി ക്കുവാനും സത്യപ്രതിജ്ഞ ചെയ്ത് വിസ്തരിക്കുവാനും;

*(b)* ആവശ്യമായ രേഖ കണ്ടെത്തുന്നതിനും ഹാജരാക്കിക്കുന്നതിനും;

*(c)* സത്യവാങ്മൂലം മുഖേന തെളിവ് സ്വീകരിക്കുവാൻ;

*(d)* സാക്ഷികളെ വിസ്തരിക്കുവാനും, രേഖകൾ പരിശോധിക്കുവാനും

*(e)* തീർപ്പുകൾ പുനഃപരിശോധിക്കുവാനും;

*(f)* കൃത്യവിലോപത്തിന് അപേക്ഷ നിരസിക്കുവാനും അല്ലെങ്കിൽ എക്സ് പാർട്ടിയായി തീർപ്പുകൽപ്പിക്കുവാനും;

*(g)* കൃത്യവിലോപത്തിന് തള്ളിയ ഉത്തരവോ എക്സ് പാർട്ടിയായി കൽപ്പിച്ച ഉത്തരവോ നീക്കം ചെയ്യുവാൻ;

*(h)* നിർദിഷ്ടമായേക്കാവുന്ന മറ്റേത് കാര്യവും.

(7) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻപാകെയുള്ള ഓരോ നടപ ടിയും ഇൻഡ്യൻ പീനൽ കോഡിലെ 193 ഉം 228 ഉം വകുപ്പുകളുടെ വിവക്ഷയിൽ ജുഡിഷ്യൽ നടപടിയായും, ദേശീയ ജൈവവൈവിധ്യ അതോറിറ്റി 1973 ലെ ക്രിമിനൽ പ്രൊസീഡ്യർ കോഡിലെ 195-ാം വകുപ്പിന്റെയും 261-ാം അധ്യായത്തിൻെറയും വിവ ക്ഷയിൽ ഒരു സിവിൽ കോടതിയായും കരുതപ്പെടും.

## 51. ജൈവവൈവിധ്യ അതോറിറ്റിയുടെയും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും ഉദ്യോഗസ്ഥരും, മെംബർമാരും സർക്കാരുദ്യോഗസ്ഥരായി കണക്കാക്കപ്പെടേണ്ടതാണ്

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ എല്ലാ ഓഫീസർമാരും ജീവനക്കാരും ഈ ആക്ടിലെ വ്യവസ്ഥകൾ പിൻതുടർന്ന് പ്രവർത്തിക്കുമ്പോൾ, ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിലെ 21-ാം വകുപ്പിൽ പറയുന്ന അർഥത്തിലുള്ള സർക്കാരുദ്യോഗസ്ഥൻമാരായി കരുതപ്പെടുന്നതായിരിക്കും. ഇൻഡ്യൻ പീനൽ കോഡിന്റെ 21-ാം വകുപ്പിലെ ഈ ആക്ട് വ്യവസ്ഥ ചെയ്യുന്നത് പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും ഉദ്യോഗസ്ഥരും, മെംബർമാരും അവരുടെ കൃത്യങ്ങൾ നിർവഹിക്കുമ്പോൾ പൊതുസേവകരായി കണക്കാക്കപ്പെടേണ്ടവരാണ്.

## 52. അപ്പീൽ നൽകുന്നത് സംബന്ധിച്ച്

ഈ ആക്ട് പ്രകാരം ഒരു വ്യക്തിക്ക് പ്രയോജനം പങ്കുവെക്കൽ സംബന്ധിച്ച് അതത് സംഗതിയിൻമേൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡോ പ്രതികൂലമായ തീർപ്പോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ തീർപ്പോ ഉത്തരവോ കൈപ്പറ്റി 30 ദിവസത്തിനകം ഹൈക്കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

എന്നിരുന്നാലും നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് ഹൈക്കോടതിക്ക് ബോധ്യപ്പെടുന്ന പക്ഷം വീണ്ടും 60 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കുവാൻ അവസരം നൽകാവുന്നതാണ്.

## 53. തീർപ്പോ ഉത്തരവോ നടപ്പാക്കൽ

ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ, സംസ്ഥാനജൈവവൈവിധ്യ ബോർഡിന്റെയോ ഈ ആക്ട് അനുസരിച്ച് പ്രയോജനം പങ്കുവെക്കുന്നതിനെ സംബന്ധിച്ച തീരുമാനമോ, ഉത്തരവോ, അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ തീരുമാനത്തിനോ ഉത്തരവിനോ എതിരെ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനോ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഏതെങ്കിലും ഓഫീസറോ, ഹൈക്കോടതി രജിസ്ട്രാറോ നൽകുന്ന സർട്ടിഫിക്കറ്റ് ഒരു സിവിൽ കോടതി വിധിയായി കരുതപ്പെടുന്നതും സിവിൽ കോടതിവിധി നടപ്പാക്കുന്ന അതേ രീതിയിൽ തന്നെ നടപ്പാക്കാവുന്നതും ആണ്.

**വിശദീകരണം-** ഈ വകുപ്പിന്റെയും 52-ാം വകുപ്പിന്റെയും ഉദ്ദേശ്യത്തിലേക്കായി "സംസ്ഥാന ജൈവവൈവിധ്യ ബോർഡ് "എന്ന പ്രയോഗത്തിൽ 22-ാം വകുപ്പിന്റെ ഉപവകുപ്പ് (2) അനുസരിച്ചുള്ള അധികാരങ്ങളും ചുമതലകളും ആ ഉപവകുപ്പിന്റെ സോപാധിക വകുപ്പനുസരിച്ച് ഏൽപ്പിക്കപ്പെട്ട വ്യക്തിയോ, വ്യക്തികളുടെ കൂട്ടമോ ഉൾപ്പെടും; അപ്രകാരമുള്ള വ്യക്തിയെയോ വ്യക്തികളുടെ കൂട്ടത്തേയോ സംബന്ധിച്ച സർട്ടിഫിക്കറ്റ് അപ്രകാരമുള്ള വ്യക്തിയോ, വ്യക്തികളുടെ കൂട്ടമോ ആരാണോ അവർ നൽകേണ്ടതാണ്.

## 54. ഉത്തമവിശ്വാസത്തിൽ ചെയ്ത കൃത്യത്തിന്റെ സംരക്ഷണം

കേന്ദ്രസർക്കാരോ, സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ഓഫീസർ, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവൈവിധ്യ ബോർഡിന്റെയോ ഏതെങ്കിലും മെംബർ, ഓഫീസർ, ജീവനക്കാരൻ മുതലായവർ ഈ ആക്ടോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ നിയമ വ്യവസ്ഥകളോ അനുസരിച്ച് ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാനുദ്ദേശിച്ചതോ ആയ യാതൊരു കൃത്യത്തിനും എതിരെ വ്യവഹാരങ്ങളോ ശിക്ഷണ നടപടികളോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

## 55. പിഴ ഈടാക്കൽ സംബന്ധിച്ച്

(1) 3 ,4, 6 വകുപ്പുകൾ ലംഘിക്കുകയോ ലംഘിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നവർക്ക് പരമാവധി അഞ്ചു വർഷം വരെ തടവോ അഥവാ പരമാവധി പത്ത് ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ, വരുത്തിയ നാശം പത്ത് ലക്ഷം കവിഞ്ഞാൽ അങ്ങനെയുള്ള നാശത്തിന് തുല്യമായ തുകയ്ക്കോ ശിക്ഷ നൽകപ്പെടാവുന്നതാണ്.

(2) 7-ാം വകുപ്പിലെ വ്യവസ്ഥകളോ അല്ലെങ്കിൽ 24-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ ലംഘിക്കുകയൊ ലംഘിക്കുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും പരമാവധി മൂന്ന് വർഷം തടവിനോ, പരമാവധി 5 ലക്ഷം രൂപ വരെ പിഴയടക്കാനോ, രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടുന്നതായിരിക്കും.

## 56. കേന്ദ്ര, സംസ്ഥാന സർക്കാർ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യബോർഡ്, ആയവയുടെ നിർദേശങ്ങളോ ഉത്തരവുകളോ ലംഘിക്കപ്പെട്ടാലുള്ള പിഴ

കേന്ദ്ര, സംസ്ഥാനസർക്കാരിന്റെയോ, ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ, ഏതെങ്കിലും നിർദേശമോ ഉത്തരവോ ലംഘിക്കുന്ന ഏതൊരാളും, അതിന് ഈ ആക്ടിൽ പ്രത്യേക ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ പിഴയടക്കാൻ ശിക്ഷിക്കപ്പെടുന്നതായിരിക്കും. കുറ്റം തുടരുന്ന പക്ഷം അങ്ങനെ തുടരുന്ന ഒരോ ദിവസത്തേക്കും രണ്ട് ലക്ഷം രൂപ വീതം പിഴയടക്കാൻ ശിക്ഷിക്കപ്പെടും.

## 57. കമ്പനികളുടെ കുറ്റം

(1) എന്നാൽ ആക്ട് പ്രകാരം കുറ്റമോ, ലംഘനമോ ഒരു കമ്പനി ചെയ്താൽ കുറ്റമോ, ലംഘനമോ ചെയ്ത സമയത്ത് കമ്പനിയുടെ ഇടപാടുകളുടെ ചാർജോ, ഉത്തരവാദിത്വമോ വഹിക്കുന്ന ആളും കമ്പനിയും കുറ്റമോ, ലംഘനമോ ചെയ്തതായി കരുതപ്പെടും.

എന്നിരുന്നാലും കുറ്റമോ ലംഘനമോ നടന്നത് ആ വ്യക്തിയറിയാതെണെന്നോ, പ്രസ്തുത വ്യക്തി അപ്രകാരമുള്ള കുറ്റമോ ലംഘനമോ തടയുന്നതിന് വേണ്ടത്ര ശുഷ്കാന്തി കാണിച്ചതായോ തെളിയിച്ചാൽ ഈ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന യാതൊരുവിധത്തിലും ഉള്ള ശിക്ഷയ്ക്കും അർഹനാവുകയില്ല.

(2) ഉപവകുപ്പ് (1)-ൽ എന്ത് പറഞ്ഞിട്ടുണ്ടെങ്കിലും കമ്പനിയുടെ ഡയറക്ടർ, മാനേജർ, സെക്രട്ടറി, ഏതെങ്കിലും ഓഫീസർ ഇവരുടെ സമ്മതത്തോടെയോ ഒത്താശയോടെയോ അല്ലെങ്കിൽ പ്രസ്തുത വ്യക്തികളുടെ ഉപേക്ഷ മൂലമോ ആണ് ലംഘനം നടന്നിട്ടുള്ളതെങ്കിൽ പ്രസ്തുത വ്യക്തികൾ കുറ്റക്കാരായി കരുതപ്പെടുകയും നടപടി എടുക്കപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതുമായിരിക്കും.

**വിശദീകരണം-** ഈ വകുപ്പിന്റെ ഉദ്ദേശ്യത്തിലേക്കായി,

*(a)* കമ്പനി, ഏതെങ്കിലും കോർപ്പറേഷൻ എന്നർഥം; കൂട്ടുവ്യാപാരവും വ്യക്തികളുടെ മറ്റ് സംഘങ്ങളും ഉൾപ്പെടും;

*(b)* ഡയറക്ടർ, ഏതെങ്കിലും കൂട്ടുവ്യാപാരത്തിന്റെ പങ്കാളി എന്നർഥം.

## 58. കുറ്റത്തിന്റെ സ്വഭാവം

ഈ വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ കോടതിയുടെ അനുവാദമില്ലാതെ കേസാക്കാവുന്നതും ജാമ്യമില്ലാത്തതും ആകുന്നു.

## 59. മറ്റ് ആക്ടിലെ വ്യവസ്ഥകളും ഈ ആക്ടിലെ വ്യവസ്ഥകളും

ഈ ആക്ടിലെ വ്യവസ്ഥകൾ വനം വന്യജീവി വകുപ്പിനെ സംബന്ധിച്ച ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയുള്ളതും അവയ്ക്ക് ഹാനികരമല്ലാത്ത തരത്തിലുമായിരിക്കും.

## 60. സംസ്ഥാനസർക്കാരുകൾക്ക് നിർദേശങ്ങൾ നൽകാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം

ഈ ആക്ടിലെ വ്യവസ്ഥകളോ, ചട്ടങ്ങളോ, നിയമവ്യവസ്ഥകളോ അനുസരിച്ചുണ്ടാക്കിയ ഉത്തരവുകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് കേന്ദ്രസർക്കാരിന് സംസ്ഥാനസർക്കാരിന് നിർദേശങ്ങൾ നൽകാവുന്നതാണ്.

## 61. കേസ് എടുക്കുന്നത് സംബന്ധിച്ച്

താഴെപ്പറയുന്നവരുടെ പരാതിയിൻമേലല്ലാതെ ഒരു കോടതിക്കും ഈ ആക്ട് അനുസരിച്ചുള്ള കുറ്റത്തിന് കേസ് എടുക്കുവാൻ പാടില്ല.

*(a)* കേന്ദ്രസർക്കാരോ, ഇതിന് വേണ്ടി കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും അധികാര സമിതിയുടെയോ, ഓഫീസറുടെ;

*(b)* അപ്രകാരമുള്ള കുറ്റത്തിന് പരാതികൊടുക്കാൻ ഉദ്ദേശിക്കുന്നതായി കേന്ദ്രസർക്കാരിനോ, കേന്ദ്രസർക്കാർ മുൻ പറഞ്ഞ പ്രകാരം അധികാരപ്പെടുത്തിയ അതോറിറ്റിക്കോ ഓഫീസർക്കോ 30 ദിവസത്തിൽ കുറയാത്ത നോട്ടീസ് നൽകിയ ഏതെങ്കിലും പ്രയോജനാവകാശി.

## 62. കേന്ദ്രസർക്കാരിന്റെ ചട്ടങ്ങൾ നിർമിക്കാനുള്ള അധികാരം

(1) കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനുള്ള ചട്ടങ്ങൾ നിർമിക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ വ്യാപ്തിയെ ബാധിക്കാതെ അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കോ അവയിൽ ഏതെങ്കിലും ഒന്നിനോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

*(a)* 9-ാം വകുപ്പ് പ്രകാരം ചെയർപേഴ്സന്റെയും മെമ്പർമാരുടെയും സേവന വ്യവസ്ഥകൾ;

*(b)* 10-ാം വകുപ്പ് പ്രകാരം ചെയർപേഴ്സന്റെ അധികാരങ്ങളും കടമകളും;

*(c)* 12-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം യോഗങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച നടപടികൾ;

*(d)* 19-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതിന്റെ അപേക്ഷാ ഫോറവും, ഫീസും;

*(e)* 19-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം അപേക്ഷ കൊടുക്കുന്ന രീതിയും അപേക്ഷ ഫോറവും;

*(f)* 20-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം ജൈവവിഭവങ്ങളും തത്സംബന്ധമായ അറിവുകളും കൈമാറുന്നതിന് ഉള്ള അപേക്ഷാ ഫോറവും രീതിയും;

*(g)* ദേശിയ ജൈവവൈവിധ്യ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ട ഫോറവും സമയവും 28-ാം വകുപ്പ് പ്രകാരം ചെലവുകളുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത പകർപ്പും ഓഡിറ്ററുടെ റിപ്പോർട്ടും സമർപ്പിക്കേണ്ട തിയതിയും;

*(h)* 29-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം അക്കൗണ്ടിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ട ഫോറവും;

*(i)* 50-ാം വകുപ്പ് പ്രകാരം അപ്പീൽ സമർപ്പിക്കേണ്ട സമയ പരിധിയും ഫോറവും; അപ്പീൽ തീർപ്പാക്കുന്നതിനും വിചാരണ ചെയ്യുന്നതിനുമുള്ള നടപടികൾ;

*(j)* 50-ാം വകുപ്പിന്റെ ഉപവകുപ്പിലെ (6) ഖണ്ഡം (h) പ്രകാരം ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കൂടുതൽ കാര്യങ്ങളിൽ പ്രയോഗിക്കാവുന്ന സിവിൽ കോടതിയുടെ അധികാരം;

*(k)* 61-ാം വകുപ്പിന്റെ ഖണ്ഡം (b) പ്രകാരം അറിയിപ്പ് നൽകുന്നത് സംബന്ധിച്ച്;

*(l)* ചട്ടപ്രകാരം നിർദിഷ്ടമാക്കേണ്ടുന്നതും നിർദിഷ്ടമാക്കാവുന്നതുമായ മറ്റു വല്ല കാര്യങ്ങളും

(3) ഈ വകുപ്പനുസരിച്ചുണ്ടാക്കുന്ന ഓരോ ചട്ടവും വ്യവസ്ഥയും അതുണ്ടാക്കി കഴിയുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനം നടക്കുമ്പോൾ, മൊത്തം 30 ദിവസക്കാലം, അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായി രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആകാം, പാർലമെന്റിൻെറ ഓരോ സഭയിലും വെക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള സമ്മേളനമോ തുടർച്ചയായ സമ്മേളനങ്ങളോ അവസാനിക്കുന്നതിന് മുമ്പ്

ഇരു സഭകളും യോജിച്ച് ചട്ടത്തിലോ വ്യവസ്ഥയിലോ വല്ല മാറ്റം വരുത്തുകയോ ചട്ടമോ വ്യവസ്ഥയോ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്താൽ അതിൽ പിന്നെ ആ ചട്ടത്തിനോ വ്യവസ്ഥക്കോ അപ്രകാരം മാറ്റം വരുത്തിയ രൂപ ത്തിലേ പ്രാബല്യമുണ്ടാകുകയുള്ളു, അഥവാ പ്രാബല്യമില്ലാതാകുകയും ചെയ്യും. എന്നാൽ അപ്രകാരമുള്ള മാറ്റവും ദുർബലപ്പെടുത്തലും ആ ചട്ടം അഥവാ വ്യവസ്ഥയനു സരിച്ച് അതിന് മുമ്പ് ചെയ്ത യാതൊന്നിനെയും ബാധിക്കുന്നതല്ല.

**63. സംസ്ഥാനസർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം**

(1) സംസ്ഥാനസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന ഈ ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനുള്ള ചട്ടങ്ങൾ നിർമിക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ വ്യാപ്തിയെ ബാധിക്കാതെ അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കോ അവയിൽ ഏതെങ്കിലും ഒന്നിനോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

സംസ്ഥാനസർക്കാരിന് ഈ നിയമത്തിന്റെ ഉദ്ദേശ്യം നടപ്പിലാക്കുന്നതിലേക്കാവശ്യമായ ചട്ടങ്ങൾ താഴെ പറയുന്ന വിഷയങ്ങളിൽ നിർമിക്കാവുന്നതും പൊതുവിജ്ഞാപനത്തിലൂടെ പ്രസിദ്ധീരിക്കാവുന്നതുമാണ്.

*(a)* 23-ാം വകുപ്പിന്റെ ഖണ്ഡം (c) പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിർവഹിക്കേണ്ട മറ്റ് ചുമതലകൾ;

*(b)* 24 -ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം മുൻകൂട്ടി അറിയിപ്പ് നൽകുന്ന തിനുള്ള ഫോറം;

*(c)* 33-ാം വകുപ്പ് പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും വാർഷിക റിപ്പോർട്ട് അവതരിപ്പിക്കേണ്ട സമയവും തയ്യാറാക്കേണ്ട ഫോറവും;

*(d)* 34-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ അക്കൗണ്ടുകൾ സുക്ഷിക്കേണ്ട രീതിയും ഓഡിറ്റ് ചെയ്യേണ്ട വിധവും ഓഡിറ്റ് ചെയ്ത പകർപ്പും ഓഡിറ്റ് റിപ്പോർട്ടും സമർപ്പിക്കേണ്ട തീയതി;

*(e)* 37-ാം വകുപ്പ് പ്രകാരം ദേശീയ പൈതൃകസ്ഥാനങ്ങളുടെ നടത്തിപ്പും സംരക്ഷണവും;

*(f)* ജൈവവൈവിധ്യ ഫണ്ടിന്റെ സൂക്ഷിപ്പും നടത്തിപ്പും, 44-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം ജൈവവൈവിധ്യഫണ്ട് ഉപയോഗപ്പെടുത്തേണ്ടുന്ന ഉദ്ദേശ്യങ്ങൾ;

*(g)* 45-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തിലും അവതരിപ്പിക്കേണ്ട സമയവും തയ്യാറാക്കേണ്ട ഫോറവും;

*(h)* തദ്ദേശ ജൈവവൈവിധ്യ ഫണ്ടിന്റെ അക്കൗണ്ടുകൾ സുക്ഷിക്കുകയും 46-ാം വകുപ്പ് പ്രകാരം ഓഡിറ്റ് ചെയ്യേണ്ട വിധവും ഓഡിറ്റ് ചെയ്ത പകർപ്പും ഓഡിറ്റർ റിപ്പോർട്ടും സമർപ്പിക്കേണ്ട സമയം;

*(i)* എടുത്ത് പറയേണ്ടതും പറഞ്ഞേക്കാവുന്നതുമായ മറ്റ് കാര്യങ്ങൾ

3. ഈ വകുപ്പ് പ്രകാരം സംസ്ഥാനസർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾ സംസ്ഥാന നിയമ സഭയുടെ മുമ്പാകെ, രണ്ടു സഭകൾ ഉണ്ടെങ്കിൽ ഓരോന്നിന്റെയും, ഒന്ന് മാത്രമേ ഉള്ളുവെങ്കിൽ അതിന്റെയും അവ ഉണ്ടാക്കിക്കഴിയുന്നത്ര വേഗത്തിൽ വെക്കേണ്ടതാണ്.

## 64. വ്യവസ്ഥകൾ ഉണ്ടാക്കുവാനുള്ള അധികാരം

ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ഗസറ്റ് വിജ്ഞാപനം മുഖേന ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കുവാൻ വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

## 65. പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള അധികാരം

(1) ഈ ആക്ടിന്റെ വ്യസ്ഥകൾ പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും പ്രശ്നം ഉൽഭവിച്ചാൽ കേന്ദ്രസർക്കാരിന് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ ഉത്തരവ് മുഖേന പ്രശ്നം പരിഹരിക്കാവുന്നതാണ്.

എന്നിരുന്നാലും ഈ ആക്ട് നിലവിൽ വന്ന് രണ്ടു വർഷത്തിന് ശേഷം ഉത്തരവുകൾ ഉണ്ടാക്കുവാൻ പാടില്ല.

(2) ഈ വകുപ്പ് അനുസരിച്ചുണ്ടാക്കുന്ന ഒരോ ഉത്തരവും അത് ഉണ്ടാക്കിക്കഴിയുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വെക്കേണ്ടതാണ്.

**സുഭാഷ് സി. ജെയ്ൻ**
സെക്രട്ടറി, ഭാരത സർക്കാർ

# ജൈവവൈവിധ്യ ചട്ടങ്ങൾ 2004

# പരിസ്ഥിതി വനം മന്ത്രാലയം വിജ്ഞാപനം

ന്യൂഡെൽഹി; 2004 ഏപ്രിൽ 15-ാം തീയതി

ജി. എസ് . ആർ 261 (ഇ).- ജൈവവൈവിധ്യ ആക്ട് 2002-ന്റെ 62-ാം വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റി (ചെയർപേഴ്സന്റെയും മറ്റ് മെമ്പർമാരുടെയും ശമ്പളം, അലവൻസ്, സേവന വ്യവസ്ഥ കൾ) ചട്ടങ്ങൾ 2003 ദുർബലപ്പെടുത്തിക്കൊണ്ടും, അങ്ങനെ ദുർബലപ്പെടുത്തുന്നതിന് മുൻപ് ചെയ്യുകയോ, ചെയ്യാതിരിക്കുകയോ ചെയ്ത വല്ലതുമൊഴികെ, കേന്ദ്രസർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു; അതായത്;-

**ജൈവവൈവിധ്യ ചട്ടങ്ങൾ 2004**

**1. ചുരുക്കപ്പേര്, പ്രാബല്യം**

(1) ഈ ചട്ടങ്ങൾ ജൈവവൈവിധ്യ ചട്ടങ്ങൾ എന്നു വിളിക്കപ്പെടും.

(2) അവ 2004 ഏപ്രിൽ 15 തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

**2. നിർവചനങ്ങൾ**

*(a)* 'ആക്ട്',- 2002-ലെ ജൈവവൈവിധ്യ ആക്ട് (2003 ലെ 18-ാം നമ്പ്ര്) എന്നർഥം;

*(b)* 'അതോറിറ്റി',- 8-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം സ്ഥാപിക്കപ്പെട്ട ദേശീയ ജൈവവൈവിധ്യ അതോറിറ്റി എന്നർഥം;

*(c)* 'ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ',- 41-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം ഒരു തദ്ദേശ സ്ഥാപനം മുഖേന സ്ഥാപിക്കപ്പെട്ടത് എന്നർഥം;

*(d)* 'ചെയർപേഴ്സൻ',- സന്ദർഭമനുസരിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റി യുടെയോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ ചെയർപേഴ്സൻ എന്നർഥം;

*(e)* 'ഫീ',- പട്ടികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉള്ള ഏതെങ്കിലും ഫീസ് എന്നർഥം;

*(f)* 'ഫോറം',- ഈ ചട്ടങ്ങൾക്ക് അനുബന്ധമായി കൊടുത്തിരിക്കുന്ന ഫോറം എന്നർഥം;

*(g)* **'**മെമ്പർ'- സന്ദർഭമനുസരിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയോ, ചെയർപേഴ്സൻ ഉൾപ്പെടെയുള്ള മെമ്പർ എന്നർഥം.

*(h)* 'വകുപ്പ്', - ജൈവവൈവിധ്യ ആക്ടിലെ വകുപ്പ് എന്നർഥം;

*(i)* 'സെക്രട്ടറി', -അതോറിറ്റിയുടെ മുഴുവൻ സമയ സെക്രട്ടറി എന്നർഥം;

*(j)* ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവചിച്ചിട്ടില്ലാത്തും, എന്നാൽ ആക്ടിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്ടിൽ അവയ്ക്ക് നല്കിയിട്ടുള്ള അർഥങ്ങൾ യഥാക്രമം ഉണ്ടായിരിക്കുന്നതാണ്;

**3. ചെയർപേഴ്സനെ തെരഞ്ഞെടുക്കുന്നതിന്റെയും നിയമിക്കുന്നതിന്റെയും രീതി**

(1) അതോറിറ്റിയുടെ ചെയർപേഴ്സൻ കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടേണ്ടതാണ്.

(2) ഉപവകുപ്പ് (1) പ്രകാരം ചെയർപേഴ്സന്റെ നിയമനം ഡെപ്യൂട്ടേഷൻ വഴിയോ, കേന്ദ്രസർക്കാരിന് പുറത്ത് നിന്നോ ആയിരിക്കണം. ഡെപ്യൂട്ടേഷൻ വഴിയാണ് നിയമനമെങ്കിൽ അപേക്ഷകൻ ഭാരതസർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത വ്യക്തിയായിരിക്കണം.

**4. ചെയർപേഴ്സന്റെ ഉദ്യോഗ കാലാവധി**

(1) ചെയർപേഴ്സന് 3 വർഷം വരെ ഉദ്യോഗത്തിൽ തുടരാവുന്നതാണ്; പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കണം

(2) ഉദ്യോഗത്തിന്റെ കാലാവധി തീരുന്നതോ, 65 വയസ്സ് തികയുന്നതോ ഏതാണ് ആദ്യമെങ്കിൽ അതുവരെയെ ചെയർപേഴ്സൻ ഉദ്യോഗത്തിൽ തുടരുവാൻ പാടുള്ളു.

(3) ചെയർപേഴ്സന് കേന്ദ്രസർക്കാരിന് ഒരു മാസത്തെ നോട്ടീസ് രേഖാമൂലം കൊടുത്ത് രാജി വെക്കാവുന്നതാണ്.

**5. ചെയർപേഴ്സന്റെ ശമ്പളവും, അലവൻസുകളും**

(1) ചെയർപേഴ്സന് 26,000/- രൂപ പ്രതിമാസം സ്ഥിര ശമ്പളത്തിന് അർഹതയുണ്ടായിരിക്കും. സർക്കാർ ഉദ്യോഗത്തിൽ നിന്നും വിരമിച്ച വ്യക്തിയാണ് നിയമിക്കപ്പെടുന്നതെങ്കിൽ അത്തരം വ്യക്തികൾക്ക് ബാധകമായ കേന്ദ്രസർക്കാർ ഉത്തരവനുസരിച്ചുള്ള ശമ്പളമാണ് തീർച്ചപ്പെടുത്തേണ്ടത്.

(2) ചെയർപേഴ്സന് കേന്ദ്ര സർക്കാർ അപ്പപ്പോൾ നിശ്ചയിക്കുന്ന അലവൻസ്, ലീവ്, പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, വീട് മറ്റ് ആനുകൂല്യങ്ങൾ മുതലായവയ്ക്ക് അർഹതയുണ്ട്.

**6. അതോറിറ്റിയുടെ അനൗദ്യോഗിക മെമ്പർമാരുടെ ഉദ്യോഗ കാലാവധിയും അലവൻസുകളും**

(1) അതോറിറ്റിയുടെ അനൗദ്യോഗിക മെമ്പർമാരുടെ ഉദ്യോഗ കാലാവധി ഔദ്യോഗിക ഗസറ്റിലൂടെ നിയമനോത്തരവ് അറിയിക്കുന്ന തീയതി മുതൽ ഒരേ സമയത്ത് മൂന്നു വർഷത്തിൽ കവിയാത്ത കാലമായിരിക്കും.

(2) അതോറിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക മെംബർമാർക്ക്

കേന്ദ്ര സർക്കാരിന്റെ കമ്മീഷനുകളിലെയും കമ്മിറ്റികളിലെയും അത്തരം മെംബർമാർക്ക് അത്തരം യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള സിറ്റിംഗ് അലവൻസുകൾ, യാത്ര അലവൻസ്, ദിവസ അലവൻസ്, മറ്റ് അലവൻസുകൾ മുതലായവ അനുവദനീയമാണ്.

### 7. അനൗദ്യോഗിക അംഗങ്ങളുടെ ഒഴിവ് നികത്തൽ

(1) അനൗദ്യോഗിക മെമ്പർമാർക്ക് രാജിക്കത്ത് സ്വന്തം കൈപ്പടയാൽ എഴുതി കേന്ദ്രസർക്കാരിന് സമർപ്പിച്ച് ഏത് സമയത്തും രാജിവെക്കാവുന്നതാണ്. രാജി വെക്കുന്ന സീറ്റ് ഒഴിവായി കിടക്കുകയും ചെയ്യും.

(2) അനൗദ്യോഗിക മെമ്പറുടെ താത്ക്കാലിക ഒഴിവ് പുതിയ നിയമനം വഴി നികത്താവുന്നതാണ്. നിലവിലുണ്ടായിരുന്ന മെമ്പറുടെ ശേഷിച്ച കാലാവധി വരെ മാത്രമേ പുതുതായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് തുടരുവാൻ പാടുള്ളൂ.

### 8. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മെമ്പർമാരെ നീക്കം ചെയ്യൽ

അതോറിറ്റിയിലെ ഒരു മെമ്പറേയും 11-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ സെക്രട്ടറി പദത്തിൽ കുറയാത്ത ഒരു ഓഫീസർ ശരിയായ അന്വേഷണം നടത്താതെയും, പ്രസ്തുത മെമ്പറിന്റെ ഭാഗം വാദം കേൾക്കുവാൻ അവസരം നൽകാതെയും അതോറിറ്റിയിലെ ഉദ്യോഗത്തിൽ നിന്നും പിരിച്ചു വിടുവാൻ പാടില്ല.

### 9. അതോറിറ്റിയുടെ സെക്രട്ടറി

(1) അതോറിറ്റി ഒരു സെക്രട്ടറിയെ നിയമിക്കേണ്ടതാണ്.

(2) ദേശീയ ജൈവവൈവിധ്യ അതോറിറ്റി നിയമ വ്യവസ്ഥകൾ മുഖേന സെക്രട്ടറിയുടെ നിയമന സംബന്ധമായ വ്യവസ്ഥകളും നിബന്ധനകളും തീരുമാനിക്കേണ്ടതാണ്.

(3) യോഗങ്ങൾ ഏകോപിപ്പിക്കുന്നതിനും വിളിച്ചുകൂട്ടുന്നതും അതോറിറ്റിയുടെ നടപടികളുടെ രേഖകൾ സൂക്ഷിക്കുകയും അതോറിറ്റി ചുമതലപ്പെടുത്തുന്ന മറ്റ് കാര്യങ്ങൾ ചെയ്യുകയും സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്.

### 10. അതോറിറ്റിയുടെ യോഗങ്ങൾ

(1) മൂന്നുമാസത്തെ കാലാവധിക്ക് ശേഷം വർഷത്തിൽ ഏറ്റവും ചുരുങ്ങിയത് നാലുതവണ അതോറിറ്റിയുടെ കേന്ദ്രത്തിലോ ചെയർപേഴ്സൻ തീരുമാനിക്കുന്ന സ്ഥലത്തോ യോഗം കൂടേണ്ടതാണ്.

(2) അഞ്ചിൽ കുറയാത്ത അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ, കേന്ദ്രസർക്കാരിന്റെ നിർദേശപ്രകാരമോ ചെയർപേഴ്സന് വിശേഷാൽ യോഗം വിളിച്ചു കൂട്ടാവുന്നതാണ്.

(3) സാധാരണ യോഗങ്ങൾ നടത്തുന്നതിന് കുറഞ്ഞത് പതിനഞ്ച് ദിവസം മുമ്പു അറിയിപ്പ് നൽകേണ്ടതാണ്. വിശേഷാൽ യോഗങ്ങൾ വിളിച്ചുകൂട്ടുമ്പോൾ കുറഞ്ഞത്

മൂന്നു ദിവസം മുമ്പ് യോഗത്തിന്റെ ഉദ്ദേശ്യം, യോഗത്തിന്റെ സമയം, യോഗം വിളിച്ചു കൂട്ടുന്ന സ്ഥലം, എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള നോട്ടീസ് മെമ്പമാർക്ക് നൽകേണ്ട താണ്.

(4) ഒരോ യോഗത്തിലും ചെയർപേഴ്സനോ, ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരുള്ളവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഒരു അധ്യക്ഷനോ അധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(5) ഒരു യോഗത്തിലെ അതോറിറ്റിയുടെ തീരുമാനം, ആവശ്യമാണെങ്കിൽ, ഹാജ രുള്ള വോട്ട് ചെയ്യുന്ന മെമ്പർമാരുടെ കേവലഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ എടുക്കേണ്ടതും ചെയർപേഴ്സനോ, ചെയർപേഴ്സന്റെ അസാന്നിധ്യത്തിൽ പകരം ആധ്യക്ഷ്യം വഹിക്കുന്ന ഒരു വ്യക്തിക്കോ രണ്ടാം വോട്ട് അഥവാ കാസ്റ്റിംഗ് വോട്ട് ഉപയോഗിക്കാവുന്നതുമാണ്.

(6) എല്ലാ മെമ്പർമാർക്കും ഒരു വോട്ടു വീതം ഉണ്ടായിരിക്കുന്നതാണ്.

(7) എല്ലാ യോഗങ്ങളുടെയും കോറം അഞ്ച് ആണ്.

(8) ചെയർപേഴ്സന്റെ വിവേചനാധികാരം അപ്രകാരം തീരുമാനമെടുക്കുന്നതിന് അനുദിക്കുന്ന അവസരങ്ങളൊഴിച്ച് ഒരു മെമ്പറിനും പത്ത് ദിവസം മുൻപ് അറിയിപ്പ് കൊടുക്കാത്ത വിഷയങ്ങൾ യോഗത്തിൽ അവതരിപ്പിക്കുവാൻ അർഹതയില്ല.

(9) സാഹചര്യത്തിനനുസരിച്ച് സെക്രട്ടറിക്ക് ഉചിതം എന്നു തോന്നുന്ന രീതിയിൽ മെമ്പർമാരുടെ ഏറ്റവും അവസാനമായി അറിയപ്പെടുന്ന മേൽവിലാസത്തിൽ (വീട്/ പ്രവർത്തി സ്ഥലം) മെമ്പർമാർക്ക് സന്ദേശവാഹകൻ വഴിയോ തപാലിൽ രജിസ്റ്റർ ചെയ്തോ നോട്ടീസ് അയയ്ക്കേണ്ടതാകുന്നു.

### 11. വിദഗ്ധസമിതിയെ നിയമിക്കലും അർഹതപ്പെട്ട ഫീസും അലവൻസുകളും

(1) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന ഉദ്ദേശ്യങ്ങൾക്ക് മുഴുവനും മെമ്പർമാരോ, മുഴുവനും മറ്റുള്ളവരോ, ഭാഗികമായി മെമ്പർമാരോ, ഭാഗികമായി മറ്റുള്ളവരോ ഉൾക്കൊ ള്ളുന്നതായ എത്ര കമ്മിറ്റികൾ വേണമെങ്കിലും സംഘടിപ്പിക്കാവുന്നതാണ്.

(2) അതോറിറ്റിയിലെ മെമ്പർമാരല്ലാത്ത കമ്മിറ്റിയിലെ മെമ്പർമാർക്ക് യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അതോറിറ്റിക്ക് ഉചിതമെന്ന് തോന്നുന്ന ഫീസും അലവൻസും കൊടു ക്കാവുന്നതാണ്.

### 12. അതോറിറ്റിയുടെ സാധാരണ പ്രവർത്തനങ്ങൾ

താഴെപ്പറയുന്നവയാണ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ;

*(i)* 3, 4, 6 വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള നട പടിക്രമങ്ങളും മാർഗനിർദേശങ്ങളും വ്യവസ്ഥ ചെയ്യുക;

*(ii)* ജൈവവൈവിധ്യസംരക്ഷണം, സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളും തത്സംബന്ധമായ അറിവുകൾ മൂലം ലഭിച്ചിട്ടുള്ള പ്രയോജനത്തിന്റെ നീതിപൂർവമായ

പങ്കുവെക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രസർക്കാരിന് വേണ്ട ഉപദേശം നൽകുക;

*(iii)* സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം

*(iv)* സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്ക് വേണ്ടുന്ന സാങ്കേതിക സഹായങ്ങളും മാർഗനിർദേശങ്ങളും നൽകുക;

*(v)* പഠനങ്ങൾ ഏർപ്പെടുത്തുക, ഗവേഷണങ്ങളെയും കണ്ടുപിടുത്തങ്ങളെയും സ്പോൺസർ ചെയ്യുക;

*(vi)* അതോറിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വേണ്ടി സാങ്കേതിക സഹായത്തിനായി 3 വർഷത്തിൽ കവിയാത്ത കാലാവധിയിലേക്ക് വിദഗ്ധരെ നിയമിക്കുക:

എന്നിരുന്നാലും അതോറിറ്റിക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം ഏതെങ്കിലും വിദഗ്ധനെ 3 വർഷത്തിൽ കൂടുതൽ തുടരാനനുവദിക്കണമെങ്കിൽ അതോറിറ്റി കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിരിക്കണം.

*(vii)* ജൈവവൈവിധ്യസംരക്ഷണം, സുസ്ഥിര ഉപയോഗം, നീതിപൂർവ്വമായ പ്രയോജനം പങ്കുവെക്കൽ മുതലായ കാര്യങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങൾ, സ്ഥിതിവിവരങ്ങൾ, കൈപുസ്തകങ്ങൾ, നിയമങ്ങൾ, മാർഗനിർദേശങ്ങൾ മുതലായവ ശേഖരിക്കുകയും സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

*(viii)* ജൈവവൈവിധ്യസംരക്ഷണം, സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളോ അവയുമായി ബന്ധപ്പെട്ട അറിവുകൾ മൂലമോ ലഭിച്ചിട്ടുള്ള പ്രയോജനത്തിന്റെ നീതിപൂർവ്വമായ പങ്കുവെക്കൽ എന്നിവ സംബന്ധിച്ച സമഗ്രമായ പരിപാടികൾ ബഹുജനമാധ്യമങ്ങൾ മുഖേന സംഘടിപ്പിക്കുക;

*(ix)* ജൈവവൈവിധ്യസംരക്ഷണവും സുസ്ഥിരമായ ഉപയോഗവും സംബന്ധിച്ച പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഏർപ്പെടുവാൻ സാധ്യതയുള്ളവർക്കും പരിശീലനം നൽകുക;

*(x)* അതോറിറ്റിയുടെ സ്വന്തം വരവുകളും, കേന്ദ്രസർക്കാരിൽ നിന്ന് ഏൽപ്പിക്കപ്പെടുന്നതും ഉൾപ്പെടുത്തി വാർഷിക ബഡ്ജറ്റ് തയ്യാറാക്കുക; എന്നിരുന്നാലും കേന്ദ്രസർക്കാർ വീതിച്ചു നൽകുന്ന തുക കേന്ദ്രസർക്കാർ അംഗീകരിച്ച ബഡ്ജറ്റ് അനുസരിച്ച് പ്രയോഗിക്കേണ്ടതാണ്;.

*(xi)* അതോറിറ്റിയുടെ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്ക് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുക. എന്നിരുന്നാലും അങ്ങനെയുള്ള ഏതൊരു തസ്തികയും താൽക്കാലികമാണെങ്കിലും സ്ഥിരമായതാണെങ്കിലും കേന്ദ്രസർക്കാർ അനുവാദത്തോടെയല്ലാതെ സൃഷ്ടിക്കുവാൻ പാടില്ല;

*(xii)* അതോറിറ്റിയുടെ ഓഫീസർമാരെയും ജീവനക്കാരെയും പുതുതായി നിയമിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ അംഗീകരിക്കുക;

*(xiii)* ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ജൈവവിഭവങ്ങളുടെയും, തത്സംബന്ധമായ പാരമ്പര്യ അറിവുകളെയും സംബന്ധിച്ച വിവരങ്ങൾ പുതുതായി കണ്ടെത്തുകയും അവ ജൈവവൈവിധ്യ രജിസ്റ്റർ, കമ്പ്യൂട്ടർ എന്നിവയിൽ രേഖപ്പെടുത്തിവെയ്ക്കുകയും ചെയ്യുക വഴി ജൈവവിഭവങ്ങളുടെ കാര്യക്ഷമമായ സംരക്ഷണം, പ്രോത്സാഹനം, സുസ്ഥിര ഉപയോഗം മുതലായവ ഉറപ്പ് വരുത്തുക;

*(xiv)* ഈ നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടുന്ന മാർഗ നിർദേശങ്ങൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ എന്നിവയ്ക്ക് രേഖാമൂലം നൽകുക.

*(xv)* നിയമത്തിന്റെ നടത്തിപ്പും അതോറിറ്റിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് കേന്ദ്രസർക്കാരിന് റിപ്പോർട്ട് നൽകുക;

*(xvi)* ജൈവവിഭവ സംബന്ധമായി 6-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം പ്രയോജനം പങ്കുവെക്കലിന് ചുമത്തുന്ന ഫീസ് 19-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം റോയൽട്ടി മുതലായവയ്ക്കു വേണ്ടി ശുപാർശ ചെയ്യുക;

*(xvii)* ഗ്രാന്റുകൾ അനുവദിക്കുക, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ജൈവവൈവിധ്യ കമ്മിറ്റികൾ ഇവയ്ക്ക് പ്രത്യേക ഉദ്ദേശ്യങ്ങൾക്കായുള്ള ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും അനുവദിക്കുക.

*(xviii)* നിയമം പ്രാവർത്തികമാക്കുന്നതിന്ന് ഏത് സ്ഥലവും നേരിൽ പോയി പരിശോധിക്കുക.

*(xix)* ഭാരതത്തിൽ നിന്നും നിയമവിരുദ്ധമായി കൈക്കലാക്കിയ ജൈവവിഭവങ്ങൾ, തത്സംബന്ധമായ അറിവുകൾ എന്നിവയുടെ മേൽ ഭാരതത്തിന് പുറത്തുള്ള രാജ്യത്ത് ബൗദ്ധിക സ്വത്തവകാശം നൽകുന്നത് എതിർക്കുവാൻ നിയമവിദഗ്ധരുടെ നിയമനമടക്കമുള്ള നടപടികൾ എടുക്കുക.

*(xx)* അപ്പപ്പോൾ കേന്ദ്രസർക്കാർ നിർദേശിച്ചേക്കാവുന്ന മറ്റ് പ്രവർത്തനങ്ങൾ നടത്തുക.

## 13. ചെയർപേഴ്സന്റെ അധികാരങ്ങളും ചുമതലകളും

(1) അതോറിറ്റിയുടെ ദൈനംദിനപ്രവർത്തനങ്ങളുടെ നിയന്ത്രണം ചെയർപേഴ്സന്നായിരിക്കും.

(2) 10-ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിധേയമായി അതോറിറ്റിയുടെ ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും പൊതുമേൽനോട്ടവും അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ നടത്തിപ്പിനും നിയന്ത്രണത്തിനും ആവശ്യമായ നിർദേശങ്ങൾ നൽകുവാനുമുള്ള അധികാരവും ചെയർപേഴ്സന്ന് ഉണ്ടായിരിക്കും.

(3) രഹസ്യസ്വഭാവമുള്ള കടലാസുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പ് ചുമതല ചെയർപേഴ്സന്നായിരിക്കും.

(4) അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും നിർദേശങ്ങളും ചെയർപേഴ്സന്റെയോ അഥവാ ചെയർപേഴ്സൻ അധികാരപ്പെടുത്തുന്ന ഓഫീസറുടെയോ ഒപ്പോടുകൂടി മാത്രമേ പുറപ്പെടുവിക്കുവാൻ പാടുള്ളു.

(5) ചെയർപേഴ്സന്നോ ഇതിലേക്കായി അതോറിറ്റി അധികാരപ്പെടുത്തിയ ഓഫീസർക്കോ ബഡ്ജറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള എല്ലാ തുകകളും നൽകാവുന്നതാണ്.

(6) ഭരണപരമായതും സാങ്കേതികമായതും ആയ എല്ലാ എസ്റ്റിമേറ്റുകളും അംഗീകരിക്കുവാൻ ചെയർപേഴ്സന് അധികാരമുണ്ടായിരിക്കും.

(7) ചെയർപേഴ്സൻ അതോറിറ്റിയുടെ എല്ലാ യോഗങ്ങളും വിളിച്ചുകൂട്ടുകയും ആധ്യക്ഷ്യം വഹിക്കുകയും, തീരുമാനങ്ങൾ യഥാവിധി നടപ്പിലാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(8) അതോറിറ്റിയോ, കേന്ദ്രസർക്കാരോ അപ്പപ്പോൾ ഏൽപ്പിച്ചേക്കാവുന്ന എല്ലാ അധികാരങ്ങളും ചെയർപേഴ്സൻ പ്രയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

## 14. ജൈവവിഭവങ്ങളും ജൈവവൈവിധ്യ സംബന്ധമായ അറിവുകളും പ്രാപ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ

(1) ഗവേഷണ ഉദ്ദേശ്യത്തിനോ വാണിജ്യപരമായ ഉദ്ദേശ്യത്തിനോ വേണ്ടി ജൈവവിഭവങ്ങളും ജൈവവൈവിധ്യ സംബന്ധമായ അറിവുകളും പ്രാപ്യമാക്കേണ്ടതിന് അതോറിറ്റിക്ക് അപേക്ഷ ഫോറം 1-ൽ അപേക്ഷ നൽകേണ്ടതാണ്

(2) ഉപ ചട്ടം (1) പ്രകാരം അപേക്ഷ നൽകുമ്പോൾ അതോറിറ്റിയുടെ പേരിൽ പതിനായിരം രൂപയുടെ ചെക്കോ, ഡിമാൻഡ് ഡ്രാഫറ്റോ ഫീസായി നൽകേണ്ടതാണ്.

(3) അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ആറു മാസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച ശേഷം ആവശ്യമെന്ന് തോന്നുന്ന പക്ഷം അപേക്ഷകനെക്കുറിച്ച് മറ്റേതെങ്കിലും വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെങ്കിൽ ശേഖരിച്ച ശേഷം അതോറിറ്റി തീരുമാനം എടുക്കേണ്ടതാണ്.

(4) അപേക്ഷയുടെ യോഗ്യത തൃപ്തികരമാണെന്ന് തോന്നിയാൽ ജൈവവിഭവങ്ങളും, തത്സബന്ധമായ അറിവുകളും പ്രാപ്യമാക്കുന്നതിനുള്ള അനുമതി യുക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

(5) അതോറിറ്റിയുടെ ഇതിനു വേണ്ടി നിയോഗിക്കപ്പെട്ട ഏതെങ്കിലും ഓഫീസറുടെയും അപേക്ഷകന്റെയും രേഖാമൂലമുള്ള കരാർ മുഖേനയായിരിക്കണം അനുമതി നൽകേണ്ടത്.

(6) ഉപചട്ടം (5)-ൽ പറയുന്ന കരാറിന്റെ ഫോറം അതോറിറ്റി രൂപം നൽകേണ്ടതാകുന്നു; അതിൽ താഴെപ്പറയുന്നവ ഉൾപ്പെടണം. അതായത്,

*(i)* അനുമതി തേടുന്നതിനുള്ള അപേക്ഷയുടെ പൊതുലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും;

(*ii*) ജൈവവിഭവങ്ങളും തത്സംബന്ധമായ പാരമ്പര്യ അറിവുകളും, അവയെപ്പറ്റിയുള്ള വിവരങ്ങളും.

(*iii*) ജൈവവിഭവങ്ങളെ കൊണ്ട് ഉദ്ദേശിച്ചിരിക്കുന്ന ഉപയോഗങ്ങൾ (ഗവേഷണം, പ്രത്യുത്പാദനം, വാണിജ്യപരമായ ഉപയോഗം മുതലായവ)

(*iv*) അപേക്ഷകൻ ബൗദ്ധികസ്വത്തവകാശത്തിന് അപേക്ഷിച്ചേക്കാവുന്ന നിബന്ധനകൾ;

(*v*) പണ സംബന്ധവും മറ്റ് വിധത്തിലുള്ളതുമായ പ്രയോജനങ്ങളുടെ അളവ്, ആവശ്യമെങ്കിൽ പുതിയ കരാറിൽ ഏർപ്പെടുവാനുള്ള വാഗ്ദാനം, പ്രത്യേകിച്ച് ജൈവവസ്തുക്കൾ എടുക്കപ്പെടുന്നത് ഗവേഷണ ഉദ്ദേശ്യങ്ങൾക്കാവുകയും പിന്നിട് വാണിജ്യപരമായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനോ അവയുടെ ഉപയോഗത്തിൽ മാറ്റം വരുത്തുന്നതിനോ സാധ്യതയുണ്ടെങ്കിൽ.

(*vi*) അതോറിറ്റിയുടെ അനുമതിയില്ലാതെ ജൈവവിഭവങ്ങളോ തത്സംബന്ധമായ അറിവുകളോ മൂന്നാം കക്ഷിക്ക് കൈമാറുന്നത് സംബന്ധിച്ച നിയന്ത്രണം;

(*vii*) ജൈവവിഭവങ്ങൾ പ്രാപ്യമാക്കുന്നതിനുള്ള അനുമതി തേടുമ്പോൾ അതോറിറ്റി വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള അളവിന്റെയും ഗുണനിലവാരത്തിന്റെയും പരിമിതി പാലിക്കുമെന്ന ഉറപ്പ്;

(*viii*) 39-ാം വകുപ്പ് പ്രകാരം സൂക്ഷിപ്പുകാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ പക്കൽ പ്രാപ്തമാക്കേണ്ട ജൈവവിഭവത്തിന്റെ മാതൃക (sample) സമർപ്പിക്കും എന്ന ഉറപ്പ്;

(*ix*) അതോറിറ്റിക്ക് സ്ഥിരമായി ഗവേഷണങ്ങളുടെ നിലവാരത്തിന്റെയും പുരോഗതിയുടെയും നിജസ്ഥിതി സമർപ്പിക്കൽ;

(*x*) ആക്ടിലെയും ചട്ടങ്ങളിലെയും രാജ്യത്തിൽ പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുമെന്ന ഉറപ്പ്;

(*xi*) പ്രാപ്തമാക്കപ്പെട്ട ജൈവവിഭവങ്ങളുടെ സംരക്ഷണവും, സുസ്ഥിരമായ ഉപയോഗവും സുസാധ്യമാക്കുന്ന നടപടികൾക്കുള്ള ഉറപ്പ്;

(*xii*) ശേഖരണ പ്രവർത്തനങ്ങളുടെ പരിസ്ഥിതി പ്രത്യാഘാതം കുറയ്ക്കുമെന്ന ഉറപ്പ്;

(*xiii*) കരാറിന്റെ കാലാവധി, കരാറ് അവസാനിപ്പിക്കുവാനുള്ള നോട്ടീസ്, വകുപ്പുകൾ വേറെ വേറെ നടപ്പാക്കുന്നത്, പ്രയോജനം പങ്കുവെക്കുന്നതിലെ ബാധ്യതകൾ കരാറിന്റെ കാല ശേഷം തുടരുന്നതിന്, ബാധ്യതകൾ പരിമിതിപ്പെടുത്തുന്ന സംഭവങ്ങൾ (പ്രകൃതി ദുരന്തങ്ങൾ), ഒത്തുതീർപ്പുകൾ, രഹസ്യമായി സൂക്ഷിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച വകുപ്പുകൾ, ഇവയെ സംബന്ധിച്ച വ്യവസ്ഥകൾ.

(7) പ്രാപ്തമാക്കുന്നതിന് അനുവദിക്കുന്ന ജൈവവിഭവങ്ങളുടെ സംരക്ഷണത്തിന് വേണ്ട നടപടികൾ പ്രത്യേകമായി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(8) അപേക്ഷയിലെ ആവശ്യങ്ങൾ അനുവദനീയമല്ലെന്ന് അതോറിറ്റി കരുതുന്ന

പക്ഷം കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കാവുന്നതാണ്.

(9) ഒരപേക്ഷയും അപേക്ഷകന് പറയുവാനുള്ളത് കേൾക്കുവാൻ ന്യായമായ അവസരം കൊടുക്കാതെ നിരസിക്കരുത്.

(10) നൽകപ്പെട്ട അനുമതി പരസ്യപ്പെടുത്തുവാൻ അച്ചടി, ഇലക്ട്രോണിക് മാധ്യമത്തിലൂടെ വിപുലമായി നടപടികൾ എടുക്കേണ്ടതാണ്. അനുമതിയോടനുബന്ധിച്ച നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഇടവേളകളിൽ മേൽനോട്ടം നടത്തുവാനും അതോറിറ്റി നടപടികൾ എടുക്കേണ്ടതാണ്.

## 15. പ്രാപ്തമാക്കിയത് അഥവാ അനുവദിച്ചത് പിൻവലിക്കൽ

(1) 15-ാം വകുപ്പു പ്രകാരം നൽകിയിട്ടുള്ള അനുമതി അതോറിറ്റിക്ക് ഏതെങ്കിലും പരാതിയിൻ മേലോ, സ്വമേധയായോ പിൻവലിക്കാവുന്നതും രേഖാമൂലം കരാറുകൾ താഴെപ്പറയുന്ന നിബന്ധനകളിൻ മേൽ റദ്ദാക്കാവുന്നതുമാണ്.

(i) അനുമതി നൽകപ്പെട്ട വ്യക്തി ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകളെയോ, ഏത് നിബന്ധനയനുസരിച്ചാണോ അനുമതി നൽകിയത് അതിനെയോ ലംഘിച്ചുവെന്ന യുക്തമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ;

(ii) അനുമതി നൽകപ്പെട്ട വ്യക്തി കരാറിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ;

(iii) പ്രാപ്തമാക്കുന്നതിലേക്ക് അനുവദിച്ചതിലുള്ള ഏതെങ്കിലും നിബന്ധനകൾ പാലിക്കാതിരുന്നാൽ;

(iv) സർവ പ്രധാനമായ പൊതുജന താത്പര്യമോ, പരിസ്ഥിതി സംരക്ഷണം മൂലമോ;

(2) അതോറിറ്റി പുറപ്പെടുവിക്കുന്ന ഒരോ പിൻവലിക്കൽ ഉത്തരവിന്റെയും ഒരു പകർപ്പ്, പ്രാപ്തമാക്കുന്നത് നിരോധിക്കുവാനും, നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് തിട്ടപ്പെടുത്തുവാനും, നഷ്ടം ഈടാക്കുവാൻ നടപടികളെടുക്കുവാനും വേണ്ടി ബന്ധപ്പെട്ട സംസ്ഥാന ജൈവവൈവിധ്യ ബോർഡിനും ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾക്കും അയച്ചുകൊടുക്കേണ്ടതാണ്.

## 16. ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്നതിനോടനുബന്ധിച്ച് എടുക്കേണ്ട നടപടികളുടെമേലുള്ള നിയന്ത്രണം

(1) താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് അതോറിറ്റിക്ക് ജൈവവിഭവങ്ങൾ പ്രാപ്യമാക്കുന്നത് നിഷേധിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യാം.

*(i)* വംശനാശ ഭീഷണി നേരിടുന്ന ഏതെങ്കിലും വർഗത്തിന്മേലാണ് അപേക്ഷയെങ്കിൽ;

*(ii)* ഏതെങ്കിലും തദ്ദേശീയവും അപൂർവവുമായ സ്പീഷീസുകളിന്മേലാണ് അപേക്ഷയെങ്കിൽ;

*(iii)* തദ്ദേശവാസികളുടെ ജീവനോപാധികളെ ബാധിക്കുമെങ്കിൽ;

*(iv)* പരിസ്ഥിതിക്ക് ഏതെങ്കിലും തരത്തിൽ നാശം ഉണ്ടാകാവുന്ന തരത്തിൽ ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ;

*(v)* പരിസ്ഥിതി വ്യൂഹത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിലുള്ള ജനിതകനാശം ഉണ്ടാക്കാനിടയുള്ള തരത്തിൽ ജൈവവിഭവങ്ങൾ പ്രാപ്യമാക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ;

*(vi)* ജൈവവിഭവങ്ങൾ ദേശതാത്പര്യത്തിന് എതിരായോ ഭാരതം ഒപ്പ് വച്ചിട്ടുള്ള മറ്റ് രാജ്യാന്തര കരാറുകൾക്ക് എതിരായോ ഉപയോഗിച്ചാൽ.

## 17. ഗവേഷണ ഫലങ്ങൾ കൈമാറ്റം ചെയ്യുന്നതിനു വേണ്ടിയുള്ള അനുമതി തേടുന്നതിലേക്കുള്ള നടപടി ക്രമങ്ങൾ

(1) വിദേശപൗരൻമാർ, കമ്പനികൾ, വിദേശത്ത് താമസിക്കുന്ന ഭാരതപൗരന്മാർ ഇവരുമായി ഏതെങ്കിലും വ്യക്തി ഭാരതത്തിനകത്തുനിന്നുള്ള ജൈവവിഭവ സംബന്ധമായ ഗവേഷണ ഫലങ്ങൾ പണസംബന്ധമായ നേട്ടങ്ങൾക്കായി കൈമാറ്റം ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അപേക്ഷാഫോറം ii-ൽ അതോറിറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്.

(2) ഉപവകുപ്പ് (1) പ്രകാരം അപേക്ഷ നൽകുമ്പോൾ അതോറിറ്റിയുടെ പേരിൽ അയ്യായിരം രൂപയുടെ ഡ്രാഫ്റ്റോ, ചെക്കോ ഫീസായി നൽകേണ്ടതാണ്.

(3) എല്ലാ അപേക്ഷകളിൻമേലും ഉപവകുപ്പ് (1) പ്രകാരം അപേക്ഷ കിട്ടി മൂന്ന് മാസത്തിനുള്ളിൽ അതോറിറ്റി തീരുമാനമെടുക്കേണ്ടതാണ്.

(4) അപേക്ഷകൻ ആവശ്യമായ എല്ലാ നടപടികക്രമങ്ങളും പാലിച്ചുവെന്ന് അതോറിറ്റിക്ക്, ബോധ്യപ്പെട്ടാൽ സന്ദർഭത്തിനനുസരിച്ച് അനുയോജ്യമായ നിബന്ധനകളിൻമേൽ ഗവേഷണഫലം കൈമാറുവാൻ അനുമതി കൊടുക്കാവുന്നതാണ്.

(5) കൈമാറ്റത്തിനുള്ള അനുമതി അതോറിറ്റിയുടെ അധികാരപ്പെടുത്തപ്പെട്ട ഓഫീസറും അപേക്ഷകനും ഒപ്പിട്ട ഒരു കരാറിന്റെ രൂപത്തിൽ നൽകേണ്ടതാണ്. കരാറിന്റെ രൂപം അതോറിറ്റി തീരുമാനിക്കുന്ന പ്രകാരം ആയിരിക്കണം.

(6) അപേക്ഷയിലെ ആവശ്യങ്ങൾ അനുവദനീയമല്ലെന്ന് അതോറിറ്റി കരുതുന്ന പക്ഷം കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കാവുന്നതാണ്.

എന്നിരുന്നാലും അപേക്ഷകന്റെ ഭാഗം വാദം കേൾക്കുവാനുള്ള ന്യായമായ അവസരം കൊടുക്കാതെ അപേക്ഷ നിരസിക്കുവാൻ പാടില്ല

## 18. ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിന് വേണ്ടി അപേക്ഷിക്കുന്നതിലേക്ക് മുൻകൂർ അനുമതി തേടുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

(1) ഭാരതത്തിൽ നിന്നും ലഭിച്ച ഒരു ജൈവവസ്തുവിൻ മേലോ, അറിവിൻമേലോ ഉള്ള ഗവേഷണം ആസ്പദമാക്കി കുത്തകാവകാശത്തിനോ, ബൗദ്ധിക സ്വത്തവകാശത്തിനോ വേണ്ടി അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി അപേക്ഷാഫോറം iii-ൽ അപേക്ഷിക്കേണ്ടതാണ്.

(2) ഉപവകുപ്പ് (2) പ്രകാരം ഉള്ള അപേക്ഷയോടൊപ്പം അഞ്ഞൂറ് രൂപ ഫീസടയ്ക്കേണ്ടതാണ്.

(3) അപേക്ഷകൾ മുറപ്രകാരം വിലയിരുത്തുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തതിന് ശേഷം അപേക്ഷ ലഭിച്ച് കഴിയുന്നതും മൂന്നു മാസത്തിനുള്ളിൽ അർഹതയുടെ അടിസ്ഥാനത്തിൽ അപേക്ഷയിൻമേൽ തീരുമാനമെടുക്കേണ്ടതാണ്.

(4) അപേക്ഷകൻ ആവശ്യമായ നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അതോറിറ്റിക്ക് കുത്തകാവകാശത്തിനോ, മറ്റ് ബൗദ്ധിക സ്വത്തവകാശത്തിനോ, അപേക്ഷിക്കുവാൻ, നിർബന്ധമാക്കേണ്ടതാണെന്ന് അത് കരുതുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കുത്തകാവാകാശത്തിനോ മറ്റ് ബൗദ്ധിക സ്വത്തവകാശത്തിനോ അപേക്ഷിക്കുവാൻ അനുമതി നൽകാവുന്നതാണ്.

(5) അതോറിറ്റിയുടെ അംഗീകാരം നൽകേണ്ടത് അധികാരപ്പെടുത്തിയ ഓഫീസറും അപേക്ഷകനും ഒപ്പിട്ട രേഖാമൂലമായ ഒരു കരാറിന്റെ രൂപത്തിലായിരിക്കണം. കരാറിന്റെ ഫോറം അതോറിറ്റിക്ക് തീരുമാനിക്കാവൂന്നതാണ്.

(6) അപേക്ഷ അനുവദിക്കുവാൻ സാധ്യമല്ലെന്ന് അതോറിറ്റി കരുതുന്ന പക്ഷം കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കാവുന്നതാണ്.

## 19. 20-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം മൂന്നാം കക്ഷിക്ക് ജൈവവിഭവങ്ങൾ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

(1) ജൈവവിഭവങ്ങളും തത്സംബന്ധമായ അറിവുകളും പ്രാപിക്കുവാൻ അനുമതി ലഭിച്ച വ്യക്തികൾക്ക് മറ്റൊരു വ്യക്തിക്കോ സംഘടനയ്ക്കോ അവ കൈമാറുന്നതിന് അപേക്ഷാഫോറം iv-ൽ അതൊറിറ്റിക്ക് അപേക്ഷ കൊടുക്കേണ്ടതാണ്.

2) ഉപവകുപ്പ് (1) പ്രകാരമുള്ള എല്ലാ അപേക്ഷയോടൊപ്പവും അതോറിറ്റിയുടെ പേരിൽ പതിനായിരം രൂപയുടെ ഡ്രാഫ്റ്റോ ചെക്കോ ഫീസ്സായി അതോറിറ്റിക്ക് കൊടുക്കേണ്ടതാണ്.

(3) അപേക്ഷകൾ പരിശോധിക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തതിന് ശേഷം അപേക്ഷ ലഭിച്ച് ആറു മാസത്തിനുള്ളിൽ അർഹതയുടെ അടിസ്ഥാനത്തിൽ അപേക്ഷയിൻമേൽ തീരുമാനമെടുക്കേണ്ടതാണ്.

(4) ആവശ്യമുള്ള നിബന്ധനകളെല്ലാം അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അതോറിറ്റിക്ക് ഓരോ അപേക്ഷയിലും ചുമത്തേണ്ടത് യുക്തമാണെന്ന് അത് കരുതുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി മൂന്നാം കക്ഷിക്ക് കൈമാറാൻ അനുമതി നൽകാവുന്നതാണ്.

(5) ഉപവകുപ്പ് (4)പ്രകാരം അതോറിറ്റിയുടെ അംഗീകാരം നൽകേണ്ടത്, അധികാരപ്പെടുത്തിയ ഓഫീസറും അപേക്ഷകനും ഒപ്പിട്ട രേഖാമൂലമായ ഒരു കരാറിന്റെ രൂപത്തിലായിരിക്കണം. കരാറിന്റെ ഫോറം അതോറിറ്റിക്ക് തീരുമാനിക്കാവൂന്നതാണ്.

(6 ) അതോറിറ്റിക്ക് കാരണങ്ങൾ രേഖപ്പെടുത്തി അപേക്ഷ നിരസിക്കാവുന്നതാണ്. എന്നിരുന്നാലും അപേക്ഷകന്റെ ഭാഗം വാദം കേൾക്കുവാനുള്ള അവസരം നൽകാതെ അപേക്ഷ നിരസിക്കുവാൻ പാടില്ല.

## 20. നീതിപൂർവമായ പ്രയോജനം പങ്കുവെക്കലിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ

(1) അതോറിറ്റി ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം മുഖേന മാർഗനിർദേശങ്ങൾക്ക് രൂപം കൊടുക്കുകയും പ്രയോജനം പങ്കുവെക്കലിനുള്ള മുറ വിവരിക്കുകയും ചെയ്യേണ്ടതാണ്.

(2) മാർഗനിർദേശങ്ങൾ പണസംബന്ധവും, റോയൽട്ടി, കൂട്ട സംരഭങ്ങൾ, സാങ്കേതികവിദ്യ കൈമാറ്റം, ഉല്പന്ന വികസനം, വിദ്യാഭ്യാസവും ബോധവൽക്കരണവും സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ, സ്ഥാപനപരമായ കഴിവ് പടുത്തുയർത്തൽ, അധിക മൂലധനഫണ്ട് മുതലായ മറ്റ് പ്രയോജനങ്ങൾക്കും വ്യവസ്ഥ ചെയ്യേണ്ടതാണ്.

(3) ഓരോ വിഷയത്തിന്റെയും സ്വഭാവമനുസരിച്ച് വേണം പ്രയോജനം പങ്കുവെക്കൽ മുറ തീരുമാനിക്കേണ്ടത്.

(4) ഒരു വ്യക്തിക്ക് ജൈവവിഭവപ്രാപ്തിക്കോ ഗവേഷണഫലം കൈമാറുന്നതിനോ, കുത്തകാവകാശത്തിനോ വേണ്ടിയോ ബൗദ്ധിക സ്വത്തവകാശത്തിനോ അപേക്ഷിക്കുവാനോ പ്രാപ്തമായ ജൈവവിഭവമോ ബന്ധപ്പെട്ട അറിവോ കൈമാറുവാനോ അപേക്ഷിക്കുവാൻ അനുമതി നൽകുമ്പോൾ അപ്രകാരമുള്ള ജൈവവിഭവത്തിന്റെയും ബന്ധപ്പെട്ട അറിവിന്റെയും ഉപയോഗത്തിൽ നിന്നുത്ഭവിക്കുന്ന പ്രയോജനത്തിന്റെ നീതിപൂർവമായ പങ്കുവെക്കൽ ഉറപ്പ് വരുത്തുന്നതിന് വേണ്ട നിബന്ധനകളും വ്യവസ്ഥകളും അതോറിറ്റിക്ക് ചുമത്താവുന്നതാണ്.

(5) പ്രയോജനത്തിന്റെ അളവ്, അപേക്ഷിക്കുന്ന വ്യക്തികളും അതോറിറ്റിയും തദ്ദേശ സ്ഥാപനങ്ങളും പ്രയോജനം അവകാശപ്പെടുന്നവരുമായി കൂടിയാലോചിച്ചും പ്രാപ്തിയുടെ നിർവചിക്കപ്പെട്ട പരിധി, ഉപയോഗത്തിന്റെ വ്യാപ്തി, സുസ്ഥിരവശം, പ്രത്യാഘാതം, പ്രതീക്ഷിക്കുന്ന അനന്തരഫലത്തിന്റ നില, ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സുസ്ഥിര ഉപയോഗവും ഉറപ്പ് വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ മുറപ്രകാരം പരിഗണിച്ചു കൊണ്ട് തീരുമാനിക്കേണ്ടതാകുന്നു.

(6) ഓരോ സന്ദർഭത്തെയും ആസ്പദമാക്കി പ്രയോജനം പങ്കുവെക്കുന്നത് തിട്ടപ്പെടുത്തുന്നതിനുള്ള സമയക്രമം സംബന്ധിച്ച് ഹ്രസ്വ, മധ്യ, ദീർഘ കാലപരിധി നിശ്ചയിക്കാവുന്നതാണ്.

(7) പ്രയോജനങ്ങൾ ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും ഉറപ്പുവരുത്തുമെന്ന് അതോറിറ്റി വ്യവസ്ഥ ചെയ്യേണ്ടതാണ്.

(8) ജൈവവിഭവങ്ങളോ, ബന്ധപ്പെട്ട അറിവുകളോ ഒരു പ്രത്യേക വ്യക്തിയിൽ നിന്നോ വ്യക്തികളുടെ കൂട്ടത്തിൽ നിന്നോ സംഘടനകളിൽ നിന്നോ ആണ് പ്രാപ്തമായതെങ്കിൽ, തീരുമാനിക്കപ്പെട്ട തുക അവർക്ക് ജില്ലാഭരണം മുഖേന നേരിട്ട് നൽകാൻ അതോറിറ്റി നടപടികളെടുക്കേണ്ടതാണ്. അപ്രകാരമുള്ള വ്യക്തികളുടെ കൂട്ടത്തെയോ,

സംഘടനകളെയോ തിരിച്ചറിയാൻ കഴിയാതെ വന്നാൽ പണസംബന്ധമായ പ്രയോജന ങ്ങൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(9) തിട്ടപ്പെടുത്തിയ പ്രയോജനത്തിന്റെ 5% അതോറിറ്റിയുടെയോ ബോർഡിന്റെയോ ഭരണകാര്യങ്ങൾക്കും സർവീസ് ചാർജുകൾക്കും ആയി മാറ്റിവെക്കേണ്ടതാണ്.

(10) പ്രയോജനങ്ങൾ എത്തിച്ചു കൊടുക്കുന്നത് ഉപവകുപ്പ് (4) പ്രകാരം അതോ റിറ്റി തീരുമാനിക്കുന്ന രീതിയിൽ മേൽനോട്ടം ചെയ്യേണ്ടതാണ്.

## 21. ജൈവവൈവിധ്യഫണ്ടിന്റെ ഉപയോഗം

(1) ദേശീയ ജൈവവൈവിധ്യഫണ്ട് അതോറിറ്റിയുടെ ചെയർപേഴ്സൻ അഥവാ അതോറിറ്റി നിയമിക്കുന്ന ഏതെങ്കിലും മേലുദ്യോഗസ്ഥനോ ആണ് കൈകാര്യം ചെയ്യേണ്ടത്.

(2) അക്കൗണ്ടുകൾ രണ്ട് ഇനത്തിലാവണം വകയിരുത്തേണ്ടത്. ഒന്ന് കേന്ദ്രസ ർക്കാരിന്റെ പക്കൽ നിന്നുള്ള വരുമാനവും മറ്റേത് ഫീസ്, ലൈസൻസ് ഫീ, റോയൽറ്റി തുടങ്ങിയ അതോറിറ്റിയുടെ മറ്റു വരുമാനങ്ങളും.

## 22. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ രൂപീകരണം

(1) എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരുടെ അധികാരപരിധിക്കുള്ളിൽ ജൈവ വൈവിധ്യ നടത്തിപ്പുകമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

(2) ഉപവകുപ്പു (1) പ്രകാരം രൂപീകരിക്കപ്പെട്ട ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റി യിൽ ഒരു ചെയർപേഴ്സനും, തദ്ദേശ സ്ഥാപനത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട ആറിൽ കുറയാത്ത വ്യക്തികളും അതിൽ തന്നെ മൂന്നിൽ ഒന്ന് സ്ത്രീകളും പതിനെട്ട് ശതമാനത്തിൽ കുറയാതെ പട്ടികജാതി പട്ടികവർഗക്കാരും ഉണ്ടായിരിക്കേണ്ടതാണ്.

(3) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റിയുടെ ചെയർപേഴ്സനെ തദ്ദേശസ്ഥാപന ത്തിന്റെ ചെയർപേഴ്സൻ ആധ്യക്ഷ്യം വഹിക്കുന്ന കമ്മിറ്റിയുടെ യോഗത്തിൽ വെച്ച് തെരഞ്ഞെടുക്കേണ്ടതാണ്. വോട്ടുകൾ തുല്യമായാൽ തദ്ദേശ സ്ഥാപനത്തിൻെറ ചെയർപേഴ്സന് ഒരു കാസ്റ്റിംഗ് വോട്ടുണ്ടായിരിക്കുന്നതാണ്.

(4) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റിയുടെ ചെയർപേഴ്സന് മൂന്ന് വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്.

(5) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ പരിധിയിൽ വരുന്ന നിയമസഭ സാമാജികരും, പാർലമെന്റ് മെമ്പറും യോഗങ്ങളിൽ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

(6) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റിക്ക് തദ്ദേശവാസികളുമായി ആലോചിച്ച് ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറേക്കണ്ട ചുമതലയുണ്ട്. ഇതിൽ തദ്ദേ ശീയമായ ജൈവവിഭവങ്ങളുടെ ലഭ്യത, തത്സംബന്ധമായ അറിവുകൾ, ജൈവവിഭവ ങ്ങളുടെ ഔഷധഗുണങ്ങൾ, അല്ലെങ്കിൽ മറ്റേതെങ്കിലും ഉപയോഗമോ, അവയുമായി ബന്ധപ്പെട്ട നാട്ടറിവുകളോ, ആദിയായവയുടെ സമഗ്രമായ വിവരങ്ങൾ രജിസ്റ്ററിൽ ഉണ്ടായിരിക്കണം.

(7) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റിയുടെ മറ്റു ചുമതലകൾ, ജൈവവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്ന പ്രാദേശിക വൈദ്യൻമാരുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനുള്ള അനുമതി നൽകുന്നതിൻമേൽ സംസ്ഥാന ജൈവവൈവിധ്യബോർഡിനോ അതോറിറ്റിക്കോ വേണ്ട ഉപദേശം നൽകുക.

(8) ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ രൂപീകരിക്കുന്നതും ഉൾക്കൊള്ളേണ്ട വിവരങ്ങൾ, ഇലക്ട്രോണിക് ഡാറ്റാബേസിന്റെ ഫോർമാറ്റ് ഇവയുടെ രൂപരേഖ നൽകുക.

(9) അതോറിറ്റിയും സംസ്ഥാന ജൈവവൈവിധ്യബോർഡുകളും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടി ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾക്കു വേണ്ട സാങ്കേതിക പിൻതാങ്ങലും മാർഗനിർദേശങ്ങളും കൊടുക്കേണ്ടതാണ്.

(10) ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ സൂക്ഷിക്കുകയും അവയ്ക്ക് സാധുത നൽകുകയും ചെയ്യേണ്ടത് ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളാണ്.

(11) ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികൾ പ്രാപ്യമാക്കിയ ജൈവവിഭവങ്ങളുടെ വിവരങ്ങൾ, പാരമ്പര്യ അറിവുകൾ, ഈടാക്കിയ ശേഖരണ ഫീസ്, ലഭിച്ച പ്രയോജനങ്ങൾ പങ്കുവെക്കപ്പെടുന്ന രീതികൾ ഇവ സംബന്ധിച്ച വിവരങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 23. 50-ാം വകുപ്പ് പ്രകാരം തർക്ക തീരുമാനങ്ങളിൻ മേൽ അപ്പീൽ കൊടുക്കുന്നത് സംബന്ധിച്ച്

(1) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും ഒരു സംസ്ഥാന ബോർഡും തമ്മിലോ, ബോർഡുകൾ തമ്മിലോ ഏതെങ്കിലും ഉത്തരവ് അഥവാ നിർദേശം പ്രാവർത്തികമാക്കുന്നതിലോ നയപരമായ തീരുമാന പ്രശ്നത്തിലോ ഒരു തർക്കമുണ്ടായാൽ പരാതിയുള്ള കക്ഷികളിൽ ഒരു കക്ഷിക്ക്, അതായത് അതോറിറ്റിക്കോ ബോർഡിനോ 50-ാം വകുപ്പ് പ്രകാരം കേന്ദ്രസർക്കാരിന് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി, വനം മന്ത്രാലയത്തിന്റെ സെക്രട്ടറിയുടെ മേൽവിലാസത്തിൽ ഫോറം V-ൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) ഒരു സംസ്ഥാന ജൈവവൈവിധ്യ ബോർഡും മറ്റൊരു സംസ്ഥാന ജൈവവൈവിധ്യബോർഡും, അഥവാ ബോർഡുകളും തമ്മിലാണ് തർക്കമുണ്ടാകുന്നതെങ്കിൽ പരാതിയുള്ള ബോർഡ് അഥവാ ബോർഡുകൾ തർക്ക കാരണം അഥവാ കാരണങ്ങൾ കേന്ദ്രസർക്കാർ മുമ്പാകെ ഉന്നയിക്കേണ്ടതും കേന്ദ്ര സർക്കാർ അത് അതോറിറ്റിയുടെ തീരുമാനത്തിന് വിടേണ്ടതുമാണ്.

(3) ഹർജിയുടെ മെമ്മോറാണ്ടത്തിൽ കേസിനാസ്പദമായ വസ്തുതകൾ, പാരാതിക്കാരൻ ഉന്നയിക്കുന്ന വാദം പരാതിയുടെ പ്രതീക്ഷിക്കുന്ന പരിഹാരം മുതലായവ അടങ്ങിയിരിക്കണം.

(4) അപ്പീൽ കൊടുക്കുവാനിടയാക്കിയ നിർദേശം, ഉത്തരവ്, നയപരമായ തീരുമാനം, ഇതിലേതാണോ അതിന്റെ പകർപ്പ് അപ്പീൽ കൊടുക്കുന്ന ആൾ മുറപ്രകാരം അധികാരപ്പെടുത്തിയ പ്രതിനിധി ഒപ്പിട്ട് ഹാജരാക്കേണ്ടതാണ്.

(5) അപ്പീൽ മെമ്മോറാണ്ഡം നാലു പകർപ്പുകൾ സഹിതം നേരിട്ടോ, തപാലിൽ രജിസ്റ്റർ ചെയ്തോ മടക്ക രസീതി സഹിതം, നിർദേശമോ ഉത്തരവോ, നയപരമായ തീരുമാനമോ പുറപ്പെടുവിച്ചത് മുതൽ മുപ്പത്, ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

എന്നിരുന്നാലും അപ്പീൽ കൊടുക്കുന്നതിൽ വന്ന കാലതാമസത്തിന് ശരിയായതും മതിയായതുമായ കാരണം ഉണ്ട് എന്ന് കേന്ദ്രസർക്കാരിന് ബോധ്യപ്പെട്ടാൽ, നിർദേശമോ ഉത്തരവോ, നയപരമായ തീരുമാനമോ പുറപ്പെടുവിച്ചത് മുതൽ നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കുള്ളിൽ കാരണം രേഖപ്പെടുത്തി അപ്പീൽ ബോധിപ്പിക്കുവാൻ അനുവദിക്കാവുന്നതാണ്.

(6) ഹർജിയിൻമേലുള്ള വാദം കേൾക്കുന്നതിലേക്കുള്ള അറിയിപ്പ് ഫോറം vi-ൽ തപാലിൽ മടക്ക രസീതിയടക്കം രജിസ്റ്റർ ചെയ്ത് അയക്കേണ്ടതാണ്.

(7) അപ്പീൽ ബോധിപ്പിച്ച വ്യക്തിയുടെയും മറ്റ് കക്ഷികളുടെയും വാദം കേട്ടതിന് ശേഷം കേന്ദ്രസർക്കാർ അപ്പീൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(8) അപ്പീൽ തീർപ്പ് കൽപ്പിക്കുമ്പോൾ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവോ, നിർദേശമോ, നയപരമായ തീരുമാനമോ കേന്ദ്രസർക്കാരിന് മാറ്റം വരുത്തുകയോ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

പരാതിയിന്മേൽ തീർപ്പു കൽപിക്കുമ്പോൾ ഈ ചട്ടപ്രകാരം കേന്ദ്രസർക്കാർ പിൻതുടരുന്ന അതേ നടപടികൾ അതോറിറ്റി പിൻതുടരേണ്ടതും ആവും വിധം നീതി നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതുമാണ്.

9) ഒരു തർക്കം വിചാരണ ചെയ്യുമ്പോൾ സ്വഭാവിക നീതിയുടെ തത്വങ്ങൾ അനുസരിക്കേണ്ടതും ഈ ചട്ടമനുസരിച്ച് കേന്ദ്രസർക്കാർ പിൻതുടരേണ്ട നടപടികൾ അനുവർത്തിക്കേണ്ടതുമാണ്.

### 24. വകുപ്പു 61 പ്രകാരം നോട്ടീസ് നൽകുന്ന രീതി

(1) വകുപ്പ് 61 ഖണ്ഡം (b) പ്രകാരം,

*(i)* നോട്ടീസ്, ഫോറം vii-ൽ എഴുതി കൊടുക്കേണ്ടതാണ്.

*(ii)* *a)* ആരോപിക്കപ്പെട്ട കുറ്റം കേന്ദ്രഭരണപ്രദേശത്ത് വച്ചാണ് ചെയ്യപ്പെട്ടതെങ്കിൽ അതോറിറ്റിയുടെ ചെയർപേഴ്സനാണ് അറിയിപ്പ് നൽകേണ്ടത്;

*b)* ഒരു സംസ്ഥാനത്തിലാണ് കുറ്റം ചെയ്യപ്പെട്ടതെങ്കിൽ സംസ്ഥാന ജൈവവൈവിധ്യബോർഡിന്റെ ചെയർപേഴ്സന് അറിയിപ്പ് നൽകേണ്ടതാണ്.

(2) ഉപവകുപ്പു (1) പ്രകാരം ഉള്ള അറിയിപ്പ് തപാലിൽ മടക്ക രസീതിയോടുകൂടി രജിസ്റ്റർ ചെയ്ത് അയക്കേണ്ടതാണ്.

(3) വകുപ്പു 61 ഖണ്ഡം b-പ്രകാരം 30 ദിവസം എന്നത് ഉപവകുപ്പ് (1)-ൽ പറഞ്ഞ പ്രകാരം അതോറിറ്റിക്ക് അറിയിപ്പ് കിട്ടിയ ദിവസം മുതൽ 30 ദിവസം എന്നാണ് അർഥമാക്കുന്നത്.

## ഫോറം I

(ചട്ടം 14 കാണുക)

## ജൈവവിഭവങ്ങളും ബന്ധപ്പെട്ട പാരമ്പര്യ അറിവുകളും പ്രാപ്തമാക്കുന്നതിനുള്ള അപേക്ഷ

### പാർട്ട് എ

1. അപേക്ഷകന്റെ പൂർണ വിവരങ്ങൾ
   (i) പേര് :
   (ii) സ്ഥിര മേൽവിലാസം :
   (iii) ബന്ധപ്പെടേണ്ട വ്യക്തി/ ഏജന്റ്, ഭാരതത്തിൽ ഉണ്ടെങ്കിൽ:
   (iv) സംഘടനയുടെ ലഘുവിവരണം (അപേക്ഷിക്കുന്നത് വ്യക്തിയാണെങ്കിൽ വ്യക്തിയുടെ ലഘുവിവരണം) ആധികാരിക രേഖകൾ സഹിതം:
   (v) ബിസിനസിന്റെ സ്വഭാവം:
   (vi) സംഘടനയുടെ ആദായം അമേരിക്കൻ ഡോളറിൽ:
2. ജൈവവിഭവങ്ങളുടെയോ ബന്ധപ്പെട്ട പാരമ്പര്യ അറിവുകളുടെയോ പ്രാപ്തിയെ സംബന്ധിക്കുന്നതും, ജൈവവിഭവങ്ങളെയും പാരമ്പര്യ അറിവുകളെയും സംബന്ധിച്ച വിശദാംശങ്ങൾ:
   a) ജൈവവിഭങ്ങളുടെ തിരിച്ചറിയലും (ശാസ്ത്രനാമം) അവയുടെ പരമ്പരാഗത ഉപയോഗവും:
   b) ശേഖരിക്കുവാനുദ്ദേശിക്കുന്ന ഭൂപ്രദേശത്തിന്റെ കിടപ്പ് :
   c) പരമ്പരാഗത അറിവിനെ സംബന്ധിച്ച വിവരണം/ സ്വഭാവം:
   d) പരമ്പരാഗത അറിവ് കൈവശമുണ്ടെന്ന് കണ്ടെത്തിയ വ്യക്തിയെ/ സമൂഹത്തെ സംബന്ധിച്ച്;(വാമൊഴി/വരമൊഴി):
   e) ശേഖരിക്കുവാനുദ്ദേശിക്കുന്ന ജൈവവിഭങ്ങളുടെ അളവ്: (പട്ടിക നൽകുക)
   f) ജൈവവിഭവങ്ങൾ ശേഖരിക്കുവാനുദ്ദേശിക്കുന്ന കാലയളവ്:
   g) തെരഞ്ഞെടുക്കുന്നതിന് വേണ്ടി കമ്പനി അധികാരപ്പെടുത്തിയ വ്യക്തി/ വ്യക്തികളുടെ എണ്ണം:
   h) ഗവേഷണത്തിന്റെ തരവും വ്യാപ്തിയും, നിലവിലുള്ള അതിന്റെ വാണിജ്യപരമായ ഉപയോഗവും, ലഭ്യമായേക്കാവുന്ന ഉപയോഗവും ഉൾപ്പെടെയുള്ള അപേക്ഷയുടെ ഉദ്ദേശ്യം:
   i) ഏതെങ്കിലും ജൈവിഭവങ്ങളുടെ ശേഖരണം മൂലം ജൈവവിഭവങ്ങളുടെ ഏതെങ്കിലും ഘടകങ്ങൾക്ക് വംശനാശം സംഭവിക്കുകമോ, ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്നതിലൂടെ പിൽക്കാലത്തുണ്ടായേക്കാവുന്ന വിപത്തുകൾ:
3. ഗവേഷണത്തിലൊ വികസന പ്രവർത്തനങ്ങളിലൊ പങ്കെടുക്കാനിടയുള്ള ഏതെങ്കിലും ദേശീയ സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ:

4. പ്രാപ്തമാക്കിയ ജൈവവിഭങ്ങളുടെ പ്രാഥമിക ലക്ഷ്യസ്ഥാനവും, ഗവേഷണവും വികസന പ്രവർത്തനങ്ങളും നടപ്പാക്കേണ്ട പ്രദേശവും:

5. ജൈവവിഭവങ്ങളും, അറിവുകളും പ്രാപ്തമാക്കുമ്പോൾ അപേക്ഷകനൊ, അവരുടെ രാജ്യത്തിനൊ ലഭിച്ചേക്കാവുന്ന സാമ്പത്തിക നേട്ടങ്ങളും, ബൗദ്ധിക സ്വത്തവകാശവും, കുത്തകാവകാശവും ഉൾപ്പെടെയുള്ള മറ്റ് പ്രയോജനങ്ങളും:

6. ജൈവവിഭവങ്ങളും, അറിവുകളും പ്രാപ്തമാക്കുമ്പോൾ അപേക്ഷകനോ, അവരുടെ രാജ്യത്തിനോ ലഭിച്ചേക്കാവുന്ന അഥവാ പ്രയോജനപ്പെട്ടേക്കാവുന്ന ജൈവ സാങ്കേതികപരമായതോ, ശാസ്ത്രപരമായതോ, സാമൂഹ്യപരമായതോ ആയ പ്രയോജനങ്ങളും, മറ്റ് പ്രയോജനങ്ങളും:

7. ജൈവവിഭവങ്ങളും ബന്ധപ്പെട്ട പാരമ്പര്യ അറിവുകളും ഉപയോഗിക്കപ്പെടുമ്പോൾ ഭാരതത്തിലേക്ക്/ ബന്ധപ്പെട്ട സമൂഹത്തിലേക്ക് വന്നുചേർന്നേക്കാനിടയുള്ള പ്രയോജനങ്ങളുടെ മതിപ്പ്:

8. പ്രയോജനം പങ്കുവെക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഉപാധികളും സംവിധാനങ്ങളും:

9. പ്രസക്തമായ മറ്റ് വിവരങ്ങൾ:

## പാർട്ട് ബി

## ഡിക്ലറേഷൻ

- ഞാൻ/ഞങ്ങൾ ഇതിനാൽ പ്രസ്താവിക്കുന്നു;
- ഉദ്ദേശിച്ചിരിക്കുന്ന ജൈവവിഭവങ്ങളുടെ ശേഖരണം വിഭവങ്ങളുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുകയില്ല;
- ഉദ്ദേശിച്ചിരിക്കുന്ന ജൈവവിഭവങ്ങളുടെ ശേഖരണം ആവാസവ്യവസ്ഥകൾക്ക് നാശം ഉണ്ടാക്കുകയില്ല;
- ഉദ്ദേശിച്ചിരിക്കുന്ന ജൈവവിഭവങ്ങളുടെ ശേഖരണം സമൂഹത്തിനെ പ്രതികൂലമായി ബാധിക്കുകയില്ല;

അപേക്ഷാഫോറത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യവും ശരിയും ആണെന്നും ശരിയല്ലാത്തതോ തെറ്റായതോ ആയ വിവരങ്ങൾക്ക് ഞാൻ/ഞങ്ങൾ ഉത്തരവാദികൾ ആയിരിക്കുമെന്നും വീണ്ടും പ്രസ്താവിക്കുന്നു.

ഒപ്പ്

പേര്

സ്ഥാനപ്പേര്

സ്ഥലം:

തീയതി:

## ഫോറം II

(ചട്ടം 17 കാണുക)

**ഗവേഷണ ഫലങ്ങൾ വാണിജ്യപരമായ ഉദ്ദേശ്യങ്ങൾക്ക് വേണ്ടി വിദേശ പൗരൻമാർക്ക്, കമ്പനികൾക്ക്, വിദേശത്ത് താമസിക്കുന്ന ഭാരത പൗരൻമാർക്ക് കൈമാറ്റം ചെയ്യുന്നതിനു ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അനുമതി തേടുന്നതിലേക്കുള്ള അപേക്ഷ**

1 അപേക്ഷകന്റെ പൂർണ്ണ വിവരങ്ങൾ

(i) പേര്:

(ii) മേൽവിലാസം:

(iii) തൊഴിലിനെ സംബന്ധിച്ച ലഘുവിവരണം:

(iv) സംഘടനയുടെ അഫിലിയേഷൻ (പ്രസക്തരേഖകൾ സഹിതം):

2. ഗവേഷണഫലങ്ങളുടെ വിശദവിവരങ്ങൾ:

3. ഗവേഷണത്തിനുപയോഗിച്ച ജൈവവിഭവങ്ങളെയോ തത്സംബന്ധമായ അറിവുകളെയോ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ:

4. ഗവേഷണത്തിനുപയോഗിച്ച ജൈവവിഭവങ്ങൾ പ്രാപ്തമാക്കിയ ഭൂപ്രദേശത്തിന്റെ കിടപ്പ്:

5. ഗവേഷണത്തിനുപയോഗിച്ച പരമ്പരാഗത അറിവിനെ സംബന്ധിച്ചും പരമ്പരാഗത അറിവിന്റെ കണ്ടെത്തിയ കൈവശപ്രകാശിയായ വ്യക്തി/ സമൂഹത്തിൻെറ വിശദവിവരങ്ങൾ:

6. ഗവേഷണമോ, വികസന പ്രവർത്തനമോ ഏറ്റെടുത്തു നടത്തുന്ന സ്ഥാപനത്തിനെ സംബന്ധിച്ച്:

7. കൈമാറ്റം ചെയ്യുവാനുദ്ദേശിക്കുന്ന വ്യക്തി/ സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ:

8. കൈമാറ്റം ചെയ്യപ്പെട്ട ഗവേഷണഫലങ്ങൾ വാണിജ്യപരമായി ഉപയോഗപ്പെടുത്തുമ്പോൾ വ്യക്തിക്കോ, സ്ഥാപനത്തിനോ ലഭിച്ചേക്കാവുന്ന അഥവാ പ്രയോജനപ്പെട്ടേക്കാവുന്ന ജൈവ സാങ്കേതികപരമായതോ, ശാസ്ത്രപരമായതോ, സാമൂഹ്യപരമായതോ ആയ ഉദ്ദേശിക്കപ്പെട്ട പ്രയോജനങ്ങളുടെയും, മറ്റ് പ്രയോജനങ്ങളുടെയും വിശദവിവരങ്ങൾ:

9. ഗവേഷണഫലങ്ങൾ കൈമാറ്റം ചെയ്യുന്നതിനുവേണ്ടി അപേക്ഷിക്കുന്നവർക്ക് ലഭിച്ചേക്കാവുന്ന അഥവാ പ്രയോജനപ്പെട്ടേക്കാവുന്ന ജൈവസാങ്കേതികപരമായതോ, ശാസ്ത്രപരമായതോ, സാമൂഹ്യപരമായതോ, ആയ ഉദ്ദേശിക്കപ്പെട്ട പ്രയോജനങ്ങളുടെയും, മറ്റ് പ്രയോജനങ്ങളുടെയും വിശദവിവരങ്ങൾ:

10. ഉദ്ദേശിക്കപ്പെട്ട ഗവേഷണഫലങ്ങളുടെ സ്വീകർത്താവും കൈമാറ്റം ചെയ്യുവാൻ വേണ്ടി അനുമതി തേടുന്ന അപേക്ഷകനും തമ്മിലുള്ള കരാർ അഥവ MoU - ന്റെ വിശദ വിവരങ്ങൾ:

## ഡിക്ലറേഷൻ

അപേക്ഷാഫോറത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യവും ശരിയും ആണെന്നും ശരിയല്ലാത്തതോ തെറ്റായതോ ആയ വിവരങ്ങൾക്ക് ഞാൻ/ ഞങ്ങൾ ഉത്തരവാദികൾ ആയിരിക്കുമെന്നും വീണ്ടും പ്രസ്താവിക്കുന്നു.

ഒപ്പ്

പേര്

സ്ഥാനപ്പേര്

സ്ഥലം

തീയതി

## ഫോറം III

(ചട്ടം 18 കാണുക)

**ബൗദ്ധിക സ്വത്തവകാശത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് വേണ്ടി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുൻകൂർ അംഗീകാരം തേടുന്നതിലേക്കുള്ള അപേക്ഷ**

1. അപേക്ഷകന്റെ പൂർണ വിവരങ്ങൾ
   (i) പേര്:
   (ii) മേൽവിലാസം:
   (iii) തൊഴിലിനെ സംബന്ധിച്ച ലഘുവിവരണം:
   (iv) സംഘടനയുടെ അഫിലിയേഷൻ (ആധികാരിക രേഖകൾ സഹിതം):
2. ബൗദ്ധിക സ്വത്തവകാശത്തിന്നായി ഉന്നയിക്കപ്പെടുന്ന കണ്ടുപിടുത്തം സംബന്ധിച്ച വിശദ വിവരങ്ങൾ:
3. കണ്ടുപിടുത്തത്തിനുപയോഗിച്ച ജൈവവിഭവങ്ങളെയോ തത്സംബന്ധമായ അറിവുകളെയോ സംബന്ധിക്കുന്ന വിശദവിവരങ്ങൾ:
4. കണ്ടുപിടുത്തത്തിനുപയോഗിച്ച ജൈവവിഭവങ്ങൾ പ്രാപ്തമാക്കിയ ഭൂപ്രദേശത്തിന്റെ കിടപ്പ് സംബന്ധിച്ച് വിശദവിവരങ്ങൾ:
5. കണ്ടുപിടുത്തത്തിനുപയോഗിച്ച പരമ്പരാഗത അറിവിനെ സംബന്ധിച്ചും പരമ്പരാഗത അറിവിന്റെ കണ്ടെത്തിയ കൈവശാവകാശിയായ വ്യക്തിയുടെ/ സമൂഹത്തിന്റെ വിശദവിവരങ്ങൾ:
6. ഗവേഷണമോ, വികസന പ്രവർത്തനമോ ഏറ്റെടുത്തു നടത്തുന്ന സ്ഥാപനത്തിനെ സംബന്ധിച്ച വിശദവിവരങ്ങൾ:

7. കണ്ടുപിടുത്തം വാണിജ്യപരമായി ഉപയോഗപ്പെടുത്തുമ്പോൾ അപേക്ഷിക്കുന്നവർക്ക് ലഭിച്ചേക്കാവുന്ന അഥവാ പ്രയോജനപ്പെട്ടേക്കാവുന്ന ജൈവ സാങ്കേതികപരമായതോ, ശാസ്ത്രപരമായതോ, സാമൂഹ്യപരമായതോ ആയ ഉദ്ദേശിക്കപ്പെട്ട പ്രയോജനങ്ങളുടെയും, മറ്റ് പ്രയോജനങ്ങളുടെയും വിശദ വിവരങ്ങൾ:

**ഡിക്ലറേഷൻ**

അപേക്ഷാഫോറത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യവും ശരിയും ആണെന്നും ശരിയല്ലാത്തതോ തെറ്റായതോ ആയ വിവരങ്ങൾക്ക് ഞാൻ/ ഞങ്ങൾ ഉത്തരവാദികൾ ആയിരിക്കുമെന്നും വീണ്ടും പ്രസ്താവിക്കുന്നു.

ഒപ്പ്

പേര്

സ്ഥാനപ്പേര്

സ്ഥലം

തീയതി

**ഫോറം IV**

(ചട്ടം 19 കാണുക)

**ജൈവവിഭവങ്ങളും ബന്ധപ്പെട്ട പരമ്പര്യ അറിവുകളും മൂന്നാം കക്ഷിക്ക് കൈമാറുന്നതിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം തേടുന്നതിലേക്കുള്ള അപേക്ഷ**

1. അപേക്ഷകന്റെ പൂർണ വിവരങ്ങൾ
   (i) പേര്:
   (ii) മേൽവിലാസം:
   (iii) തൊഴിലിനെ സംബന്ധിച്ച ലഘുവിവരണം:
   (iv) സംഘടനയുടെ അഫിലിയേഷൻ (ആധികാരിക രേഖകൾ സഹിതം):
2. പ്രാപ്തമാക്കിയ ജൈവവിഭവങ്ങളുടെയും ബന്ധപ്പെട്ട പരമ്പര്യ അറിവുകളുടെയും വിശദവിവരങ്ങൾ:
3. പ്രാപ്തമാക്കുന്നതിലേക്ക് ഏർപ്പെട്ട ഉടമ്പടിയുടെ വിശദവിവരങ്ങൾ (പകർപ്പ് ഉള്ളടക്കം ചെയ്യുക):

4. പ്രയോജനങ്ങളുടെയും പ്രയോജനം പങ്കുവെക്കുന്നതിലേക്ക് മുമ്പ് നടപ്പിലാക്കിയ ഉപാധി/ സംവിധാനം മുതലായവയുടെയും വിശദവിവരങ്ങൾ:

5. പ്രാപ്തമാക്കിയ വസ്തു/അറിവ് കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്ന മൂന്നാം കക്ഷിയുടെ പൂർണവിവരങ്ങൾ:

6. ഉദ്ദേശിക്കപ്പെട്ട മൂന്നാം കക്ഷിക്ക് കൈമാറ്റം ചെയ്യുന്നതിന്റെ ഉദ്ദേശ്യം:

7. ജൈവവിഭവങ്ങളോ തത്സംബന്ധമായ അറിവുകളോ കൈമാറ്റം ചെയ്യപ്പെടുമ്പോൾ മൂന്നാം കക്ഷിക്ക് ലഭിച്ചേക്കാവുന്ന അഥവാ പ്രയോജനപ്പെട്ടേക്കാവുന്ന ജൈവ സാങ്കേതികപരമായതോ, ശാസ്ത്രപരമായതോ, സാമൂഹ്യപരമായതോ, ആയ ഉദ്ദേശിക്കപ്പെട്ട പ്രയോജനങ്ങളുടെയും, മറ്റ് പ്രയോജനങ്ങളുടെയും വിശദവിവരങ്ങൾ:

8. അപേക്ഷകനും മൂന്നാം കക്ഷിയും തമ്മിലേർപ്പെട്ടിട്ടുള്ള കരാറിന്റെ വിശദവിവരങ്ങൾ:

9. ജൈവവിഭവങ്ങളും തത്സംബന്ധമായ അറിവുകളും കൈമാറുമ്പോൾ ഭാരതത്തിലേക്ക്/ ബന്ധപ്പെട്ട സമൂഹത്തിലേക്ക് വന്നുചേർന്നേക്കാനിടയുള്ള പ്രയോജനങ്ങളുടെ മതിപ്പ്:

10. പ്രയോജനങ്ങളുടെയും പ്രയോജനം പങ്കുവെക്കുന്നതിലേക്ക് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ഉപാധി/ സംവിധാനം മുതലായവയുടെയും വിശദാംശങ്ങൾ:

11. പ്രസക്തമായ മറ്റ് വിവരങ്ങൾ:

## ഡിക്ലറേഷൻ

അപേക്ഷാ ഫോറത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യവും ശരിയും ആണെന്നും ശരിയല്ലാത്തതോ തെറ്റായതോ ആയ വിവരങ്ങൾക്ക് ഞാൻ/ ഞങ്ങൾ ഉത്തരവാദികൾ ആയിരിക്കുമെന്നും വീണ്ടും പ്രസ്താവിക്കുന്നു

ഒപ്പ്

പേര്

സ്ഥാനപ്പേര്

സ്ഥലം

തീയതി

## ഫോറം V

**അപ്പീൽ മെമ്മോറാണ്ഡത്തിനായുള്ള അപേക്ഷ**

(ചട്ടം 23 (1) കാണുക)

**............................................ പരിസ്ഥിതി/വനം മന്ത്രാലയം മുമ്പാകെ**

**അഥവാ**

**ദേശീയ ജൈവവൈവിധ്യ അതോറിറ്റി**
**(**സന്ദർഭം അനുസരിച്ച്)

(ജൈവവൈവിധ്യ ആക്ട് 2002–ന്റെ 50–ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ മെമ്മോറാണ്ഡം)

**അപ്പീൽ നമ്പ്ര് ............................ 200**

............................

............................ ............................ അപ്പീൽ ഹർജിക്കാരൻ (ക്കാർ)

എതിരെ

............................

............................ ............................എതിർകക്ഷി (കൾ)

( അതോറിറ്റിയുടെ / ബോർഡിന്റെ സ്ഥാനപ്പേര്)

........................... തീയതി എതിർ കക്ഷി പുറപ്പെടുവിച്ച ഉത്തരവിനെതിരെ അപ്പീൽ ഹർജിക്കാരൻ താഴെപ്പറയുന്ന വസ്തുതകളും കാരണങ്ങളും വണക്കത്തോടെ ബോധിപ്പിക്കുന്നു.

1. വസ്തുതകൾ
(ഇവിടെ ചുരുക്കിയെഴുതുക)

2. കാരണങ്ങൾ
(അപ്പീലിനാധാരമായ കാരണങ്ങൾ)

i

ii.

iii

3. ആവശ്യപ്പെടുന്ന പരിഹാരം

i

ii.

iii

4. അപേക്ഷ

a) മുകളിൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ അപ്പീൽ ഹർജിക്കാരൻ, എതിർകക്ഷിയുടെ ഉത്തരവ്/ തീർപ്പ് റദ്ദാക്കുകയോ, നീക്കം ചെയ്യുകയോ ചെയ്യണമെന്ന് വണക്കത്തോടെ അപേക്ഷിക്കുന്നു.

b) എതിർകക്ഷി ഉണ്ടാക്കിയ നയം/മാർഗനിർദേശം/ചട്ടം ........................... പരിധി വരെ റദ്ദാക്കുകയോ/ഭേദഗതി വരുത്തുകയോ/ അസ്ഥിരപ്പെടുത്തുകയോ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

.............................................................................................

c) .............................................................................................

അപ്പീൽ ഹർജിക്കാരൻെറ ഒപ്പ് സീൽ സഹിതം

മേൽവിലാസം

സ്ഥലം

തീയതി

## വെരിഫിക്കേഷൻ

1. എന്റെ അറിവിലും വിശ്വാസത്തിലും, അപ്പീൽ ഹർജിക്കാരനായ ഞാൻ, മുകളിൽപ്പറഞ്ഞതെല്ലാം സത്യമാണെന്ന് ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

........................... തീയതി പരിശോധിച്ചിരിക്കുന്നു.

അപ്പീൽ ഹർജിക്കാരൻെറ ഒപ്പ് സീൽ സഹിതം

മേൽവിലാസം

അപ്പീൽ ഹർജിക്കാരൻെ പ്രതിനിധിയുടെ ഒപ്പ്

**ഉള്ളടക്കം**; അപ്പീലിനാധാരമായ ഉത്തരവ്/ നിർദേശം/നയപരമായ തീരുമാനങ്ങൾ മുതലായവയുടെ ആധികാരിക പകർപ്പ്

## ഫോറം VI

(ചട്ടം 28 കാണുക)

**പരിസ്ഥിതി/വനം മന്ത്രാലയം മുമ്പാകെ**

അഥവാ

**ദേശീയ ജൈവവൈവിധ്യ അതോറിറ്റി**

(സന്ദർഭം അനുസരിച്ച്)

(ജൈവവൈവിധ്യ ആക്ട് 2002-ന്റെ 50-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ മെമ്മോറാണ്ഡ)

അപ്പീൽ നമ്പ്ര്.................. 200

.......................................................

.......................................................    അപ്പീൽഹർജിക്കാരൻ(ക്കാർ)

എതിർ കക്ഷി(കൾ)

.......................................................

.......................................................

## നോട്ടീസ്

എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവ് / നിർദേശം/ നയപരമായ തീരുമാനത്തിനെതിരെ അപ്പീൽഹർജിക്കാരൻ ഫയൽ ചെയ്ത മേൽപ്പറഞ്ഞ അപ്പീലിൻമേൽ (വിശദാംശങ്ങൾ കൊടുക്കുക) ------- തീയതി------വെച്ച് വിചാരണ നടക്കുമെന്ന് ഇതിനാൽ ദയവായി അറിയിച്ചുകൊള്ളുന്നു.

അപ്പീൽ മെമ്മോറാണ്ഡത്തിന്റെ ശരിപകർപ്പും അപ്പീലിന്റെ കൂടെയുള്ള മറ്റ് അനുബന്ധങ്ങളും താങ്കളുടെ അറിവിലേക്കായി അയയ്ക്കുന്നു.

പറഞ്ഞിരിക്കുന്നതോ, അല്ലെങ്കിൽ തുടർന്ന് വന്നേക്കാവുന്ന തീയതിയിലോ ഹാജരാകുന്നതിൽ വീഴ്ച വരുത്തിയാൽ അപ്പീൽ എക്സ് പാർട്ടിയായി അന്തിമമായി തീർപ്പ് കല്പിക്കുമെന്ന് ദയവായി അറിയിക്കുന്നു.

അപ്പല്ലേറ്റ് അതോറിറ്റിക്ക് വേണ്ടി (ഒപ്പ്)

തീയതി

സ്ഥലം

## ഫോറം VII

### നോട്ടീസിൻെറ ഫോറം

(24 (1) കാണുക)

രജിസ്റ്റേർഡ് തപാൽ/കൈപ്പറ്റ്

From

----------------------------------------

----------------------------------------

----------------------------------------

----------------------------------------

To

----------------------------------------

----------------------------------------

----------------------------------------

----------------------------------------

**ജൈവവൈവിധ്യ ആക്ട് 2002 ൻെറ 61 (b) പ്രകാരമുള്ള അറിയിപ്പ്**

1. ജൈവവൈവിധ്യ ആക്ട് 2002 അനുസരിച്ച് -------------------------------- നാൽ ചെയ്യപ്പെട്ടതോ / ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതോ ആയ കുറ്റം
2. ഞാൻ/ഞങ്ങൾ ജൈവവൈവിധ്യ ആക്ട് 2002 ൻെറ 61 (b) പ്രകാരം 30 ദിവസകാലയളവിൽ കോടതി മുമ്പാകെ ജൈവവൈവിധ്യ ആക്ട് 2002 ൻെറ വകുപ്പുകളുടെ ലംഘനംത്തിനെതിരെ ഇതിനാൽ നോട്ടീസ് നൽകുന്നു.
3. എന്റെ/ ഞങ്ങളുടെ നോട്ടീസിന്റെ തെളിവിലേക്കായി താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു.

തീയതി:

സ്ഥലം:

ഒപ്പ്

## വിശദീകരണം

1) ഒരു കമ്പനിയുടെ പേരിൽ ഒരു നോട്ടീസ് നൽകണമെങ്കിൽ കമ്പനിയുടെ അധികാരപ്പെട്ട വ്യക്തിയാണെന്ന് തെളിയിക്കുന്ന രേഖകളും നോട്ടീസിനൊപ്പം വെക്കേണ്ടതാണ്.

2) കുറ്റം ആരോപിക്കപ്പെട്ടവരുടെ മേൽവിലാസം, ജൈവവ വിഭവം/ അറിവ്/ഗവേഷണം/ ജൈവ വ്യാപ്തി നിർണയം/ ബൗദ്ധിക സ്വത്തവകാശം/ കുത്തകാവകാശം ഇവ ജൈവവൈവിധ്യ അതോറിറ്റിയുടെ അനുമതി ഇല്ലാതെ ഉപയോഗിച്ചതിൻമേലാണ് കേസ് എങ്കിൽ അത് സംബന്ധിച്ചും, ഏതെങ്കിലും തരത്തിൽ വാണിജ്യപരമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ചും രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

3) ആരോപിക്കപ്പെട്ട ലംഘനമോ കുറ്റമോ സംബന്ധിച്ച ഫോട്ടോഗ്രാഫുകളും സാങ്കേതിക റിപ്പോർട്ടുകളും തെളിവിനുള്ള രേഖകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

[നമ്പ്ര്.ജെ 22018/ 57/ 2002 –സി.എസ്.സി (ബി. സി)]

ദേശ് ദീപക് വർമ, ജോ. സെക്രട്ടറി

## പരിസ്ഥിതി മന്ത്രാലയം/വനം, ന്യൂഡെൽഹി പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ

എസ്. 1146 (ഇ)- വകുപ്പുകൾ 1, 2 ഉം വകുപ്പുകൾ, 8-17 (രണ്ടും ഉൾപ്പെടെ), വകുപ്പുകൾ 48, 54, 59, 62, 63, 64 - ഉം 65 - ഉം ഒക്ടോബർ 1, 2003 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**[എഫ്. നമ്പ്ര് ജെ-22018/46/2003 സി.എസ്.സി(ബി. സി)]**
**ദേശ് ദീപക് വർമ, ജോ. സെക്രട്ടറി**

ജി. എസ്. ആർ 779 (ഇ)- ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചെയർപേഴ്സൻെറയും മറ്റ് മെമ്പർമാരുടേയും ശമ്പളവും, അലവൻസുകളും, വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങൾ 2003, ഒക്ടോബർ 1, 2003 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**[എഫ്.നമ്പ്ര് ജെ-22018/46/2003 സി.എസ്.സി(ബി. സി)]**
**ദേശ് ദീപക് വർമ, ജോ. സെക്രട്ടറി**

എസ്. ഒ. 1147 (ഇ) - ദേശീയ ജൈവവൈവിധ്യ അതോറിറ്റി ഒക്ടോബർ 1, 2003 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**[എഫ്.നമ്പ്ര് ജെ-22018/46/2003 സി.എസ്.സി (ബി. സി)]**
**ദേശ് ദീപക് വർമ, ജോ. സെക്രട്ടറി**

എസ്. ഒ. 497 (ഇ)- ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അനൗദ്യോഗിക മെമ്പർമാരെ സംബന്ധിച്ച ചട്ടങ്ങൾ 2003, ഏപ്രിൽ 15, 2004 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**[എഫ്.നമ്പ്ര് ജെ-22018/46/2003 സി.എസ്.സി (ബി. സി)]**
**ദേശ് ദീപക് വർമ, ജോ. സെക്രട്ടറി**

ജി. എസ് . ആർ 261 (ഇ).- ജൈവവൈവിധ്യ ആക്ട് 2002-ന്റെ 62-ാം വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റി (ചെയർപേഴ്സന്റെയും മറ്റ് മെമ്പർമാരുടെയും ശമ്പളം, അലവൻസ്, സേവന വ്യവസ്ഥകൾ) ചട്ടങ്ങൾ 2003 ദുർബലപ്പെടുത്തിക്കൊണ്ടും, അങ്ങനെ ദുർബലപ്പെടുത്തുന്നതിന് മുൻപ് ചെയ്യുകയോ, ചെയ്യാതിരിക്കുകയോ ചെയ്ത വല്ലതുമൊഴികെ, കേന്ദ്രസർക്കാർ ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു;

**[എഫ്.നമ്പ്ര് ജെ-22018/57/2003 സി.എസ്.സി (ബി. സി)]**
**ദേശ് ദീപക് വർമ, ജോ. സെക്രട്ടറി**

എസ്. ഒ. 753 (ഇ)- വകുപ്പുകൾ 3-7 (രണ്ടും ഉൾപ്പെടെ), വകുപ്പുകൾ 18-47 (രണ്ടും ഉൾപ്പെടെ) വകുപ്പുകൾ 49-53 (രണ്ടും ഉൾപ്പെടെ), വകുപ്പുകൾ 55-58 (രണ്ടും ഉൾപ്പെടെ), വകുപ്പുകൾ 60-ഉം 61-ഉം ഒക്ടോബർ 1, 2003 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

**[എഫ്.നമ്പ്ര് ജെ-22018/46/2003 സി.എസ്.സി(ബി. സി)]**
**ദേശ് ദീപക് വർമ, ജോ. സെക്രട്ടറി**

## വനം/പരിസ്ഥിതി/ജൈവവൈവിധ്യ സംബന്ധമായ നിലവിലുള്ള നിയമങ്ങൾ

1. Water (Prevention and Control of Pollution) Act, 1974
2. Air (Prevention and Control of Pollution) Act, 1981
3. Wild (Protection amendment) Act, 1982
4. Forest (Conservation) Act, 1980
5. Antiquities and Art Treasuries Act, 1972
6. Environmental Protection Act, 1986
7. Cattle Trespass Act, 1871
8. Fisheries Act, 1897
9. Livestock Importation Act, 1897
10. Destructive Insects and Pests Act, 1914
11. Sugarcane Act, 1924
12. Agricultural Produce (Grading and Marketing) Act, 1937
13. Agricultural Produce Cess Act, 1940
1"4. Drugs and Cosmetics Act, 1940
15. Coffee Act, 1942
16. Import and Export (Control) Act, 1947
17. Rubber Act, 1947
18. Drugs Control Act, 1950
19. Tea Act, 1953
20. Medicinal and Toilet Preparation (Excise Duties) Act, 1955
21. Customs Act, 1962
22. Marine Insurance Act, 1963
23. Cardamom Act, 1965
24. Seeds Act, 1966
25. Patents Act, 1970
26. Marine Products Export Development Authority Act, 1972
27. Conservation of Foreign Exchange and Prevention of Smuggling activities Act, 1974
28. Tobacco Board Act ,1975
29. Territorial Waters, Continent Shelf, Exclusive Economic Zone and other Maritime Zones Act, 1976
30. Coconut Development Board Act, 1979
31. NABARD Act, 1981
32. Maritime Zones of India (Regulation of Fishing by Foreign Vessels) Act, 1981
33. National Oilseeds and Vegetable Oil Development Board Act, 1983
34. Prevention of Damage to Public Property Act, 1984
35. Inland Waterways Authority of India Act, 1985
36. Spices Board Act, 1986
37. Agricultural and Processed Food Products Export Development Authority Act, 1986
38. Spices Cess Act, 1986
39. Consumer Protection Act, 1986
40. National Dairy Development Board Act, 1987

*Source:* A .S. Saroja 2005. "*Biodiversity related laws in India: an overview* " in State Biodiversity Strategy and Action Plan for Kerala, by Kerala Forest Research Institution, An institution of Kerala State Council for Science, Technology and Environment, Peechi 680 653, Kerala, India.

# വിഷയസൂചി

## ജൈവവൈവിധ്യ ആക്ട് 2002


1. ചുരുക്കപ്പേര്, വ്യാപ്തി, ആരംഭം .......... 01
2. നിർവചനങ്ങൾ .......... 01
   - a) 'പ്രയോജനാവകാശികൾ' (Benefit claimers) .......... 01
   - b) 'ജൈവവൈവിധ്യം' (Biological diversity) .......... 02
   - c) 'ജൈവവിഭവങ്ങൾ' (Biological resources) .......... 02
   - d) 'ജൈവ വ്യാപ്തി നിർണയവും, ജൈവ ഉപയോഗവും' (Bio survey & Bio utilization) .......... 02
   - e) 'ചെയർപേഴ്സൻ' (Chairperson) .......... 02
   - f) 'വാണിജ്യപരമായ ഉപയോഗം' (Commercial utilisation) .......... 02
   - g) 'നീതിപൂർവമായ പ്രയോജനം പങ്കുവെക്കൽ' (Fair and equitable benefit sharing) .......... 03
   - h) 'തദ്ദേശ സ്ഥാപനങ്ങൾ' (Local bodies) .......... 03
   - i) 'മെമ്പർ' (Member) .......... 03
   - j) 'ദേശീയ ജൈവവൈവിധ്യ അതോറിറ്റി' (National Biodiversity Authority) .......... 03
   - k) 'നിർദിഷ്ടം' (Prescribed) .......... 03
   - l) 'വ്യവസ്ഥകൾ' (Regulations) .......... 03
   - m) 'ഗവേഷണം' (Research) .......... 03
   - n) 'സംസ്ഥാന ജൈവവൈവിധ്യ ബോർഡ്' (State Biodiversity Board) .......... 04
   - o) 'സുസ്ഥിരമായ ഉപയോഗം' (Sustainable use) .......... 04
   - p) 'മൂല്യവർധിത വസ്തുക്കൾ' (Value added products) .......... 04
3. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അനുമതി .......... 05
4. ഗവേഷണഫലങ്ങൾക്ക് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം .......... 06
5. 3, 4 വകുപ്പുകളിലെ വ്യവസ്ഥകളും ചില സഹകരണ പ്രോജക്ടുകളും .......... 06
6. ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച നടപടി ക്രമങ്ങൾ .......... 07
7. ജൈവവിഭവങ്ങൾ സ്വായത്തമാക്കുന്നതിലേക്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് മുൻകൂട്ടി അറിയിപ്പ് കൊടുക്കേണ്ടവർ .......... 08
8. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ സംസ്ഥാപനം .......... 09

9. ചെയർപേഴ്സന്റെയും മെമ്പർമാരുടെയും സേവന വ്യവസ്ഥകൾ ........ 11

10. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മുഖ്യ നിർവാഹകൻ ........ 11

11. മെമ്പർമാരെ നീക്കം ചെയ്യൽ ........ 11

12. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ യോഗങ്ങൾ ........ 11

13 ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ കമ്മിറ്റികൾ ........ 12

14. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഓഫീസർമാരും ജീവനക്കാരും ........ 13

15. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ തീരുമാനങ്ങളുടെയും ഉത്തരവു കളുടെയും അധികാരപ്പെടുത്തൽ ........ 13

16. അധികാരം ഏൽപ്പിച്ചുകൊടുക്കൽ ........ 13

17. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചിലവുകൾ ........ 13

18. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും ........ 14

19. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ അംഗീകാരം തേടേണ്ട പ്രവർത്തനങ്ങൾ ..... 16

20. ജൈവവിഭവം അഥവാ അറിവ് കൈമാറൽ ........ 17

21. ദേശീയ ജൈവവൈവിധ്യ അതോറിറ്റി നീതിപൂർവമായ പ്രയോജനം പങ്കുവെക്കൽ തീരുമാനിക്കുന്നത് ........ 18

22. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സംസ്ഥാപനം ........ 20

23. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചുമതലകൾ ........ 21

24. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അധികാരങ്ങൾ ........ 22

25. 9–17 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബാധകമാകുന്നത് ........ 22

26. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റുകളും ലോണുകളും ........ 23

27. ദേശീയ ജൈവവൈവിധ്യ ഫണ്ട് രൂപീകരണം ........ 23

28. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട് ........ 24

29. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ബഡ്ജറ്റ്, അക്കൗണ്ടുകൾ, ഓഡിറ്റ് ........ 24

30. വാർഷിക റിപ്പോർട്ട് പാർലമെന്റിൽ വെക്കുന്നതിനെ സംബന്ധിച്ച് ........ 25

31. സംസ്ഥാന ജൈവ വൈവിധ്യബോർഡിലേക്ക് സംസ്ഥാന സർക്കാരിന്റെ ഗ്രാന്റുകൾ...... 26

32. സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് ........ 26

33. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട് ........ 27

34. സംസ്ഥാനജൈവവൈവിധ്യ ബോർഡിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റ് ........ 28

35. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട് ............................................ 28

36. ജൈവവൈവിധ്യത്തിന്റെ സംരക്ഷണ സംബന്ധമായ നയരൂപീകരണം .............................. 29

insitu & exsitu ........................................................................................................ 29

37. ജൈവവൈവിധ്യ പൈതൃക സ്ഥാനങ്ങൾ (Heritage Sites) .................................. 31, 15, 26

38 വംശനാശ ഭീഷണി നേരിടുന്ന ജനുസ്സുകളെ സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്ന തിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം ...................................................................... 31

39. സൂക്ഷിപ്പുകേന്ദ്രങ്ങൾ (Repositories) തെരഞ്ഞെടുക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം ............................................................................................................ 31

40. ചില ജൈവ വിഭവങ്ങളെ ഒഴിവാക്കാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം ...................... 32

41. ജൈവവൈവിധ്യ നടത്തിപ്പ് കമ്മിറ്റി രൂപീകരണം ........................................................ 33

കൃഷിയിനം (Cultivar) ............................................................................................ 33

നാടൻ ഇനം (Folk variety) ...................................................................................... 34

പ്രാചീന ഇനം (Land race) ...................................................................................... 34

42. തദ്ദേശ ജൈവ വൈവിധ്യ ഫണ്ടിലേക്കുള്ള ഗ്രാന്റുകൾ .............................................. 35

43. തദ്ദേശ ജൈവവൈവിധ്യ ഫണ്ട് രൂപീകരണം ............................................................ 35

44. തദ്ദേശ ജൈവവൈവിധ്യ ഫണ്ടിന്റെ വിനിയോഗം ....................................................... 36

45. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ വാർഷിക റിപ്പോർട്ട് ...................................... 36

46. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ് ............................. 36

47. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റിയുടെ വാർഷിക റിപ്പോർട്ടും മറ്റും ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കണം. .......................................................................................... 36

48. ജൈവവൈവിധ്യ അതോറിറ്റി കേന്ദ്രസർക്കാരിന്റെ നിർദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥമായിരിക്കും. ......................................................................................... 37

49. നിർദേശങ്ങൾ കൊടുക്കുവാനുള്ള സംസ്ഥാനസർക്കാരിന്റെ അധികാരം ............................ 37

50. സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ തമ്മിലുള്ള തർക്കങ്ങൾ ................................ 37

51. ജൈവവൈവിധ്യ അതോറിറ്റിയുടെയും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും ഉദ്യോഗസ്ഥരും, മെംബർമാരും സർക്കാരുദ്യോഗസ്ഥരായി കണക്കാക്കപ്പെടേണ്ടതാണ് ........ 39

52. അപ്പീൽ നൽകുന്നത് സംബന്ധിച്ച് ......................................................................... 39

53. തീർപ്പോ ഉത്തരവോ നടപ്പാക്കൽ ........................................................................... 39

54. ഉത്തമവിശ്വാസത്തിൽ ചെയ്ത കൃത്യത്തിന്റെ സംരക്ഷണം ............................................ 40

55. പിഴ ഈടാക്കൽ സംബന്ധിച്ച് ........ 40
56. കേന്ദ്ര, സംസ്ഥാന സർക്കാർ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യബോർഡ്, ആയവയുടെ നിർദേശങ്ങളോ ഉത്തരവുകളോ ലംഘിക്കപ്പെട്ടാലുള്ള പിഴ ........ 40
57. കമ്പനികളുടെ കുറ്റം ........ 40
58. കുറ്റത്തിന്റെ സ്വഭാവം ........ 41
59. മറ്റ് ആക്ടിലെ വ്യവസ്ഥകളും ഈ ആക്ടിലെ വ്യവസ്ഥകളും ........ 41
60. സംസ്ഥാനസർക്കാരുകൾക്ക് നിർദേശങ്ങൾ നൽകാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം ........ 41
61. കേസ് എടുക്കുന്നത് സംബന്ധിച്ച് ........ 41
62. കേന്ദ്രസർക്കാരിന്റെ ചട്ടങ്ങൾ നിർമിക്കാനുള്ള അധികാരം ........ 41
63. സംസ്ഥാനസർക്കാരിന് ചട്ടങ്ങൾ നിർമിക്കാനുള്ള അധികാരം ........ 43
64. വ്യവസ്ഥകൾ ഉണ്ടാക്കുവാനുള്ള അധികാരം ........ 44
65. പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള അധികാരം ........ 44

**ജൈവവൈവിധ്യ ചട്ടങ്ങൾ 2004**

1. ചുരുക്കപ്പേര്, പ്രാബല്യം ........ 47
2. നിർവചനങ്ങൾ ........ 47
3. ചെയർപേഴ്സനെ തെരഞ്ഞെടുക്കുന്നതിന്റെയും നിയമിക്കുന്നതിന്റെയും രീതി ........ 48
4. ചെയർപേഴ്സന്റെ ഉദ്യോഗ കാലാവധി ........ 48
5. ചെയർപേഴ്സന്റെ ശമ്പളവും, അലവൻസുകളും ........ 48
6. അതോറിറ്റിയുടെ അനൗദ്യോഗിക മെമ്പർമാരുടെ ഉദ്യോഗ കാലാവധിയും അലവൻസുകളും ........ 48
7. അനൗദ്യോഗിക അംഗങ്ങളുടെ ഒഴിവ് നികത്തൽ ........ 49
8. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മെമ്പർമാരെ നീക്കം ചെയ്യൽ ........ 49
9. അതോറിറ്റിയുടെ സെക്രട്ടറി ........ 49
10. അതോറിറ്റിയുടെ യോഗങ്ങൾ ........ 49
11. വിദഗ്ധസമിതിയെ നിയമിക്കലും അർഹതപ്പെട്ട ഫീസും അലവൻസുകളും ........ 50
12. അതോറിറ്റിയുടെ സാധാരണ പ്രവർത്തനങ്ങൾ ........ 50
12 (1) ജൈവവൈവിധ്യ രജിസ്റ്റർ ........ 52, 59, 60

13. ചെയർപേഴ്സന്റെ അധികാരങ്ങളും ചുമതലകളും ..... 52

14. ജൈവവിഭവങ്ങളും ജൈവവൈവിധ്യ സംബന്ധമായ അറിവുകളും പ്രാപ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ..... 53

15. പ്രാപ്തമാക്കിയത് അഥവാ അനുവദിച്ചത് പിൻവലിക്കൽ ..... 55

16. ജൈവവിഭവങ്ങൾ പ്രാപ്തമാക്കുന്നതിനോടനുബന്ധിച്ച് എടുക്കേണ്ട നടപടികളുടെമേലുള്ള നിയന്ത്രണം. ..... 55

17. ഗവേഷണ ഫലങ്ങൾ കൈമാറ്റം ചെയ്യുന്നതിനു വേണ്ടിയുള്ള അനുമതി തേടുന്നതിലേക്കുള്ള നടപടി ക്രമങ്ങൾ ..... 56

18. ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിന് വേണ്ടി അപേക്ഷിക്കുന്നതിലേക്ക് മുൻകൂർ അനുമതിതേടുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ..... 56

19. 20-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം മൂന്നാം കക്ഷിക്ക് ജൈവവിഭവങ്ങൾ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ..... 57

20. നീതീപൂർവമായ പ്രയോജനം പങ്കുവെക്കലിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ ..... 58

21. ജൈവവൈവിധ്യഫണ്ടിന്റെ ഉപയോഗം ..... 59

22. ജൈവവൈവിധ്യ നടത്തിപ്പു കമ്മിറ്റികളുടെ രൂപീകരണം ..... 59

23. 50-ാം വകുപ്പ് പ്രകാരം തർക്ക തീരുമാനങ്ങളിൻ മേൽ അപ്പീൽ കൊടുക്കുന്നത് സംബന്ധിച്ച് ..... 60

24. വകുപ്പു 61 പ്രകാരം നോട്ടീസ് നൽകുന്ന രീതി ..... 61